കെയ്റോസ്

2013 AUGUST | Vol.12 | Issue 8 | ₹15

# എവിടെയോ എന്തോ കുഴപ്പമുണ്ട്





## മാതാവിന്റെ സ്വർഗാരോപണം   ഓഗസ്റ്റ് 15

...ജീവനില്ലാത്ത മേരിയുടെ ശരീരം ദൈവദൂതന്മാരാൽ വഹിക്കപ്പെട്ട് മുകളിലേക്ക്, മുകളിലേക്ക് ഉയരുന്നു. ദൈവദൂതന്മാർ ഹോസാന വിളികളോടെ ചുററിലും ഉണ്ട്. മനുഷ്യർക്ക് വിവരിക്കാനോ ഏതെങ്കിലും തരത്തിൽ പ്രകടിപ്പിക്കാനോ കഴിയാത്ത സൗന്ദര്യമാണ് അവൾക്കുള്ളത്. അവർണനീയമായ സൗന്ദര്യമുള്ള ഈശോ വേഗത്തിൽ സ്വർഗത്തിൽനിന്ന് ഇറങ്ങുന്നു; അമ്മയുടെ പക്കലെത്തി, അവളെ ഹൃദയത്തോട് ചേർത്തുപിടിക്കുന്നു. അവർ രണ്ടു പേരും കൂടെ രണ്ടു ഗ്രഹങ്ങളേക്കാൾ പ്രകാശമുള്ള അവർ ഈശോ ഇറങ്ങിവന്ന സ്ഥലത്തേക്ക് തിരിച്ചുപോകുന്നു...

...പാപക്കറ ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത അവളുടെ വിമലഹൃദയത്തിനായി ഞാൻ സ്വർഗത്തിന്റെ നിക്ഷേപങ്ങൾ തുറന്നുകൊടുക്കുന്നു; അഹങ്കാരം എന്തെന്ന് ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത അവളുടെ ശിരസ്സിന്, എന്റെ പ്രഭാപൂരം കൊണ്ട് ഒരു കിരീടം ഞാൻ അണിയിക്കുന്നു. കാരണം അവൾ എനിക്ക് വളരെ പരിശുദ്ധയാണ്. അതിനാൽ അവൾ നിങ്ങൾക്ക് രാജ്ഞിയായിരിക്കട്ടെ *(ദൈവമനുഷ്യന്റെ സ്നേഹഗീത Vol. XVI, മരിയ വാൾതോർത്ത).*

Painting: “Assumption of the Virgin”-1580 by artist Guido Reni.

Prepared by: Anisha V.J.



# ശരിയാകേണ്ട മാധ്യമങ്ങൾ

800-ലധികം ടി.വി. ചാനലുകൾ, 85000 പത്ര മാസികകൾ, ഇന്റർനെറ്റ് ഉപയോഗിക്കുന്ന 16 കോടിയാളുകൾ, ഏതാണ്ട് ജനസംഖ്യയുടെ അത്രതന്നെ മൊബൈൽ ഫോൺ കണക്ഷനുകൾ, ഓരോ വർഷവും പുറത്തിറങ്ങുന്ന ആയിരക്കണക്കിന് സിനിമകൾ, നൂറുകണക്കിന് എഫ്. എം. റേഡിയോ സ്റ്റേഷനുകളും, ഇന്റർനെറ്റ് റേഡിയോയും, ഓരോ ദിവസവും അച്ചടിക്കപ്പെടുന്ന പത്രങ്ങളുടെ കോടിക്കണക്കിന് കോപ്പികൾ... ഭാരതത്തിലെ മാധ്യമങ്ങളുമായി ബന്ധപ്പെട്ട ചില കണക്കുകളാണിത്. മാധ്യമ വിസ്ഫോടനത്തിന്റെ ഒരു കാലഘട്ടത്തിലാണ് ഇക്കാലത്ത് കുട്ടികൾ വളർന്നുവരുന്നത്; യുവജനങ്ങൾ ജീവിക്കുന്നത് എന്നത് തീർച്ചയായും ശ്രദ്ധയിൽ സൂക്ഷിക്കേണ്ട ഒരു യാഥാർഥ്യം തന്നെ.

ഈ മാധ്യമങ്ങളെല്ലാം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് പൊതുജന നന്മ ലക്ഷ്യമാക്കി മാത്രമാണ് എന്നാരെങ്കിലും കരുതിയാലത് മണ്ടത്തരമാകും. ഇവ തമ്മിലുള്ള പൊരിഞ്ഞ മത്സരം കോപ്പികളും, വായനക്കാരെയും, ശ്രോതാക്കളെയും, പ്രേക്ഷകരെയും വർധിപ്പിക്കുക എന്ന ലക്ഷ്യം വച്ചുള്ളതാണ്. ഇവയൊക്കെ കൂടുതലുണ്ടായാൽ കൂടുതൽ പരസ്യവും, വരുമാനവും ലാഭവും ഉണ്ടാക്കാം കച്ചവട, ലാഭ, വാണിജ്യ ലക്ഷ്യങ്ങളാണ് മിക്കവാറും എല്ലാത്തിന്റെയും പിന്നിലുള്ളതെന്ന് ഓർമിച്ചില്ലെങ്കിൽ നാം വഞ്ചിക്കപ്പെടും.

പണം കൊടുത്ത് വാർത്തകൾ വരുത്തുക എന്നത് ധാർമികമായി ശരിയായ കാര്യമല്ലെങ്കിലും ഏതാണ്ട് സർവസാധാരണമായിക്കഴിഞ്ഞു. എംബഡഡ് ജേർണലിസം എന്നത് വർഷങ്ങൾക്ക് മുൻപു നടന്ന അമേരിക്കയുടെ ഇറാഖ് ആക്രമണകാലം മുതൽ പ്രസിദ്ധമായ ഒരു വാക്കാണ്. അമേരിക്കയുടെ യുദ്ധ വിമാനത്തിൽ യാത്ര ചെയ്ത്, അമേരിക്കയ്ക്കുവേണ്ടി, സ്വതന്ത്രരെന്ന നാട്യത്തിൽ, ലോകമറിയണമെന്ന് അമേരിക്ക ആഗ്രഹിച്ച കാര്യങ്ങൾ മാത്രം അറിയിച്ചതുപോലുള്ള പത്രപ്രവർത്തന/ടെലിവിഷൻ മാധ്യമ ശൈലിയാണ് എംബഡഡ് ജേർണലിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ പത്ര/ടെലിവിഷൻ മാധ്യമ രംഗം ധാർമിക നിലവാരത്തകർച്ചയുടെ അടിത്തട്ടിലെത്തി നിൽക്കുകയാണ്. റേറ്റിങ് കൂട്ടാനും പരസ്യങ്ങളും പ്രചാരവും വർധിപ്പിക്കാനുമുള്ള നെട്ടോട്ടത്തിനിടയിൽ എല്ലാ മൂല്യങ്ങളും കാറ്റിൽ പറത്തപ്പെടുന്നു. മിക്കവാറും എല്ലാ മാധ്യമസ്ഥാപനങ്ങൾക്കും, തങ്ങളുടേതായ വാണ്യജ്യപരമോ, രാഷ്ട്രീയമോ ആയ താത്പര്യങ്ങളുണ്ട് എന്ന തിരിച്ചറിവ് വായനക്കാർക്കും പ്രേക്ഷകർക്കും ഉണ്ടായാൽ നാമറിയാതെ അവയുടെ സ്വാധീനത്തിൽ പെടുന്നതിൽനിന്ന് ഒഴിഞ്ഞു മാറാനാവും.

‘നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും, പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ’ (മത്തായി 10:16) എന്ന ദൈവ വചന ചിന്തയുടെ പശ്ചാത്തലത്തിൽ ചില കാര്യങ്ങൾ കുറിക്കട്ടെ.

ടെലിവിഷൻ/പത്രമാസികകൾ തുടങ്ങിയ മാധ്യമങ്ങളുടെ ഉപയോഗം നമ്മുടെ ജീവിതത്തിലെ ഒഴിവാക്കാനാവാത്ത ഒരു യാഥാർഥ്യമാണ്.

ഒഴിവാക്കാനാവില്ല എന്ന സാഹചര്യത്തിൽ ഇവയെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നു കണ്ടെത്തുകയാണ് വേണ്ടത്.

ഓരോ മാധ്യങ്ങളുടെയും ഉടമസ്ഥർ ആരാണ്, അവരുടെ താത്പര്യങ്ങൾ എന്തൊക്കെയാണ്

എന്നതിനെക്കുറിച്ചൊക്കെയുള്ള അറിവ് അവയെ ഫലപ്രദമായി വിലയിരുത്തുന്നതിന് നമ്മെ സഹായിക്കും.

നന്മ അന്വേഷിക്കാനും, തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കാനുമുള്ള ഒരു താത്പര്യം വായനക്കാരും പ്രേക്ഷകരും സ്വീകരിക്കേണ്ടത് അത്യാവശ്യം തന്നെ.

മാധ്യമങ്ങൾ കുട്ടികളെയും, യുവജനങ്ങളെയും, മുതിർന്നവരെയും നിഷേധാത്മകമായി സ്വാധീനിക്കുന്നു, അപകടമുണ്ടാക്കുന്നു എന്ന് നിലവിളിക്കുന്നതിനു പകരം നന്മ പകരുന്ന മാസികകൾ, ചാനലുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കാനും വളർത്താനുമുള്ള നടപടികളാണ് വേണ്ടത്.

നന്മനിറഞ്ഞ ഒരു മാധ്യമരംഗം രൂപപ്പെടാനായി പ്രാർഥിക്കാം, പ്രവർത്തിക്കാം.

*സ്നേഹപൂർവം,* ***ചാക്കോച്ചൻ ഞാവള്ളിൽ***
*kairosmag@gmail.com*

Kairos Magazine | August 2013 | Vol.12 | Issue 8 | www.kairos.jesusyouth.org | facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 – 2558825
ഇമെയിൽ: kairosmag@gmail.com

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഷിബു ഒ.സി.ഡി (KYCT Animator)** 9895840991, പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142, എക്സിക്യൂട്ടീവ് മാനേജർ **ജോബി തോമസ് (KYCT Co-ordinator)** 9995213936

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513, അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **സിൻജോ പി.കെ** 9895711787, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലുയീസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജി ബാബു മമ്പള്ളിൽ** 9447742672, ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 94479 26098

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

**കത്തുകൾ**

## സ്കൂളുകൾ ആത്മീയത വളർത്തണം

കുട്ടികളുടെ ആത്മീയ വളർച്ചയിൽ ഇന്ന് കൂടുതൽ ശ്രദ്ധിക്കണം എന്നു തോന്നുന്നു. മാതാപിതാക്കൾക്കും അതുപോലെ കുട്ടികൾക്കും സമയം തീരെ ഇല്ലാതാകുന്ന കാലമാണ്. കുട്ടികൾ പള്ളിയുമായി ബന്ധപ്പെട്ടിരിക്കുന്ന സമയവും കുറഞ്ഞുവരികയാണ്. മതബോധനം ഇന്നത്തെ അവസ്ഥയിൽ എത്രമാത്രം കാര്യക്ഷമമാണ് എന്നതും ചിന്തിക്കണം. ഈ സാഹചര്യത്തിൽ കത്തോലിക്കാ സ്കൂളുകൾ ഈ ഉത്തരവാദിത്തം ഗൗരവമായി ഏറ്റെടുത്തേ പറ്റൂ. കുമ്പസാരം, കുർബാന, പ്രാർഥനാ കൂട്ടായ്മകൾ എന്നിവയ്ക്ക് സ്കൂളുകൾ അവസരമൊരുക്കണം. ഓരോ സ്കൂളിനും ആത്മീയ പിതാവായി ഒരു വൈദികൻ ഉണ്ടായിരിക്കണം. അദ്ദേഹം കുട്ടികളുമായി കൂടുതൽ ഇടപഴകണം. അവരുടെ ഭാഷയിൽ ആശയവിനിമയം നടത്താൻ കഴിവുള്ളയാളുമായിരിക്കണം. ആത്മീയത ഭാരപ്പെടുത്തുന്ന ഒന്നല്ലെന്നും സന്തോഷത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും അനുഭവമാണെന്നും അവർ തിരിച്ചറിയുന്ന വിധത്തിൽ വേണം കാര്യങ്ങൾ ക്രമീകരിക്കാൻ. ഇതിനായി മാതാപിതാക്കളുടെ സഹായവും സഹകരണവുമുണ്ടായിരിക്കണം. ചില സ്കൂളുകളെങ്കിലും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ടെന്നത് സന്തോഷകരമാണ്. അന്യമതസ്ഥരായ വിദ്യാർഥികളെ ഒരുതരത്തിലും അസ്വസ്ഥരാക്കാതെ വേണം കത്തോലിക്കരായ കുട്ടികളെ വിശ്വാസത്തിൽ വളർത്താനുള്ള ശ്രമങ്ങൾ.

*ഡൊമിനിക് മൂവാറ്റുപുഴ*



ജേക്കബ് കോച്ചേരി

# അറിവും നെറിവും

നന്നായി കവിതയെഴുതുന്ന, പ്രസംഗിക്കുന്ന, പഠിക്കുന്ന ബിസ്മി എന്ന പെൺകുട്ടിയെ അധ്യാപകർക്കെല്ലാം ഇഷ്ടമായിരുന്നു. അവളുടെ പ്രസന്നമായ മുഖവും തിളങ്ങുന്ന കണ്ണുകളും അവളെ കൂടുതൽ സുന്ദരിയാക്കി. എന്നാൽ ഒരവധിക്കാലത്തിനു ശേഷം അവളിൽ ചില മാറ്റങ്ങൾ കാണാനായി. പഠനത്തിൽ ശ്രദ്ധകുറഞ്ഞെന്നുമാത്രമല്ല; സ്വപ്നസഞ്ചാരിയെപ്പോലെയാണ് ക്ലാസ്സിലെപ്പോഴും. മാതാപിതാക്കൾ പറഞ്ഞത് അവൾ കൂടുതൽ സമയവും തമിഴ്, ഹിന്ദി സിനിമാപ്പാട്ടു രംഗങ്ങൾ കണ്ടിരിക്കുന്നുവെന്നാണ്. നന്നായി പഠിക്കുന്നവളായതിനാൽ വീട്ടുകാർ അതത്ര കാര്യമാക്കിയില്ല; എന്നാലും അധ്യാപകരിൽ ചിലർ അവളെ ഉപദേശിച്ചിരുന്നു.

ഐ.എ.എസുകാരിയാകണമെന്ന സ്വപ്നം ചില അധ്യാപകർ അവരിൽ വേരുപിടിപ്പിക്കാൻ ശ്രമിച്ചു. അവളെഴുതിയ കവിതകൾ സമാഹാരമാക്കി പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി ചില അധ്യാപകർ അവളോട് സംസാരിച്ചിരുന്നു. എന്നാൽ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് അവൾ ഒരുവന്റെ കൂടെ ഒളിച്ചോടി. ആ പയ്യനെ അവൾ ഇഷ്ടപ്പെടാനുള്ള കാരണം അജ്ഞാതമായിരുന്നു. വീട്ടുകാരെയും ബന്ധുക്കളെയും ഗുരുജനങ്ങളെയും ഏറെ വേദനിപ്പിച്ചു ആ സംഭവം.

മാസങ്ങൾക്കുശേഷം അവൾ സ്വഭവനത്തിലേക്ക് തിരിച്ചുവന്നു. ഒരു പരാജിതയെപ്പോലെ! അപ്രതീക്ഷിതമായ ദുരനുഭവങ്ങളായിരുന്നത്രേ ഭർതൃഭവനത്തിൽ. ഇനിയൊരിക്കലും അവന്റെ മുഖം കാണരുതെന്ന പ്രാർഥനയോടെ വീടിന്റെ ഇരുൾമൂലയിലേക്കവൾ ഒതുങ്ങി. ബിസ്മിയുടേത് ഒറ്റപ്പെട്ട സംഭവമല്ല ആൺകുട്ടികളേക്കാൾ അപകടകാരികളായി പെൺമക്കൾ മാറുന്ന അപകടകരമായ ജിവിതപരിസരമാണിന്നുള്ളത്. ഇതിനുള്ള കാരണങ്ങൾ ഒട്ടേറെ ചൂണ്ടിക്കാണിക്കാമെങ്കിലും, ബദൽ മാർഗങ്ങളിലേക്കാണ് നമ്മൾ ദൃഷ്ടിവയ്ക്കേണ്ടത്. കൊച്ചുകുട്ടികളായി അധ്യാപകരുടെ കയ്യിലെത്തുന്ന ഈ കുരുന്നുകൾക്ക് വളർച്ചയുടെ ഘട്ടങ്ങളിൽ ആവശ്യമായ ബോധനം, പരിശീലനം നൽകേണ്ടത് വിദ്യാലയത്തിൽ നിന്നാണ്.

മാധ്യമങ്ങൾ കുട്ടികളെ വളരെയേറെ സ്വാധീനിക്കുന്നു. സിനിമ, സീരിയൽ, റിയാലിറ്റി ഷോകൾ തുടങ്ങിയവ പെൺകുട്ടികളെയും വീട്ടമ്മമാരെയും ലക്ഷ്യം വച്ചുള്ളതാണ്. ടി.വി. പരിപാടികളിൽ ചിന്ത, വിശകലനം, വിജ്ഞാനം, ചർച്ച തുടങ്ങിയവ ഉണ്ടാകുന്നില്ല. എന്നാൽ ക്ലാസ്സ് മുറികളിൽ ഇത്തരം പൈങ്കിളി പരിപാടികളുടെ പൊള്ളത്തരങ്ങളും കച്ചവട താത്പര്യങ്ങളും തുറന്നുകാട്ടണം. ഒരു ദൃശ്യസംസ്കാരം (നല്ലതും ചീത്തയും തിരിച്ചറിയാനുള്ള ശേഷി) വളർത്താൻ അധ്യാപകർക്കാകും.



പൊക്കം, നിറം, സൗന്ദര്യം, വസ്ത്രം എന്നിവയെക്കുറിച്ച് നമ്മുടെ കുട്ടികളുടെ ധാരണകൾ പലപ്പോഴും വികലമാണ്. ബാഹ്യരൂപമാണ് സൗന്ദര്യത്തിന്റെ അടിസ്ഥാനമെന്ന് ധരിച്ചു വശായിരിക്കുന്നവരാണ് നമ്മുടെ കുട്ടികൾ. എന്നാൽ ഗാന്ധിജി, മദർതെരേസ, വിവിധ രാഷ്ട്രനേതാക്കന്മാർ, വിശുദ്ധർ, കവികൾ തുടങ്ങിയവരൊക്കെ കാലത്തെ അതിജീവിക്കുന്നത് അവരുടെ സൗന്ദര്യം കൊണ്ടല്ലായെന്ന് അധ്യാപകർ സമർഥിക്കണം.

കുട്ടിക്കാലത്തു തന്നെ വലിയസ്വപ്നങ്ങൾ-ലക്ഷ്യങ്ങൾ കുട്ടികളിൽ വളർത്തിയാൽ പഠനത്തിലേക്കും അച്ചടക്കത്തിലേക്കും അവർ തിരിയും. കൂടാതെ ആഴത്തിലുള്ള ദൈവാനുഭവത്തിൽ വളരുന്ന കുട്ടികളിൽ ലോകാസക്തി കുറയും. വിശുദ്ധരുടെ ജീവ ചരിത്രങ്ങളും കഥകളും കുട്ടികൾക്ക് വായിക്കാൻ കഴിയണം. ശാലോം ടി.വി.-യിൽ വരുന്ന പ്രോഗ്രാമുകൾ റിക്കോർഡ് ചെയ്ത് കുട്ടികൾക്കായി സിഡി ലൈബ്രറികൾ തയാറാക്കുന്ന മതബോധന അധ്യാപകനെ എനിക്കറിയാം.

അറിവിന്റെ ഒരു മുഖവും വിരസമല്ലെന്നു കരുതുന്നതാണ് കൂടുതൽ അറിവിലേക്കുള്ള വഴി. പാഠപുസ്തകങ്ങൾ പരീക്ഷാ ടാബ്ലറ്റുകളായി വിഴുങ്ങുന്നതുകൊണ്ടും എ+ കൾ നേടിയതുകൊണ്ടും ജീവതവിജയം നേടണമെന്നില്ല. സന്തുലിത വ്യക്തിത്വമുള്ള നല്ല പൗരനാകാനാണ് വിദ്യാഭ്യാസം വഴിവയ്ക്കേണ്ടത്.

'ആചാര്യാൽ പാദമാദത്തേ
പാദം ശിഷ്യ: സ്വമേധയാ
പാദം സബ്രഹ്മചാര്യഭ്യ:
പാദം കാലക്രമേണച'

(അറിവുണ്ടാകുന്നത് എങ്ങനെയെന്ന് ഭാരതീയ മന്ത്രം; ഗുരുവിൽ നിന്ന് കാൽ ഭാഗം, തനിയെ കാൽഭാഗം, കൂടെപഠിക്കുന്നവരിൽ നിന്ന് കാൽ ഭാഗം, കാലക്രമത്തിൽ ജീവിത പരിചയം വഴി ശേഷിച്ച കാൽഭാഗം) ■



കവർസ്റ്റോറി


ടി. ദേവപ്രസാദ്

# എന്തേ മാധ്യമങ്ങൾ ഇങ്ങനെ?

ഇന്നലെയും ഇന്നും എന്നും മാധ്യമങ്ങൾ നിറവേറ്റുന്ന ദൗത്യം ഒന്നു തന്നെയാണ്. അറിയിക്കുകയും, പഠിപ്പിക്കുകയും, രസിപ്പിക്കുകയും ചെയ്യുക. എന്താണ് അവ അറിയിക്കുന്നത്, പഠിപ്പിക്കുന്നത്, എങ്ങനെയാണ് രസിപ്പിക്കുന്നത് എന്നതിലാണ് മാറ്റം സംഭവിക്കുന്നത്. അതു തീരുമാനിക്കുന്നത് മാധ്യമത്തിലെ പ്രവർത്തകരല്ല ഉടമകളാണ്. അപ്പോൾ അവരുടെ കാഴ്ചപ്പാടാണ് ഓരോ കാലഘട്ടത്തിലും മാധ്യമദൗത്യം നിർണയിക്കുന്നത് എന്നു വരുന്നു.

മാധ്യമങ്ങൾ അവയുടെ പേരു വ്യക്തമാക്കുന്നതുപോലെ മാർഗങ്ങളാണ്. ചില ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മാർഗങ്ങൾ. ആ ലക്ഷ്യങ്ങൾ തികച്ചും സ്വാർഥമാകുമ്പോൾ, സ്വന്തം അധികാരവും നേട്ടങ്ങളും ആകുമ്പോൾ അതിനൊപ്പം മാധ്യമം തന്നെ ഒരു ലക്ഷ്യമായി മാറുമ്പോൾ, ദൗത്യങ്ങൾ കച്ചവടപരമായി മാറുന്നു.

കച്ചവടക്കാർ പല തരത്തിലാണ് മാധ്യമങ്ങളെ സ്വന്തമാക്കുന്നത്. ഒരു സമൂഹം ചില്ലിക്കാശുകൾകൊടുത്ത് കെട്ടിപ്പടുത്ത ദീപിക പത്രത്തെ ഒരാൾ കൗശലപൂർവം സ്വന്തമാക്കിയത് ഒരുദാഹരണം. അവസാനം കേരളത്തിലെ കത്തോലിക്കാസഭയുടെ മുഖപത്രത്തെ ഒരു മെത്രാനെ ചെയർമാൻ പദവിയിൽ ഇരുത്തിക്കൊണ്ടുതന്നെ കമ്യൂണിസ്റ്റ് കാരുടെ മുഖപത്രമാക്കിയതു നാം കണ്ടില്ലേ? അങ്ങോട്ടു വാങ്ങിയതിലും ദയനീയമായ പത്രത്തെ, എറണാകുളം നഗരത്തിലും തലസ്ഥാനത്തും എല്ലാമുണ്ടായിരുന്ന കണ്ണായ ഭൂമിയും കെട്ടിടവും ഒക്കെ വിറ്റശേഷം, സഭയുടെ കോടികൾ വാങ്ങി, തിരിച്ചു തന്ന് ലാഭമുണ്ടാക്കിയതും നാം കണ്ടു.



എന്റെ പത്രം കൂടുതൽ ജനം വായിക്കണം, എന്റെ ചാനൽ കൂടുതൽ ജനം കാണണം, എന്ന് ആഗ്രഹിക്കുന്നതിൽ പിശകില്ല. അതിലൂടെ സമൂഹത്തെ കൂടുതൽ ധന്യമാക്കുന്ന അറിവും വിദ്യാഭ്യാസവും രസിപ്പിക്കലും നടത്തുക എന്നതാണ് ലക്ഷ്യമെങ്കിൽ; എന്നാൽ, അതിനു പകരം അങ്ങനെ എനിക്കു കച്ചവടം കൊഴുക്കണം എന്നത് ദൗത്യമായി മാറുമ്പോൾ, അറിയാനും പഠിപ്പിക്കാനും രസിപ്പിക്കാനും വേണ്ടി കണ്ടെത്തുന്ന വിഭവങ്ങൾ അതിനു ചേർന്നതാ

കുന്നു. പ്രഫഷനലിസം എന്നാൽ അതാണെന്നു വരെ പ്രഖ്യാപിക്കപ്പെടുന്നു.

നിശ്ചയമായും മാധ്യമങ്ങൾ ഇങ്ങനെയായതിന്റെ കാരണം അതുമാത്രമാണ്. കോടികൾ മുടക്കിയുള്ള കച്ചവടത്തിൽ ലാഭം ഉണ്ടാക്കാനുള്ള വാശി. ഏതു നിലപാടിന്റെയും ഏത് തിരഞ്ഞെടുപ്പിന്റെയും പിന്നിലെ ശക്തി അതുമാത്രം.ഇടവകദേവാലയങ്ങളിൽ സ്തോത്രക്കാഴ്ച പിരിവെടുത്തുപോലും ഉണ്ടാക്കിയ ടെലിവിഷൻ ചാനലിൽ റിയാലിറ്റി ഷോ മാത്രമല്ല വിഷുഫലവും ഗ്രഹനിലയും ഒക്കെ വരുന്നത് അതുകൊണ്ടാണ്.

അതൊന്നും ഇല്ലാതെ മാധ്യമങ്ങൾ നിലനിൽക്കണമെങ്കിൽ മാധ്യമങ്ങളുടെ ശക്തി മനസ്സിലാക്കി, മാധ്യമപ്രവർത്തകരെ ആദരിക്കുന്ന, അതിനായി സമ്പത്ത് വിനിയോഗിക്കുന്നതിനുള്ള ബോധ്യമുള്ള ഉടമകൾ ഉണ്ടാകണം. അവർക്ക് അവരുടെ നിലപാടുകളോട് ഉറച്ച പ്രതിബദ്ധത കാണിക്കാം. അവരുടെ നിലപാടിനു നിരക്കാത്ത ഒന്നും ഒരു കാരണവശാലും അവരുടെ മാധ്യമത്തിൽ ഉണ്ടാകില്ല. അത്തരം ചില ഉടമകൾ എക്കാലത്തും മാധ്യമരംഗത്തുണ്ടായിരുന്നിട്ടുണ്ട്.

അതിന് ഉറച്ച മൂല്യബോധം വേണം. നാം വിനിമയം ചെയ്യാൻ ആഗ്രഹിക്കുന്ന മൂല്യങ്ങളോട് ആദരവുവേണം. പലപ്പോഴും അനുഭവം അങ്ങനെയല്ല. നാം വിശ്വസിക്കുന്ന പ്രമാണങ്ങളെ ഉയർത്തിപ്പിടിക്കുന്നവരെ നമുക്ക് പുച്ഛമാണ്. നാം ആദരിക്കുവാൻ മൽസരിക്കുന്നത് കച്ചവട സംസ്കാരക്കാരനെയാണ്.

കാലപ്രവാഹത്തിൽ കൈവന്ന പല വളർച്ചയിൽ നിന്നും പിന്നോട്ടടിക്കുന്ന നിരവധി പ്രവണതകൾ ഇന്ന് സമൂഹത്തിൽ ശക്തമാകുന്നത് മാധ്യമ സ്വാധീനം കൊണ്ടുതന്നെയാണ്. മാധ്യമങ്ങൾ സമൂഹത്തിലെ എല്ലാത്തരക്കാരെയും, താൻ അതിൽ നിന്നെല്ലാം അതീതനാണ് എന്ന് അവകാശപ്പെടുന്നവരെപ്പോലും അവരറിയാതെ തന്നെ സ്വാധീനിക്കുന്നു. അവർ ഉപയോഗിക്കേണ്ട സോപ്പോ, പൗഡറോ ഏതാകണമെന്ന് മാത്രമല്ല അവർ ചിന്തിക്കേണ്ടതെങ്ങനെ എന്നും മാധ്യമങ്ങൾ പറഞ്ഞു കൊടുക്കുന്നു. രണ്ടു പതിറ്റാണ്ടു മുമ്പുണ്ടായ ഒരനുഭവം കുറിക്കട്ടെ. നായർ സാബ് സിനിമ കണ്ട് വീട്ടിൽ മടങ്ങി വന്ന് ഒന്നോ രണ്ടോ മണിക്കൂറായിക്കാണും. മക്കൾ തമ്മിൽ ഉണ്ടായ വഴക്കിൽ ആദ്യമായി ഒന്നാന്തരം ഒരു തെറി വീട്ടിൽ മുഴങ്ങി. അതു കേട്ട് മോനെ വിളിച്ചപ്പോഴാണ് അവൻ ചോദിച്ചത്. നായർസാബിൽ മമ്മൂട്ടി വിളച്ചതല്ലേ ഞാൻ പറഞ്ഞതെന്ന്.

1887-ൽ നസ്രാണി ദീപികയക്ക് ഉദയക്കുറി എഴുതുമ്പോൾ, എന്താവണം മാധ്യമ ധർമം എന്നതിനെക്കുറിച്ച് സ്ഥാപകപിതാക്കന്മാർ ഇങ്ങനെ എഴുതി. 'സജ്ജനസമൂഹങ്ങളിൽ ശങ്കാരഹിതം പുറപ്പെട്ടു സഞ്ചരിച്ചാലും. നിന്റെ സൗന്ദര്യത്തിൽ സന്തോഷിക്കുന്നവരും ഉണ്ടെന്ന് വിശ്വസിച്ച് നിന്റെ മിത്രങ്ങളെ സലജ്ജാഭാവത്തോടെ സന്ദർശിച്ചാലും ലോകത്തിന്റെ നാനാഭാഗങ്ങളിൽ, പ്രധാന പട്ടണങ്ങളിലും ഗ്രമങ്ങളിലും സജ്ജനസമുദായങ്ങളിലും വിദ്വജ്ജന സമൂഹങ്ങളിലും ചിരസ്ഥാനത്തിൽ സഞ്ചരിച്ച് അവിടങ്ങളിൽ കാണുന്ന വിശേഷങ്ങളെയും അനുകാരയോഗ്യമായ സംഗതികളെയും അറിഞ്ഞ് അറിയിച്ചാലും. ഒരു ഉത്തമമന്ത്രിയായി സജ്ജന സമൂഹങ്ങളിൽ ചെന്ന് വിദ്യാനാഗരാദി വർധനയ്ക്കും, ധനയശസ്സ് സമ്പാദ്യത്തിനും ഉപയുക്തങ്ങളായ മാർഗങ്ങളെ സമയോചിതം അറിയിച്ചാലും. ഒരു വിശ്വസ്ത ദൂതികയായി രാജമന്ദിരങ്ങളിലും ന്യായകർത്താക്കളുടെ സന്നിധാനത്തിലും പോയി നാട്ടിൽ നടക്കുന്ന അനീതിയായ നടത്തകൾ, പരജന പീഢകൾ, സാധുക്കൾക്കുള്ള ആവശ്യങ്ങൾ ആദിയായവ അറിയിച്ച് പരജനസങ്കടങ്ങൾക്കു നിവൃത്തി വരുത്തി സകലഗുണപ്രദ സുമുഖിയായി വാണുകൊണ്ടിരുന്നാലും'. മാധ്യമ ദൗത്യത്തെക്കുറിച്ച് വളരെ ചരിത്ര പ്രാധാന്യമുള്ള ഒരു പ്രസ്താവനയാണിത്.

ഈ മാധ്യമ ദർശനം അസ്തിത്വപരമായ ചില സന്ദേഹങ്ങൾ ഉണർത്തുന്നു. 1: സജ്ജനസമൂഹങ്ങളിൽ സംഭവിക്കുന്നവ ഇന്ന് ആർക്ക് വേണം. 2: അങ്ങനെ സംഭവിക്കുന്നവ കേൾക്കാനും സ്വീകരിക്കുവാനും ഒരു കൂട്ടം വായനക്കാരുണ്ടെന്ന് എത്ര പേർക്ക് ഉറപ്പുണ്ട്. 3: സജ്ജനസമുദായങ്ങളിലും വിദ്വജ്ജന സമൂഹങ്ങളിലും കാണുന്ന വിശേഷങ്ങളും അനുകാര യോഗ്യമായ സംഗതികളും എത്ര പേർക്കു വേണം. (അവിടങ്ങളിൽ ഇന്ന് നടക്കുന്നത് അത്തരം സംഗതികളാണോ എന്ന ചോദ്യവും പ്രസക്തം തന്നെ) . 4: വിദ്യ, നാഗരികത, വർധനയും ധന യശസ്സ് സമ്പാദ്യ മാർഗങ്ങളും എത്ര പേർക്ക് താത്പര്യമുണ്ട്. (അതിലും ഇഷ്ടം ഏറ്റവും മുന്തിയ രീതിയിൽ തട്ടിപ്പു നടത്തുന്നതിനുള്ള മാർഗങ്ങളെക്കുറിച്ചുള്ള അറിവിനല്ലേ? മാറു മറയ്ക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള പോരാട്ടമായിരുന്നു

ഒരിക്കൽ ഇവിടെനാഗരികതയക്കായുള്ള ശ്രമം. ഇന്നോ മാറു മറയ്ക്കാതിരിക്കുവാനുള്ള അവകാശമാണത്). 5: നാട്ടിൽ നടക്കുന്ന അനീതിയായ നടത്തകൾ, പരജനപീഢകൾ, സാധുക്കൾക്കുള്ള ആവശ്യങ്ങൾ എന്നിവ അറിയിക്കുന്നതുകൊണ്ട് എത്ര വായന ക്കാരെ ലഭിക്കും. (ക്യാമറാക്കണ്ണുകൾക്ക് ഒപ്പിയെടുക്കുവുന്ന ഈ ദൃശ്യങ്ങളെക്കാൾ എത്രയോ പ്രേക്ഷകരെ ലഭിക്കും ഒളി ക്യാമ റയിലൂടെ എടുക്കുന്ന ഒരു പാർട്ടി സെക്രട്ടറി യുടെ രഹസ്യ ഇടപാടിന്. രഹസ്യ ഇടപാട് നാട്ടുകാരെ അറിയിക്കുന്നത് തെറ്റാണെന്നല്ല. കള്ളനാണയങ്ങളെ വെളിച്ചത്തു കൊണ്ടു വരണം. പക്ഷേ, അത് അവർ ചെയ്യുന്ന പാപകൃത്യങ്ങൾ അപ്പാടെ കൊച്ചുകുട്ടികളെ അടക്കം കാണിച്ചുകൊണ്ടാകണമോ?) 6: പ രജനസങ്കടങ്ങൾക്കു നിവൃത്തി വരുത്തുന്ന തുകൊണ്ട് പത്രത്തിന് എന്താണ് പ്രയോ ജനം. 7: സകലഗുണപ്രദ സുമുഖിയായി ജീവിക്കുന്നവരെ ആർക്കു വേണം. ഇത്തിരി ചീത്തയായി ജീവിക്കുന്നതല്ലേ രസം.

അപ്പോൾ അറിയിക്കേണ്ടവയും പഠിപ്പിക്കേണ്ട വയും ആഘോഷിക്കേണ്ടവയും എന്തെന്ന് മാധ്യമ മുതലാളി, അല്ലെങ്കിൽ കച്ചവട ച്ചുമതലയുള്ള അതിന്റെ ഉദ്യോഗസ്ഥൻ തീരുമാനിക്കും. തീരുമാനിക്കുക മാത്രമല്ല തങ്ങൾ നടത്തുന്നത് മാധ്യമ വ്യഭിചാരമാ ണെന്ന് മനക്കടി ഉള്ളതുകൊണ്ട് വിലയ്ക്കു കിട്ടുന്ന ചിന്തകരെ വിളിച്ചുകൂട്ടി തങ്ങളുടെ നയത്തിന് ന്യായീകരണം കണ്ടെത്തിച്ച് സമൂഹമനസാക്ഷിയിൽ തന്നെ വിഷം പ ടർത്തുന്നു. കേരളത്തിലെ ചാനൽ പോരാട്ട ത്തിൽ ഒന്നുമല്ലാതായി മാറിയ ഒരു ചാനൽ അടുത്തയിടെ റിയാലിറ്റി ഷോ എന്ന പേരിൽ കുറെ ആഭാസക്കാഴ്ചകൾ സംപ്രേഷണം ചെയ്യുന്നുണ്ട്. ഇവ സമൂഹിക തിന്മകളെ മഹത്വവൽക്കരിച്ച് സമൂഹത്തെ അപചയി പ്പിക്കുന്നു എന്ന വിമർശനം എല്ലാ കേന്ദ്രങ്ങ ളിൽ നിന്നും ഉയർന്നു. അവതാരക പിന്മാ റാൻ ഉദ്ദേശിക്കുന്നു എന്നുവരെ വാർത്ത പ രന്നു. സോഷ്യൽ മീഡിയയിലടക്കം അതി നെക്കുറിച്ചുള്ള ആക്ഷേപങ്ങളുടെ പെരുമ ഴയായപ്പോൾ ആ കാഴ്ചകൾക്ക് ഒരു ന്യാ യീകരണ സംവാദം തരപ്പെടുത്തി. അവ രുടെ ഷോയിൽ നടക്കുന്ന ആഭാസക്കാഴ്ച കളെക്കാൾ വൃത്തിഹീനമായവയല്ലേ സമൂഹ ത്തിൽ നടക്കുന്നത് എന്നതായിരുന്നു ഒരു ന്യാ യീകരണ ചോദ്യം. അറുപത് പിന്നിട്ട ഒരു മുൻ മന്ത്രി മകനെ കെട്ടിച്ചുകൊടുക്കാം എന്ന് പ്ര ലോഭിപ്പിച്ച് ഒരു യുവതിയെ വ്യഭിചരിക്കുന്ന തിന്റെ നേർദൃശ്യങ്ങളായിരുന്നു ആ ദിവസ ങ്ങളിലെ ചാനലുകളുടെ ആഘോഷവിഷയം. ഇതൊക്കെയാണ് നമ്മുടെ സംസ്കാര മെന്നും അതിനെതിരെ പറയുന്നവർ കാപ ട്യക്കാരാണെന്നും അവർ വീറോടെ വാദിച്ചു. ലൈംഗികാഗ്രഹങ്ങൾ ഒളിച്ചുവച്ചുകൊണ്ടാ ണ് വ്യഭിചാരത്തിനെതിരെ സംസാരിക്കുന്ന തെന്നും അതിന്റെ പേര് കാപട്യമെന്നാണെ ന്നുമാണ് വാദം. ലൈംഗികാഗ്രഹങ്ങളെ നിയ ന്ത്രിക്കുന്നത് കാപട്യമാകുന്നതെങ്ങനെ? അല്ലാത്ത ശൈലിയെ മൃഗീയം എന്നല്ലേ വിളിക്കുക. ഇതൊന്നും ശരാശരി പ്രേക്ഷകൻ ചിന്തിക്കണമെന്നില്ലല്ലോ? ലൈംഗികാഗ്രഹ പൂർത്തിക്ക് ആസക്തിക്കനുസരിച്ച് പ്രവർത്തി ക്കുന്നത് കാപട്യമില്ലാത്തവരുടെ രീതിയാ ണെന്ന ചിന്ത പലരിലും ശക്തമാകുവാൻ ഇത്തരം സംവാദങ്ങൾ കാരണമാകുന്നു. ഈ മാസത്തിലെ ഗൃഹലക്ഷ്മി മാസികയിൽ യുവത്വത്തെക്കുറിച്ചുള്ള ലേഖനത്തിൽ ഒരു പ്ലസ്ടുക്കാരന്റെയും പ്ലസ്ടുക്കാരിയുടെയും കഥയുണ്ട്. മോളുടെ പ്രണയത്തെക്കുറിച്ച് അച്ഛനറിഞ്ഞ് പിന്മാറ്റിയപ്പോഴേക്കും അവർ നാലു തവണ ശാരീരികമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്നു... ഈ ധൈര്യം ഉണ്ടാക്കി ക്കൊടുക്കുന്നത് മാധ്യമങ്ങൾ പകരുന്ന അറിവും വിദ്യാഭ്യാസവുമല്ലേ?

തിന്മയുടെയും തെറ്റുകളുടെയും മഹത്വീകര ണമാണ്, അല്ലെങ്കിൽ ഇതൊക്കെ എല്ലാവരും ചെയ്യുന്നതാണ് എന്ന ധാരണ പടർത്തു കയാണ് ഇവർ ചെയ്യുന്നത്. തങ്ങളുടെ കച്ചവടം മാന്യമാണെന്ന് അംഗീകരിപ്പിക്കു വാൻ അവർ നടത്തുന്ന സംവാദക്കച്ചവടം അങ്ങനെ സമൂഹത്തിന് വിനാശകരമാകുന്നു. ഇതിനെല്ലാം മാധ്യമക്കാരന്റെ മനസ്സറിഞ്ഞ സംവാദത്തിൽ അഭിപ്രായം പറഞ്ഞ് ചിലർ സാമൂഹിക ചിന്തകരായി മാറുന്നു. അവരെ ആദരിക്കുന്നവർ ആ ചിന്താഗതികളെ സമൂ ഹത്തിൽ കൂടുതൽ മാന്യമാക്കുന്നു.

നല്ല മാധ്യമങ്ങൾ ഉണ്ടാകുന്നത് നല്ല മന സ്സുകളിൽ നിന്നാണ്. ഏതാണ് നല്ല മനസ്സ് എന്നത് ഒരാളുടെ വിശ്വാസ പ്രമാണത്തിന്റെ കണ്ടെത്തലാണ്. നല്ല മനസ്സുകൾ അവയെ സ്വീകരിക്കുവാൻ ഉണ്ടെങ്കിലേ അവയ്ക്കു നിലനിൽക്കാനും സാധിക്കൂ. സമൂഹത്തിന്റെ നന്മ ആഗ്രഹിക്കുന്ന ഏതാനും മാധ്യമങ്ങളെ ങ്കിലും നിലനിൽക്കുന്നത് ഇത്തരം കുറെ ഉട മകളും, അവയുടെ സൗന്ദര്യത്തിൽ സന്തോ ഷിക്കുന്നവരും ഉള്ളതുകൊണ്ടാണ് ■

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന വിശ്വാസവർഷ സാഹിത്യമത്സരങ്ങൾ - 2013

വചനാധിഷ്ഠിത ചിന്തയും സാഹിത്യവും സംസ്കാരവും പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ രചനാമത്സരങ്ങൾക്കുള്ള കൃതികൾ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. വിശ്വാസവർഷ ഊന്നൽ അഭികാമ്യമായിരിക്കും. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിറ്റുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

അൽമായർ, സെമിനാരി വിദ്യാർഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

ഗ്രൂപ്പ്നമ്പർ 1 : അൽമായർ
വിഷയം : "ബൈബിളും വിശ്വാസവർഷവും"

ഗ്രൂപ്പ്നമ്പർ 2 : സെമിനാരി വിദ്യാർഥികൾ
വിഷയം : "ബൈബിളും മലയാള സാഹിത്യവും"

ഗ്രൂപ്പ്നമ്പർ 3 : സന്യാസിനികൾ
വിഷയം : "രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്കാ ബൈബിൾ മേഖലയും"

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം റജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. രചനകൾ അയയ്ക്കുന്ന കവറിൽ 'ബൈബിൾ സാഹിത്യമത്സരം 2013' എന്ന് എഴുതിയിരിക്കണം. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾകമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാനതീയതി 2013 ഒക്ടോബർ 15 ആണ്.

ഒന്നും, രണ്ടും, മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്.

| മത്സര ഇനം | രജി. ഫീസ് | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം - 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025



## കവർസ്റ്റോറി

സണ്ണി കോക്കാപ്പിള്ളിൽ

# ചാനലുകൾ നമ്മെ കവർന്നെടുക്കുമ്പോൾ!

1984-ൽ മലയാളം ദൂരദർശൻ സംപ്രേഷണമാരംഭിച്ചപ്പോൾ അതൊരത്ഭുതമായിരുന്നു. ഞായറാഴ്ചതോറുമുള്ള മലയാളം സിനിമയ്ക്കുവേണ്ടി ടെലിവിഷനു മുൻപിലേക്ക് ആളുകൾ ഓടിക്കൂടുമായിരുന്നു. 1993-ൽ ഏഷ്യാനെറ്റ് എന്ന സ്വകാര്യ ഉപഗ്രഹ ടെലിവിഷൻ സ്ഥാപിതമായതോടെ ഈ രംഗത്ത് വിലിയൊരു വിപ്ലവമാണുണ്ടായത്. അതോടെ ടെലിവിഷൻ സാധാരണയായിത്തീർന്നു. വാർത്തയും സീരിയലുകളും സിനിമയും അഭിമുഖങ്ങളുമൊക്കെയായി മലയാളിയുടെ ഹൃദയത്തിലേക്കുതന്നെ ടെലിവിഷൻ കടന്നുകയറി. പെയ്തൊഴിയാത്ത കണ്ണുനീരുമായി സീരിയലുകൾ വീട്ടമ്മമാരുടെ നെഞ്ചിടിപ്പു വർധിപ്പിച്ചു. സീരിയൽ കഥാപാത്രങ്ങൾ സ്വന്തം കുടുംബത്തിലെ അംഗം പോലെയായി. സിനിമാതാരങ്ങളെക്കാൾ താരപരിവേഷം ചില സീരിയൽ താരങ്ങൾക്കുണ്ടായി.

2003-ലാണ് മുഴുവൻ സമയ വാർത്തയുമായി ഇന്ത്യാ വിഷൻ സംപ്രേഷണമാരംഭിച്ചത്. ഇത് ഈ രംഗത്ത് ഒരു പുതിയ സംസ്ക്കാരം രൂപപ്പെടുത്തി. ലൈവ് ആയി വാർത്തകൾ കാണുന്ന അനുഭവം സാങ്കേതിക വളർച്ചയിലെ നാഴികക്കല്ലായി മാറി. വത്തിക്കാനിൽ മാർപാപ്പ ആശീർവാദം നൽകുന്നതും അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്നതുമൊക്കെ അതേസമയം നമ്മുടെ മുറികളിലേക്കു കടന്നുവന്നു. വേൾഡ് ട്രേഡ് സെന്റർ തകരുന്നത് അതേനേരത്ത് നമ്മളും കണ്ടു.

ചാനലുകളുടെ ഒരു പ്രളയം തന്നെ ഇക്കാലത്തുണ്ടായി. പീപ്പിൾ, കൈരളി, ജീവൻ, സൂര്യാ, ജയ്ഹിന്ദ്, ശാലോം, മനോരമ, മഴവിൽ മനോരമ, മാതൃഭൂമി, അമൃത, കിരൺ, റിപ്പോർട്ടർ തുടങ്ങി 40-ഓളം ചാനലുകൾ ഇന്നുണ്ട്. ഇതിൽ ആറെണ്ണം മുഴുവൻ സമയ വാർത്താചാനലാണ്. 24 മണിക്കൂറും സിനിമ മാത്രം കാണിക്കുന്നവയുമുണ്ട്. ഇടയ്ക്ക് വാർത്ത കൊടുക്കുന്ന ചാനലുകളുമുണ്ട്. തത്സമയ സംപ്രേഷണം (Live Telecast) എന്ന സാങ്കേതികാനുഭവം ശാലോം പോലെയുള്ള ചാനലുകൾക്കില്ല.

ഇന്ന് കേരളത്തിൽ നൂറുവർഷത്തിലേറെ പഴക്കമുള്ള പത്രരംഗത്തെക്കാൾ പരസ്യ വരുമാനം ചാനലുകൾക്കുണ്ട്. പരസ്യങ്ങളില്ലാതെ ചാനലുകൾക്ക് നിലനിൽക്കാൻ ബുദ്ധിമുട്ടാണ്. പരസ്യത്തിനു പിന്നാലെ പോകുമ്പോൾ ധാർമികത കൈമോശം വന്നുവെന്നു വരാം. മാസംതോറും അനേകർ സഹായിക്കുന്നതുകൊണ്ടാണ് ശാലോം പോലെയുള്ള ചാനലുകൾ പിടിച്ചുനിൽക്കുന്നത്. സഭ തുടങ്ങിയ ജീവൻ ടിവി കൈമോശം വന്നതും പണത്തിന്റെ പ്രശ്നം തന്നെയാണ്. അതുവഴി സഭാമക്കളോടു സംവദിക്കാനുള്ള ഏറ്റവും നല്ല അവസരം സഭയ്ക്കു നഷ്ടമായിരിക്കുന്നു. ക്രിസ്തീയധാർമികത നഷ്ടപ്പെടാതെ കുടുംബങ്ങളെയും വ്യക്തികളെയും കാത്തുസൂക്ഷിക്കാനുള്ള സാങ്കേതികവിദ്യ സാമ്പത്തിക ദൗർലഭ്യത്തിന്റെ പേരിൽ സഭ നഷ്ടപ്പെടുത്തിയതിന് കനത്ത വില വരും കാലത്ത് നൽകേണ്ടിവരും.

1990-കൾക്കു ശേഷം ചാനലുകൾ ജനത്തെ സ്വാധീനിച്ചതിന്റെ ദുരന്തഫലം ഇന്നു സമൂഹത്തിൽ കാണാൻ തുടങ്ങിയിട്ടുണ്ട്. മാറിയ ഭക്ഷണശീലം, വസ്ത്രധാരണശൈലി, പരപുരുഷ-സ്ത്രീ ബന്ധങ്ങൾ, എങ്ങനെയും ധനസമ്പാദനത്തിനുള്ള ആർത്തി തുടങ്ങിയവയൊക്കെ ഇതിന്റെ പരിണിതഫലങ്ങളാണ്. ടി.വി. പരസ്യത്തിലൂടെയാണ് ഒരു സാധനം ഇന്ന് മാർക്കറ്റിലേക്ക് ഇറങ്ങുന്നത്. പലപ്രാവശ്യം ടി.വി.യിൽ ഒരു സാധനം കാണുമ്പോൾ അതിനോടൊരു ബന്ധം നാമറിയാതെ വന്നുചേരും. പിന്നെ എങ്ങനെയെങ്കിലും അതു കൈവശപ്പെടുത്താൻ മോഹമുദിക്കും. ഉദാഹരണമായി കഴിഞ്ഞ കുറെ വർഷങ്ങളായി കാണുന്ന ഒരു പരസ്യമാണ് 'കൂടുതൽ പോഷകങ്ങളടങ്ങിയ പുതിയ ഹോർലിക്സ്' എന്നത്. അപ്പോൾ ആദ്യം ഇറങ്ങിയ ഹോർലിക്സിൽ പോഷകങ്ങൾ ഒന്നും ഇല്ലായിരുന്നുവോ? വിനോദചാനലുകളിൽ വളരെ ചുരുക്കം പരിപാടികളാണ് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതായി ഉള്ളത്. ഉദാഹരണമായി ഏഷ്യാനെറ്റിലെ കണ്ണാടി പോലെ. മനുഷ്യന്റെ കഷ്ടപ്പാടുകൾ പൊതുശ്രദ്ധയിൽ കൊണ്ടുവരാൻ അതിനു കഴിഞ്ഞിട്ടുണ്ട്. നിലവാരമുള്ളതെന്നു പറയാൻ എല്ലാ ചാനലുകൾക്കും ഒന്നോ രണ്ടോ പരിപാടി കാണും, അത്രതന്നെ.

ഇന്നത്തെ സ്ഥിതിയിൽ വാർത്താചാനലുകൾക്ക് എത്രകാലം നിലനിൽപുണ്ടാകുമെന്ന് പറയാൻ കഴിയില്ല. പലതും ജനങ്ങളെ വിഡ്ഢികളാക്കുന്ന വിധത്തിലാണ് വാർത്തകൾ നൽകുന്നത്. വാർത്തയിലെ കൃത്യത എന്നൊക്കെ ചിലർ അഭിപ്രായപ്പെട്ടിരുന്നെങ്കിലും വാർത്തയിലെ സത്യസന്ധത മനസ്സിലാക്കണമെങ്കിൽ പലപ്പോഴും പിറ്റേന്ന് രാവിലെ പത്രം വായിക്കേണ്ടി വരുന്നു. പലപ്പോഴും ബ്രേക്കിങ് ന്യൂസ് എന്ന പേരിൽ കാണിക്കുന്നത് ഒരു വാർത്തയുടെ കൃത്യത മനസ്സിലാക്കിക്കൊണ്ടായിരിക്കണമെന്നില്ല. തങ്ങളുടെ ചാനലിനു മുമ്പിൽ ആൾക്കാരെ പിടിച്ചിരുത്തുക എന്നതിൽ കവിഞ്ഞ് സത്യസന്ധതയ്ക്ക് അവിടെ വലിയ പ്രാധാന്യമൊന്നുമില്ല. തെറ്റായ വാർത്ത സംപ്രേഷണം ചെയ്ത് ഒരു പ്രശ്നം വഷളാക്കിയിട്ടുപോലും 'തെറ്റുപറ്റി' എന്നുപറയാൻപോലും ചാനലുകൾ മിനക്കെടാറില്ല. തങ്ങൾക്കിഷ്ടപ്പെട്ട ചിലരെ സ്റ്റുഡിയോയിലേയ്ക്ക് വരുത്തി ഇല്ലാത്തതും ഉള്ളതുമായ കാര്യങ്ങൾ അനാവശ്യമായി ചർച്ചചെയ്ത് പുതിയ തലങ്ങളിലേക്ക് ഒരു പ്രശ്നത്തെ വളർത്തിക്കൊണ്ടു പോവുകയാണ് വാർത്താ ചാനലുകൾ മിക്കപ്പോഴും ചെയ്യുന്നത്. അവർക്ക് എങ്ങനെയെങ്കിലും 24 മണിക്കൂർ പൂർത്തിയാക്കണം. മൂന്നുപേരെ വിളിച്ച് ചർച്ച ചെയ്താൽ ചെലവ് എത്രയോ തുച്ഛമാണ്. ചെലവു ചുരുക്കലിന്റെ ഈ രസതന്ത്രം വാർത്താ ചാനലുകൾ നന്നായി പയറ്റുന്നുണ്ട്.

ഒരു പ്രമുഖ ചാനലിൽ ഭാര്യാഭർത്താക്കന്മാർക്കുവേിയുള്ള പരിപാടി സംപ്രേക്ഷണം ചെയ്യുന്നു. ഇത് സ്പോൺസർ ചെയ്തിരിക്കുന്നത് ഇന്ത്യയിലും വിദേശത്തും നിരവധി ബ്രാഞ്ചുകളുള്ള ഒരു ജ്വല്ലറിയാണ്. ഈ പരിപാടിയിൽ ജഡ്ജ് ചെയ്യാൻ വരുന്നവർക്ക് ധരിക്കാൻ പ്രസ്തുത ജ്വല്ലറിയുടെ ആഭരണങ്ങൾ ആ സമയത്ത് നൽകുന്നു. പിറ്റേന്നുമുതൽ ആ ഫാഷനിലുള്ള ആഭരണങ്ങൾക്കുവേണ്ടി ജ്വല്ലറിയിലേയ്ക്ക് ആളുകൾ അന്വേഷിച്ചു ചെല്ലുമത്രേ. അതായത് നമ്മൾ കാണുന്ന ഏതുപരിപാടിയുടെ പിന്നിലും ശക്തമായ വാണിജ്യ താത്പര്യങ്ങളുണ്ട്.

പൊതുവേ ചാനലുകാരെല്ലാം ഒരു ഇടതുപക്ഷപരത പുലർത്തുന്നുണ്ട്. മനോരമന്യൂസ് പോലും പലപ്പോഴും ഇടതുപക്ഷത്തിനനുകൂലമായ നിലപാടാണെടുക്കുന്നത്. പ്രധാന പത്രങ്ങളായ മനോരമയും മാതൃഭൂമിയും വലതുപക്ഷ ചായ്വ് കാണിക്കുന്നതിനാൽ ഒരു തുലനാവസ്ഥ സൃഷ്ടിക്കാനുള്ള ശ്രമമാണോ ഇതെന്നറിയില്ല. അല്ലെങ്കിൽ ആദ്യം ചാനലിലുണ്ടായിരുന്ന ഇടതുപക്ഷ റിപ്പോർട്ടർമാരെ അതേപടി അനുകരിക്കുകയാണോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ, മാധ്യമരംഗത്തേയ്ക്കു വരുന്നവർ ഭൂരിപക്ഷവും ഇടതുപക്ഷ ചിന്താ

ഗതി പുലർത്തുന്നവരാണെന്നു കരുതണം. ഏതായാലും ഒരു കാര്യം ഉറപ്പാണ്, ചരിത്ര ബോധം തൊട്ടുതീണ്ടാത്തവരാണ് ഇന്നത്തെ ചാനൽ പ്രവർത്തകരിൽ ഭൂരിപക്ഷവും.

സമൂഹത്തിൽ സ്വാധീനം ചെലുത്തുന്ന മികച്ച അവതാരകരും അഭിമുഖക്കാരുമൊക്കെ ചാനലുകളിലൂടെ താരങ്ങളായിട്ടുണ്ട്. ജോണി ലൂക്കോസ്, ജോൺ ബ്രിട്ടാസ്, ശ്രീകണ്ഠൻ നായർ, നികേഷ്കുമാർ, ഷാനി പ്രഭാകരൻ, വീണാ ജോർജ്ജ് തുടങ്ങിയർ ഇവരിൽ ചിലരാണ്. രാജശ്രീ വാര്യർ, രഞ്ജിനി ഹരിദാസ് തുടങ്ങിയവരൊക്കെ ഏതെങ്കിലും വിധത്തിൽ കുടുംബ സദസ്സുകളിൽ നിത്യവിഷയങ്ങളാണ്.

ആദിവാസി, ദളിത്, സ്ത്രീ വിഷയങ്ങളിൽ ചില ഇടപെടലുകൾ ചാനലുകൾ നടത്തിയിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. എന്നാൽ മൊത്തത്തിലുള്ള സ്വാധീനം നോക്കുമ്പോൾ ഇതിലുമെത്രയോ ചെയ്യാമായിരുന്നു. ഇന്ന് വിപണിയുടെ പതാക വഹിക്കുന്നത് ചാനലുകളാണ്. മധ്യ ഉപരിവർഗ നാഗരികതയുടെ പ്രചരണം ചാനലുകളിലൂടെയാണു നടക്കുന്നത്.

ഏതുപ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്ന പ്രവണത ചാനലുകളിൽ കാണാം. അവതാരകർതന്നെ വിധിയും പ്രസ്താവിക്കുന്നു. തങ്ങളാഗ്രഹിക്കുന്ന രീതിയിലേക്ക് ചർച്ച മാറ്റിമറിക്കുന്നു. കേൾവിക്കാർ എല്ലാവരും മണ്ടന്മാരാണെന്നാണ് ചില അവതാരകർ വിചാരിക്കുന്നതെന്നു തോന്നുന്നു.

ടി.വി-യിൽ ഏറ്റവും കൂടുതൽ പരസ്യങ്ങൾ മൂന്നുനാലു കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണെന്നു കാണാം. ഏറ്റവും കൂടുതൽ പരസ്യങ്ങൾ മൊബൈൽ ഫോണുമായി ബന്ധപ്പെട്ടതാണ്. ഇത്ര എസ്.എം.എസ്. സൗജന്യം, അല്ലെങ്കിൽ ഇത്ര കോളുകൾ സൗജന്യം തുടങ്ങിയ വാഗ്ദാനങ്ങൾ അവർ നൽകുന്നു. സൗജന്യം ആണെന്നു വിചാരിച്ച് എസ്.എം.എസ് ചെയ്തും, ആളുകളെ വിളിച്ചും മടുക്കുന്നുണ്ടോ ആവോ? ആ വിധത്തിൽ അനവധി പേർ മറ്റൊരു പണിയും ചെയ്യാതെ സംസാരിച്ചുകൊണ്ടും പ്രണയിച്ചുകൊണ്ടും സമയവും കാശും ചിലപ്പോൾ ശരീരവും കളഞ്ഞുകൊണ്ടിരിക്കുന്നു. രണ്ടാമതായി ഉണർവിനും വളർച്ചയ്ക്കും ഉതകുമെന്നു പറയുന്ന കൃത്രിമാഹാരങ്ങൾ. നമ്മുടെ കുട്ടികൾ ഇതിനടിമകളായി മാറിക്കഴിഞ്ഞു. ഇതിന്റെ നിർമാതാക്കളായ ആഗോളഭീമന്മാർ തടിച്ചുകൊഴുത്തുകൊണ്ടിരിക്കുന്നു. അടുത്തത് കുഞ്ഞുങ്ങളുടെ മലമൂത്ര വിസർജനം മാതാപിതാക്കളുടെ സൗകര്യം പോലെ സൂക്ഷിച്ചുവയ്ക്കാനുള്ള പ്രത്യേക വസ്ത്രങ്ങൾ. പിന്നെ നാം കാണുന്നത് സ്ത്രീകളുടെ ശരീരത്തിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്ന ശാരീരിക ചംക്രമണങ്ങളിൽ പ്രത്യേക സംരക്ഷണം കൊടുക്കുന്നതിനുള്ള ഉപാധികൾ. ഇവയൊക്കെ ജനം വേണ്ടുവോളം തങ്ങളുടെ അവശ്യ വസ്തുക്കളായി ഏറ്റെടുത്തു കഴിഞ്ഞു. ഇതിനെയെല്ലാം തോൽപിക്കും വിധത്തിൽ സൗന്ദര്യം വാഗ്ദാനം ചെയ്ത് ജ്വല്ലറിക്കാരുമുണ്ട്.

ചാനലുകളെല്ലാം വാണിജ്യ താത്പര്യങ്ങളുടെ പ്രചാരകരായി ജനത്തെ ചൂഷണം ചെയ്യുന്ന സാഹചര്യങ്ങളിൽ ശാലോം പോലെയുള്ള ആത്മീയ ചാനലുകൾക്ക് സമൂഹത്തിൽ വെളിച്ചം പകരാൻ ഇനിയും ഏറെ സാധ്യതയുണ്ട്. തത്സമയ സംപ്രേഷണം ആരംഭിക്കുകയും കൂടുതൽ നിലവാരമുള്ള പരിപാടികൾ അവതരിപ്പിക്കുകയും വേണം. പണം ഇവിടെയും ഒരു വില്ലനായിരിക്കാം. പക്ഷേ, സർവസമ്പത്തിന്റേയും ഉടയവൻ കൂടെയുണ്ടെങ്കിൽ ഈ രംഗത്ത് ഒരു ഉടച്ചുവാർക്കലിനും കുതിച്ചുചാട്ടത്തിനും സാധ്യതയില്ലേ?

വാർത്തപോലും കുടുംബസദസ്സിനു യോജിക്കാത്തവിധം മ്ലേച്ഛതയിൽ നിറഞ്ഞു (തെറ്റയിലിന്റെ ലൈംഗികാപവാദ സി.ഡി-യുടെ സംപ്രേഷണം). ആഭാസകരമായ വസ്ത്രധാരണ ശൈലി (ഇന്നു നിരത്തുകളിൽ അത് നേർക്കാഴ്ചയായി മാറി) അവതാരികമാർ സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. അന്തസുള്ള കുടുംബജീവിതം നയിക്കാനാഗ്രഹിക്കുന്നവർ ഒരു ചാനലിലെയും സീരിയലുകൾ കാണാതിരിക്കുകയാണു നല്ലത്. കോമഡി പരിപാടികൾ പലപ്പോഴും തീരെ നിലവാരം കുറയുന്നു.

നാം മനസ്സിലാക്കേണ്ടത് ഇതാണ്: ഇതൊന്നും നമ്മെ വളർത്താനുള്ള അവശ്യഘടകമായി നിശ്ചയിക്കരുത്. നല്ല പരിപാടികൾ കണ്ടെത്തി വിവേചിച്ചറിഞ്ഞു കാണുക. രാഷ്ട്രീയ, സാമുദായിക, വാണിജ്യ താത്പര്യങ്ങൾ ഓരോ ചാനലിന്റെയും പിന്നിൽ മറഞ്ഞിരിക്കുന്നതു മനസ്സിലാക്കണം. ജീവിതാവശ്യങ്ങൾക്കുവേണ്ടി നാം കരുതി വച്ചിരിക്കുന്ന പണം പലവിധരീതികളിലൂടെ അവർ കവർന്നുകൊണ്ടിരിക്കുന്നു. അവരുടെ ആശയങ്ങളും ആവശ്യങ്ങളും നമ്മുടേതാക്കി മാറ്റി അവർ അടിച്ചേൽപിക്കുന്നു. കേൾക്കുന്നതും കാണുന്നതും നിറമനസ്സോടെ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ഹതഭാഗ്യരല്ല നമ്മൾ. അറിവും അന്തസ്സും പക്വതയും വിവേകവുമുള്ളവരാണു നാം; ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ ■

സണ്ണി കോക്കാപ്പിള്ളിൽ

# പത്രങ്ങൾ നമ്മെ എന്തു പഠിപ്പിക്കുന്നു?



ഓരോ പ്രഭാതത്തിലും ലോകവിശേഷങ്ങളുമായി നമ്മെ തേടി എത്തുകയാണ് പത്രങ്ങൾ. കഴിഞ്ഞ 125 വർഷങ്ങളായി നാമിത് അനുഭവിക്കുന്നു. ചാനലുകളിൽ വാർത്തകൾ എത്ര മിന്നിമറഞ്ഞാലും അതു സ്ഥിരീകരിക്കുന്നത് പത്രങ്ങളിലൂടെയാണ്. നമ്മുടെ രാഷ്ട്രീയ, സാമൂഹ്യാവബോധത്തെ രൂപീകരിക്കുന്നതിൽ പത്രത്തിനു പ്രധാനപങ്കുണ്ട്. ഓരോ വ്യക്തിയും സ്ഥിരമായി താൻ വായിക്കുന്ന, തനിക്കു വിശ്വാസ്യതയുള്ള പത്രം പ്രകടിപ്പിക്കുന്ന നയത്തോട് അറിയാതെ തന്നെ ചേർന്നുപോകുന്നുവെന്നു പറയാൻ കഴിയും.

ഓരോ പത്രത്തിനും വ്യത്യസ്തമായ ജാതി, മത, രാഷ്ട്രീയ, വാണിജ്യ താത്പര്യങ്ങളെന്ന തിരിച്ചറിവിൽ, അതിന്റെ ഉള്ളടക്കത്തെ വിവേചിച്ചറിഞ്ഞു സ്വീകരിക്കുന്ന ഒരു മനോഭാവത്തിലേക്കു നാം വളരേണ്ടതുണ്ട്. അച്ചടിക്കുന്നതെല്ലാം നമുക്കു വേണ്ടിയാണെന്നു നാം വിചാരിക്കരുത്. വാർത്തകളെല്ലാം സത്യസന്ധമായി അവതരിപ്പിക്കപ്പെടുകയാണെന്നും ധരിക്കരുത്. പത്രമാധ്യമം കൈയാളുന്നവർ എന്തിനെ പ്രതിനിധീകരിക്കുന്നുവോ ആ ആശയസംഹിതയിലൂടെ പാകപ്പെടുന്നതാണ് ഓരോ വാർത്തയും. ഏതൊരു വാർത്തയെയും തങ്ങൾ ഇച്ഛിക്കുന്ന രീതിയിൽ ജനങ്ങളിലേക്കു സംവദിക്കാൻ പ്രത്യേക ശൈലി ഓരോ പത്രവും രൂപപ്പെടുത്തിയിട്ടുണ്ട്.

ഒരു പത്രം ഏതു വിഭാഗത്തിനു വേണ്ടിയാണെന്നറിയാൻ അതിലെ ചരമക്കോളം നോക്കിയാൽ മതി എന്നു പറയാറുണ്ട്. ഒരർഥത്തിൽ അതു ശരിയുമാണ്. മിക്കവാറും പത്രത്തിന്റെ വായനക്കാരുടെ ചരമ അറിയിപ്പുകളും പരസ്യങ്ങളുമായിരിക്കും അതിൽ പ്രസിദ്ധീകരിക്കുന്നത്. ഇതു നമുക്ക് പരിശോധിച്ചറിയാവുന്നതുമാണ്.

വിവിധ ജാതി, മത, രാഷ്ട്രീയ വിഭാഗങ്ങളെ പിൻതുണയ്ക്കുന്ന 15-ഓളം മലയാള പത്രങ്ങൾ കേരളത്തിലുണ്ട്. ഇതിൽ വരിക്കാരുടെ സംഖ്യ ദശലക്ഷം കടന്ന രണ്ടു പത്രങ്ങളേ

യുള്ളൂ. അവ മലയാള മനോരമ, മാതൃഭൂമി എന്നിവയാണ്. ഇവയാണ് മലയാളത്തിലെ ലീഡ് പത്രങ്ങൾ എന്നുപറയാം. പ്രചാരത്തിൽ മനോരമയാണ് മുന്നിട്ടുനിൽക്കുന്നത്. ഇന്ത്യയിൽ 16-ഉം ഗൾഫിൽ 2 എഡിഷനുകളും മനോരമയ്ക്കുണ്ട്. ഉടമസ്ഥർ ഓർത്തഡോക്സ് സഭാംഗങ്ങളാണ്. പൊതുവേ വലതുപക്ഷചായ്‌വുള്ള പത്രമാണിത്. മതേതരഛായ നിലനിർത്താൻ ശ്രമിക്കാറുണ്ട്. മികച്ച സാങ്കേതിക വിദ്യയും വിപണന സൗകര്യവും മനോരമയ്ക്കുണ്ട്. വാണിജ്യ താത്പര്യങ്ങളും പിന്നിലുണ്ടുതാനും. വാർത്തകൾ കൃത്യതയാർന്നതാണെന്നും നൂറുശതമാനം പറയാൻ കഴിയില്ലെങ്കിലും അങ്ങനെ മേനിനടിക്കുന്നു.

14 ഇന്ത്യൻ എഡിഷനുകളും ഒരു ഗൾഫ് എഡിഷനുമായി മാതൃഭൂമി പത്രങ്ങളിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്നു. കേരളത്തിലെ സവർണ്ണ ഹിന്ദുക്കളുടെ പത്രമായി പറയാവുന്നതാണ്. ഇപ്പോൾ വലതുപക്ഷചായ്‌വിലാണ്. വാർത്തകൾക്ക് നിലവാരമുണ്ട്. ദേശീയത മുൻനിറുത്തിയുള്ള അവതരണശൈലിയാണ്. മതേതരം എന്നു തോന്നുമെങ്കിലും ഹൈന്ദവികതയ്ക്കു പ്രാധാന്യം കൊടുക്കുന്നതായി കാണാം.

ഇങ്ങനെയൊക്കെയാണെങ്കിലും കേളത്തിലെ പൊതു സമൂഹം അംഗീകരിച്ചിരിക്കുന്നതും അവരുടെ ജീവിത സാഹചര്യങ്ങളിൽ ഒരു പൊതു അവബോധം ഉണർത്തുന്നതുമായ പത്രങ്ങൾ ഇവ രണ്ടുമാണ്. നൂതന സാങ്കേതികവിദ്യ പരമാവധി ഉപയോഗിക്കുന്നു. കെട്ടിലും മട്ടിലും മികച്ച നിലവാരം പുലർത്തുന്നു. പരമാവധി വാർത്തകൾ കൊടുക്കാനും ശ്രമിക്കുന്നുണ്ട്. കൂടുതൽ ജനങ്ങളിലേക്കെത്തിച്ചേരുന്നതുകൊണ്ട് പരസ്യങ്ങളുടെ ബാഹുല്യം ചിലപ്പോഴൊക്കെ അരോചകമായിത്തീരാറുണ്ടുതാനും. എങ്കിലും ഭാഷാശൈലി നല്ലതാണ്.

കത്തോലിക്കരുടെ ഉടമസ്ഥതയിലുള്ള പത്രമാണ് ദീപിക. 6 എഡിഷനുകളുണ്ട്. വാർത്തകളിൽ നിഷ്പക്ഷതയുണ്ട്. മലയാള പത്രങ്ങളിൽ ഏറ്റവും നല്ല എഡിറ്റോറിയൽ പേജ് ദീപികയുടതാണെന്നു പറയാം. വാർത്തകളിൽ സത്യസന്ധത പാലിക്കാറുണ്ട്. മനോരമയോടോ മാതൃഭൂമിയോടോ തുലനം ചെയ്യാൻ സാധിക്കുകയില്ലെങ്കിലും ഒരു കത്തോലിക്കൻ ദീപിക വായിച്ചിരിക്കണം.

8 ഇന്ത്യൻ എഡിഷനുകളും ഒരു ഗൾഫ് എഡിഷനുമാണ് ദേശാഭിമാനിക്കുള്ളത്. മാർക്സിസ്റ്റു പാർട്ടിയുടെ മുഖപത്രമാണിത്. ഒരു വാർത്ത പാർട്ടിക്കനുകൂലമായി പ്രസിദ്ധീകരിക്കുന്നത് എങ്ങനെയാണെന്നറിയാൻ ദേശാഭിമാനി വായിച്ചാൽ മതി.

ഹിന്ദുസമൂഹത്തിലെ ഈഴവർക്കു പ്രാധാന്യമുള്ള പത്രമാണ് കേരളകൗമുദി. പൊതുവേ ഈഴവർ ഇടതുപക്ഷത്തോടൊപ്പമായതിനാലായിരിക്കാം ഇടതുപക്ഷത്തോടനുഭാവം പ്രകടിപ്പിക്കുന്നു.

ജമാ അത്തെ ഇസ്ലാമി കേരളത്തിലെ മുസ്ലീം ജനസംഖ്യയിൽ സുന്നികളേക്കാൾ കുറവാണെങ്കിലും അവരുടെ മുഖപത്രമായ മാധ്യമം ശക്തമായ സാന്നിധ്യം അറിയിച്ചുകഴിഞ്ഞു. 8 ഇന്ത്യൻ എഡിഷനുകളും 9 ഗൾഫ് എഡിഷനുകളും മാധ്യമത്തിനുണ്ട്. പലപ്പോഴും മതേതര മുഖംമൂടി എടുത്തണിയാറുണ്ടെങ്കിലും ജമാ അത്തെ ഇസ്ലാമിയുടെ സാമൂഹ്യ സംഘടനയായ സോളിഡാരിറ്റിയുടെ നയങ്ങളാണ് പത്രത്തിനു പിന്നിലുള്ള അജണ്ടയെന്ന് മനസ്സിലാക്കാവുന്നതാണ്. സാമൂഹ്യ രംഗത്തെ തീവ്ര ആക്ടിവിസ്റ്റുകളുടെ സാന്നിധ്യം പത്രത്താളുകളിൽ ചിലപ്പോൾ കാണാൻ കഴിയും.

മതേതരഛായ നിലനിർത്താൻ ശ്രമിക്കുന്ന മംഗളം പത്രത്തിന് 7 എഡിഷനുകളുണ്ട്. അകത്തോലിക്കാ ക്രിസ്ത്യാനികളാണ് ഉടമസ്ഥർ. മുസ്ലീം ലീഗിന്റെ മുഖപത്രമായ ചന്ദ്രികയ്ക്ക് 6 ഇന്ത്യൻ എഡിഷനുകളും 3 ഗൾഫ് എഡിഷനുകളുമുണ്ട്. കോൺഗ്രസിന്റെ മുഖപത്രമായ വീക്ഷണം 4 സ്ഥലത്തുനിന്നു പ്രസിദ്ധീകരിക്കുന്നു. 5 എഡിഷനുകളുള്ള ജന്മഭൂമിയുടെ പിന്നിൽ പ്രവർത്തിക്കുന്നത് ആർ.എസ്.എസ് ആണ്. കേരളത്തിൽ ബി.ജെ.പിക്കനുകൂലമായ ഒരു തരംഗമുണ്ടാക്കാൻ ആവതു ശ്രമിക്കുന്നുണ്ട്. വലതു കമ്യൂണിസ്റ്റു പാർട്ടിയുടെ മുഖപത്രമായ ജനയുഗത്തിന് 4 എഡിഷനുകളുണ്ട്. വ്യവസായിയായ ഫാരീസിന്റെ മെട്രോ വാർത്ത, മുസ്ലീം വിഭാഗങ്ങളായ മുജാഹിദ് പ്രസ്ഥാനത്തിന്റെ വർത്തമാനം, കാന്തപുരം സുന്നി വിഭാഗത്തിന്റെ സിറാജ്, എൻ.ഡി.എഫിന്റെ തേജസ് എന്നിങ്ങനെ ചില പത്രങ്ങളും കേരളത്തിലുണ്ട്. ഇതിനു പുറമേ ഇംഗ്ലീഷ് ഭാഷയിലുള്ള ഇന്ത്യൻ എക്സ്പ്രസ്, ദി ഹിന്ദു, ടൈംസ് ഓഫ് ഇന്ത്യ, ഡെക്കാൻ ഹെറാൾഡ് എന്നിവയും കേരളത്തിൽ വേരോട്ടമുള്ള പത്രപ്രസിദ്ധീകരണങ്ങളാണ്.

വാർത്തകൾക്ക് ഓരോ പത്രവും കൊടുക്കുന്ന മുൻതൂക്കവും ശൈലിയും വിശക

ലനം ചെയ്യുമ്പോൾ പത്രങ്ങൾ ഓരോന്നും ഏതു വിഭാഗത്തിലാണ് ജനങ്ങളോടു സംവദിക്കുന്നതെന്ന ഒരു സമഗ്ര ചിത്രം നമുക്കു കിട്ടും. ഉദാഹരണമായി 2013 ജൂലൈ 3-ലെ ദിനപത്രങ്ങൾ വിശദമായി അപഗ്രഥിച്ചപ്പോൾ പത്രങ്ങളുടെ അന്തസത്ത വ്യക്തമായി വെളിപ്പെടുന്നതു കാണാൻ കഴിഞ്ഞു. അന്ന് പത്രത്താളുകളിൽ അച്ചടിക്കപ്പെടേണ്ടതായി പ്രധാനപ്പെട്ട ഏഴു സംഭവങ്ങളെ എടുത്തു കാണിക്കാം. അവ യഥാക്രമം കോൺഗ്രസും ലീഗുമായിട്ടുള്ള പ്രശ്നങ്ങൾ, ഗതിനിർണയ ഉപഗ്രഹം ശ്രീഹരിക്കോട്ടയിൽ നിന്നും ഇന്ത്യ വിക്ഷേപിച്ചതിലൂടെ ലോകത്തെ 5-ാമത്തെ രാജ്യമായി മാറുന്നത്, സോളാർ കേസ്, ജോസ് തെറ്റയിൽ എം.എൽ.എ-യുടെ ലൈംഗികാപവാദം, ഈജിപ്തിലെ ഭരണമാറ്റം, ലോകസഭാതെരഞ്ഞെടുപ്പിനു മുൻപ് മൂന്നാം ബദൽ രൂപം കൊള്ളുന്നത്, ഗുജറാത്തിലെ ഇഷ്റത്ജഹാൻ കേസിൽ സി.ബി.ഐ-യുടെ കുറ്റപത്രം എന്നിവയാണ്.

ഇവയിൽ ഏതിനൊക്കെ പ്രാധാന്യമാണ് ഓരോ പത്രങ്ങളും തങ്ങളുടെ ഫ്രണ്ട്പേജിൽ കൊടുത്തതെന്നറിയുമ്പോൾ പത്രത്തിന്റെ സ്വഭാവവും നമ്മുടെ മുൻപിൽ വ്യക്തമാക്കപ്പെടും.

മലയാളമനോരമ പ്രാധാന്യം നൽകിയിരിക്കുന്നത് കോൺഗ്രസ്-ലീഗ് തർക്കവും ഇന്ത്യയുടെ അഭിമാനമായ ഗതിനിർണയ ഉപഗ്രത്തിന്റെ വിക്ഷേപണവുമാണ്. മാതൃഭൂമി ഇവയ്ക്കു പുറമേ സോളാർ വിവാദവും മുൻ പേജിൽ കൊടുത്തിട്ടുണ്ട്. ദീപിക കോൺഗ്രസ്-ലീഗ് തർക്കവും ഗതിനിർണയ ഉപഗ്രഹം വിക്ഷേപിച്ചതും ജോസ് തെറ്റയിലിന്റെ ഭാര്യയുടെ പരാതിയും മുൻപേജിൽ പ്രസിദ്ധീകരിച്ചു. ദേശാഭിമാനിയാകട്ടെ, സോളാർ വിവാദത്തിൽ ഉമ്മൻചാണ്ടിക്കെതിരായും കോൺഗ്രസ്-ലീഗ് തർക്കവും മൂന്നാം ബദൽ രൂപപ്പെടുന്നതും വാർത്തയാക്കി. കേരളാകൗമുദി കോൺഗ്രസ്-ലീഗ് തർക്കവും സോളാർ വിവാദവും മുൻപേജിൽ അച്ചടിച്ചു. മംഗളം കോൺഗ്രസ്-ലീഗ് തർക്കവും സോളാർ വിവാദത്തിൽ നടി ശാലു മേനോന്റെ പങ്കും വിവരിച്ചിരിക്കുന്നു. വാർത്ത യു.ഡി.എഫിന് എതിരായിട്ടാണ് നൽകിയിരിക്കുന്നത്. ചന്ദ്രികയുടെ പ്രധാന വാർത്ത കോൺഗ്രസ്-ലീഗ് തർക്കവും ഇഷ്റത്ജഹാന്റെ കേസിനെക്കുറിച്ചുമാണ്. മാധ്യമം കോൺഗസ്-ലീഗ് തർക്കവും മൂന്നാം ബദലും മുൻപേജിൽ കൊടുത്തു. ജന്മഭൂമി വാർത്ത പ്രധാനമായും ഇഷ്റത്ജഹാൻ കേസിൽ മോഡിക്കനുകൂലമായി സാഹചര്യം ഉരുത്തിരിയുന്നതായും സോളാർ വിവാദവുമാണ്. ജനയുഗം വാർത്ത സോളാർ വിവാദത്തിൽ ഉമ്മൻചാണ്ടി കുടുങ്ങുന്നതായും മൂന്നാം ബദൽ രൂപീകരണവുമാണ്. വീക്ഷണം ഈജിപ്തിലെ ഭരണമാറ്റത്തെക്കുറിച്ചും സോളാർ വിവാദത്തെക്കുറിച്ചും മുൻപേജിൽ വാർത്ത കൊടുത്തിരുന്നു.

പത്രത്തിൽ കാണുന്ന വാർത്തകളുടെ പ്രാധാന്യമാണ് പിന്നിലുള്ളവരുടെ ഉദ്ദേശ്യത്തെ വെളിവാക്കുന്നത്. അതു തിരിച്ചറിയാൻ വായനക്കാർക്കു കഴിയണം. ഒരു കത്തോലിക്കൻ പത്രങ്ങളിലൂടെ പക്വമായ സാമൂഹ്യ അവബോധവും ദർശനവും രൂപപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ ശുപാർശ ചെയ്യുക ആദ്യം പ്രതിപാദിച്ച മൂന്നു പത്രങ്ങളെയാണ്. വായനയുടെ പോരായ്മ നമ്മുടെ ചെറുപ്പക്കാരെ നിരീക്ഷിക്കുമ്പോൾ കണ്ടെത്താൻ കഴിയും. ലോകത്തിന്റെ യഥാർഥ ഗതി പലരുമറിയുന്നില്ല. തങ്ങളിഷ്ടപ്പെടുന്ന ചെറിയ ലോകത്ത് ഒതുങ്ങിക്കഴിയുമ്പോൾ പലവിധത്തിലുള്ള ചതിക്കുഴികളിലും വീഴാൻ വളരെയെളുപ്പമാണ്. അറിവിന്റെ ആഴമോ വിശാലതയോ പത്രങ്ങൾ നൽകുന്നില്ലെങ്കിലും അതിന്റെ വൈവിധ്യമുണ്ട്. പിന്നെ, നാമെവിടെയാണു വസിക്കുന്നതെന്ന ബോധ്യവും ലഭിക്കും ■

www.kairos4youth.blogspot.in

facebook

കെയ്റോസ് വിശേഷങ്ങൾ
ഓരോദിവസവും അറിയാനും
വിവിധ പ്രവർത്തനങ്ങളിൽ പങ്കുചേരാനും
**facebook.com/Readkairos**
ലൈക്ക് ചെയ്യുക.



## കവർസ്റ്റോറി

ഫാ. ഫ്രാൻസിസ് കാരക്കാട്ട്

# മാധ്യമ അധിനിവേശം

ടെലിവിഷൻ കുടുംബ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുത്തതോടെ, ഇന്ന് വീടുകൾ വെറും 'ഹോസ്റ്റലു'കളായി മാറിക്കൊണ്ടിരിക്കുകയാണ്. രാത്രിയിൽ സുരക്ഷിതമായി ഉറങ്ങാനുള്ള 'ലോഡ്ജാ'യും ഭക്ഷണം കഴിക്കാനുള്ള 'ഹോട്ടലാ'യും ക്ഷീണിതരാകുമ്പോൾ സിനിമയും സീരിയലും, കോമഡി ഷോകളും, റിയാലിറ്റി ഷോകളും കണ്ട് റിലാക്സ് ചെയ്യാനുള്ളള്ള തിയേറ്ററായും നമ്മുടെ ഭവനങ്ങൾ അധ:പതിച്ചിരിക്കുന്നു!

വീട് ഇന്ന് 'ചന്ത'യാണ്. ഈ വിപണിയിൽ മാർക്കറ്റിങ് കോലാഹലമാണ്. സോപ്പിന്റെ... വീട്ടുപകരണങ്ങളുടെ... ഭക്ഷണ സാധനങ്ങളുടെ... സ്വർണാഭരണങ്ങളുടെ... വാഹനങ്ങളുടെ... വസ്ത്രങ്ങളുടെ... ശീതളപാനീയങ്ങളുടെ. നാം ആരാധിക്കുന്ന സിനിമ - സ്പോർട്സ് താരങ്ങൾ നമ്മുടെ സ്വീകരണമുറിയിൽ 'അധിനിവേശം' നടത്തി നമ്മോട് വിലപേശുകയാണ്. നമ്മിൽ നമ്മുടെ ഉപകരണങ്ങളെ നാം ആദ്യം രൂപപ്പെടുത്തിയെടുക്കുന്നു. പിന്നീട് ആ ഉപകരണങ്ങൾ നമ്മെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

1960-കളിൽ അമേരിക്കയിലെ കറുത്ത വംശജരുടെ അനിഷേധ്യ നേതാവായിരുന്ന മാൽക്കം എക്സിന്റെ പ്രവചനം നാം ഉൾക്കൊണ്ടില്ല:

"ഭൂതലത്തിലെ ഏറ്റവും ശക്തമായ പ്രതിഭാസം മാധ്യമങ്ങളാണ്. അവയ്ക്ക് കുറ്റവാളികളെ നിഷ്കളങ്കരും നിഷകളങ്കരെ കുറ്റവാളികളുമാക്കി മാറ്റാൻ കഴിയും. അധികാരമെന്നാൽ അതാണ്. മുഴുവൻ ജനങ്ങളുടെയും മനസ്സുകളെ സ്വാധീനിക്കാൻ അതിനു ശേഷിയുണ്ട്."

സ്വീകരണ മുറിയിൽ ബന്ദികളായി ചടഞ്ഞിരിക്കുന്ന നമുക്ക് ടി.വി. തുറന്നിടുന്നത് യാഥാർഥ്യത്തിന്റെ കാഴ്ചകളല്ല. യഥാർഥ യാഥാർഥ്യത്തിന് (real reality) പകരം യാഥാർഥ്യത്തിന്റെ ഒരു ഭാഷ്യം മാത്രം (version of reality). കാഴ്ചകളെ വർണപ്പൊലിമയുള്ളതാക്കി, ബഹുഗുണീഭവിപ്പിച്ച് ബൃഹത് രൂപത്തിലാക്കി നമ്മുടെ മനസ്സിനെ അയഥാർഥമായ ഒരു ലോകത്തേക്ക് അത് കൊണ്ടുപോകുന്നു.

സീരിയലുകളിലൂടെ അവിഹിതബന്ധങ്ങൾ തുടർച്ചയായി കാണിച്ച് അത് സമൂഹത്തിന്റെ നടപ്പു രീതിയാണെന്ന് ബോധ്യപ്പെടുത്തുന്നു. ഒരാവശ്യവുമില്ലാത്ത ഉത്പന്നങ്ങൾ പോലും അഭിജാത ജീവിതത്തിന്, കുടുംബഭദ്രതയ്ക്ക്, സ്നേഹപ്രകടനത്തിന് അനിവാര്യമാണെന്ന മട്ടിൽ അവതരിപ്പിക്കപ്പെടുന്നു. വേണ്ടതിനെ അനാവശ്യമാക്കുകയും അനാവശ്യമായതിനെ അനിവാര്യമാക്കുകയും ചെയ്യുന്ന അവസ്ഥ. ഭാര്യയുടെ സ്നേഹം നിലനിർത്താനായി 'ചന്ദ്രിക' സോപ്പ് വാങ്ങാതെ മൂന്നിരട്ടി വിലയുള്ള 'ഡോവ്' (Dove) വാങ്ങുന്നു. ഭർത്താവിന്റെ 'ഗ്ലാമർ' കൂട്ടാൻ 'ഇമാമി' (Emami) ഫെയർനെസ്സ് ക്രീം വീട്ടിലെത്തുന്നു. കുട്ടികളുടെ പ്രീതി സമ്പാദിക്കാനായി ചായയ്ക്കും കാപ്പിക്കും പകരം 'ഹോർലിക്സും' 'ബൂസ്റ്റും' (Horlicks & Boost) പാനീയങ്ങളായി നൽകുന്നു. അയൽവാസിയുമായുള്ള മത്സരത്തിന്റെ ഭാഗമായി ബസ് യാത്ര നിർത്തി ലോണെടുത്ത് കാർ വാങ്ങുന്നു.

ഇതര ജീവികളിൽ നിന്ന് മനുഷ്യനെ വേർതിരിച്ച് നിർത്തുന്ന മൗലിക ഘടകങ്ങളായ ചിന്താശക്തിയെയും ഭാവനാവൈഭവത്തെയും (Imagination and Thinking Faculties) ടെലിവിഷൻ അപഹരിക്കുന്നു. ദൃശ്യങ്ങൾ ഒന്നിനുപിറകെ മറ്റൊന്ന് എന്ന നിലയ്ക്ക് മാറിമറിയുമ്പോൾ, മനസ്സ് സ്തബ്ദമാകുന്നു. ചിന്തയ്ക്ക് ഇടമില്ലാതാകുന്നു. വിചിന്തനശേഷി നഷ്ടപ്പെടുന്നതോടെ, വെറുമൊരു 'വികാരജീവിയായി' തരംതാഴ്ന്ന്, ഭാര്യയോടും, ഭർത്താവിനോടും, മക്കളോടും, അമ്മായിയമ്മയോടും വിഡ്ഢിത്തം വിളമ്പുകയും അബദ്ധങ്ങൾ കാട്ടിക്കൂട്ടുകയും ചെയ്യുന്നു. പരസ്യങ്ങളിലെ അവകാശവാദങ്ങളിൽ വിശ്വാസമർപ്പിച്ച് പഴയത് മാറ്റി പുതിയത് വാങ്ങി വരുത്തിവയ്ക്കുന്ന കടബാധ്യതകളുടെ ടെൻഷൻ വേറെയും.

അക്രമവും അശ്ലീലതയും കുത്തിനിറച്ച ടി. വി. പരിപാടികളിൽ മുഴുകിയിരിക്കുന്ന കുഞ്ഞു

ങ്ങൾക്ക് വളഞ്ഞവഴിക്കുള്ള വിജയത്തേക്കാൾ അഭിമാനകരമാണ് നേർവഴിക്കുള്ള പരാജയമെന്ന് ടെലിവിഷൻ സംസ്കാരം പഠിപ്പിക്കുന്നില്ല. സമ്പത്തിലാണ് സംതൃപ്തിയെന്ന മിഥ്യാധാരണ വളർത്തുന്ന ടെലിവിഷൻ വീണുകിട്ടുന്ന 500 രൂപ നോട്ടിനേക്കാൾ വിലയുള്ളതാണ് സ്വയം അധ്വാനിച്ച് നേടുന്ന 10 രൂപ നോട്ട് എന്ന് ഉദ്ബോധിപ്പിക്കുന്നില്ല.

'വീടിനു മുൻപിലുള്ള റോഡ് മുറിച്ചുകടക്കാൻ പ്രായമാകും മുമ്പ്, ടെലിവിഷൻ കുട്ടികളെ ലോകം മുഴുവൻ സഞ്ചരിപ്പിക്കുന്നു.' വീട്ടിലിരിക്കുന്ന ടെലിവിഷൻ തച്ചുടയ്ക്കണമെന്നല്ല ഇതിനർത്ഥം. ടി. വി. കണക്ഷൻ വിച്ഛേദിക്കണമെന്നും നിർദേശിക്കുന്നില്ല. വാർത്ത മാത്രം കണ്ടാൽ മതിയെന്ന് നിർബന്ധം പിടിക്കുന്നില്ല. സീരിയൽ നിരോധിക്കണമെന്ന് വാദിക്കില്ല. ക്രിക്കറ്റും പരസ്യങ്ങളും ഒഴിവാക്കണമെന്നും അഭിപ്രായപ്പെടുന്നില്ല. പക്ഷേ, യാഥാർത്ഥ്യബോധവും തിരിച്ചറിവും നമുക്കുണ്ടാകണം - ഭാര്യയെ നന്നാക്കാനല്ല രാജീവ് ചന്ദ്രശേഖർ 'ഏഷ്യനെറ്റ്' ചാനലിനു വേണ്ടി കോടികൾ മുതൽ മുടക്കിയിരിക്കുന്നത്. ഭർത്താവിനെ കുടുംബജീവിതത്തിന്റെ ബാലപാഠം പഠിപ്പിക്കാനല്ല സോമതീരം 'ജീവൻ' ചാനൽ ഏറ്റെടുത്ത് നടത്തുന്നതെന്ന്... ഒരോ ചാനലിനും രഹസ്യ അജണ്ടയുണ്ടെന്ന്... അത് ഒരു സേവന സംരംഭമല്ലെന്ന്... അത് കേവലമൊരു ബിസിനസ്സ് പ്രസ്ഥാനമാണെന്ന്... ലാഭത്തിനു വേണ്ടിയുള്ള വ്യവസായമാണെന്ന്... ജനങ്ങൾക്ക് ആവശ്യമുള്ളത് കൊടുക്കുന്നതിനു പകരം ഇഷ്ടമുള്ളത് വിളമ്പുന്ന സംവിധാനമാണെന്ന്... അവരിൽ സാമൂഹ്യ പ്രതിബദ്ധതയും കുടുംബക്ഷേമവും അടിച്ചേൽപ്പിക്കാനാവില്ലെന്ന്... ടെലിവിഷൻ ഇന്ന് കുടുംബജീവിതത്തിന് അവിഭാജ്യഘടക മാണ്. റബർപാൽ ഷീറ്റാക്കാൻ ഉപയോഗിക്കുന്ന ആസിഡ് പോലെ... ബൾബ് കത്തിക്കാനുപയോഗിക്കുന്ന വൈദ്യുതി പോലെ... കുടിവെള്ളത്തിനായി കുഴിച്ചിട്ടുള്ള കിണറുപോലെ... ഷേവിങ്ങിനുപയോഗിക്കുന്ന ബ്ളേയ്ഡ് പോലെ.



വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറന്നു തരുന്ന നൂതന സാങ്കേതിക വിദ്യയാണ് ഇന്റർനെറ്റ്. അത് ലോകത്തെ ആഗോള ഗ്രാമമാക്കി. ഏതൊരു വിഷയത്തെപ്പറ്റിയും ഗവേഷണം നടത്താൻ ഇന്റർനെറ്റ് പരതിയാൽ മതി. ഇന്റർനെറ്റ് സഹായത്തേക്കാളേറെ ഉപദ്രവമാകുന്ന സാഹചര്യമുണ്ട്. ഇന്റർനെറ്റ് ചാറ്റിങ്ങിനുപോകുന്ന ഭൂരിപക്ഷം പേരും ആസൂത്രിതമായി സമയം പാഴാക്കുകയാണ്. വിജ്ഞാനസ്രോതസ്സുകളിൽ പരതുന്നതിനുപകരം അശ്ലീല സൈറ്റുകളിൽ മുഴുകി സ്വയം നശിക്കുന്നവരുമുണ്ട്.

സുഹൃത്തുക്കളെ കണ്ടെത്താനും ഓർമകളും സ്വപ്നങ്ങളും പങ്കുവയ്ക്കാനുമുള്ള ട്വിറ്റർ, ഫെയ്സ്ബുക്ക് മുതലായവ നിഷ്കളങ്കമായ ചില കുസൃതികളുടെ വേദിയായിരുന്നു. പക്ഷേ, ഇന്നത് വൻകിട ക്രൈമുകളുടെയും ഭീകര പ്രവർത്തനങ്ങളുടെയും രാജ്യവിരുദ്ധ ശക്തികളുടെയും പ്ളാറ്റ്ഫോമായും മാറുന്നു. ഇന്റർനെറ്റ് നമുക്ക് അറിവിന്റെ വിശാലമായ വാതായനങ്ങൾ തുറന്നു തരുന്നു. എന്നാൽ, അത് മൂല്യങ്ങൾ പകർന്നു തരുന്നില്ല. മൂല്യങ്ങൾക്ക് മുനഗണന നൽകാത്തപ്പോൾ, നാം മാനുഷികമായി അധ:പതിക്കും.

ഇന്റർനെറ്റ് കഫേകളിലെത്തുന്ന നൂറിലധികം പേരെ മുഖാമുഖം കണ്ട് തിരുവനന്തപുരം ലയോള കോളേജിലെ സോഷ്യോളജി വിഭാഗം നടത്തിയ ഒരു സർവേയിൽ ഞെട്ടിക്കുന്ന വിവരങ്ങളാണ് വെളിപ്പെട്ടത്. കഫേകളിൽ എത്തുന്നവരിൽ 90% പേരും സ്കൂൾ കുട്ടികളാണ്. 90% സന്ദർശകരും അശ്ലീല സൈറ്റുകളാണ് പരതുന്നത്.


ഇന്റർനെറ്റ് ആസക്തിയുള്ളവരിൽ പലർക്കും മാനസിക പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടെന്ന് അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷൻ നടത്തിയ പഠനം വ്യക്തമാക്കുന്നു. അവരിൽ ഏകാഗ്രത നഷ്ടപ്പെടുന്നു. ഉത്തരവാദിത്തങ്ങളോട് ഇക്കൂട്ടർ വിമുഖത പ്രകടിപ്പിക്കുന്നു. സ്വഭാവവും വ്യക്തിത്വവും നഷ്ടപ്പെട്ട, ഊർജസ്വലതയും പ്രസരിപ്പും പ്രതികരണശേഷിയുമില്ലാത്ത, മൂല്യബോധവും, പ്രാഥമികവൽക്കരണവും ശീലിക്കാത്ത ഒരു തലമുറ വളർന്നുവരും.

ഓർക്കുക ടെലിവിഷനും, ഇന്റർനെറ്റും, മൊബൈലുമൊക്കെ ജീവിതത്തിന് ഭീഷണിയും വെല്ലുവിളിയുമാകുന്നത് അവ നമ്മുടെ ഉടമകളാകുകയും നാം അവയുടെ അടിമകളാകുകയും ചെയ്യുമ്പോഴാണ് ■

കവർസ്റ്റോറി

എൽസീന ജോസഫ്





# കാഴ്ചക്കണി ഒരുക്കും മാധ്യമങ്ങൾ

ആധുനിക ജീവിത ചര്യയുടെ ഗതി നിർണയിക്കുന്ന സുപ്രധാന ഘടകങ്ങളാണ് ദൃശ്യമാധ്യമങ്ങൾ. ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും ദൃശ്യശ്രാവ്യ സാധ്യതകൾ അനന്തമാണ്. എവിടെയും കാമറക്കണ്ണുകൾ കടന്നുവരുന്ന കാലം. ഏതു രഹസ്യവും 'പുരമുകളിൽ പ്രഘോഷിക്കപ്പെടുന്ന' സാഹചര്യം. നേരിന് നേർക്കു പിടിക്കുന്ന കണ്ണാടിയായി ചില ടെലിവിഷൻ പ്രോഗ്രാമുകൾ മാറുമ്പോൾ അത് സമൂഹത്തിന് നൽകുന്നത് നേർവഴിയിലേക്കുള്ള ഒരു ഉണർത്തുപാട്ടാണ്.... ഇതാ ചില ഉദാഹരണങ്ങൾ.

### എന്നും സത്യമേവ ജയതേ!

തിരക്കുപിടിച്ച ജീവിതത്തിനിടയ്ക്ക് കാണാതെ പോകുന്നതോ, കണ്ടിട്ടും പരിഗണിക്കാതെ പോകുന്നതോ ആയ കാര്യങ്ങൾ അനവധിയാണ്. മനുഷ്യമന:സാക്ഷിയെ ഞെട്ടിക്കുന്ന സംഭവങ്ങൾ ചുറ്റിലും നടക്കുമ്പോഴും അത് അവിടെയല്ലേ എന്നോർത്ത് ആശ്വസിക്കാനാണ് നമുക്കിഷ്ടം. എന്നാൽ ബോളിവുഡ് നടനും, സാമൂഹ്യ സന്നദ്ധ സേവന രംഗത്തെ തികഞ്ഞ സാന്നിധ്യവുമായ ആമിർഖാൻ ക്യാമറ തിരിച്ചത് നമ്മൾ മുഖം തിരിച്ചിടത്തേക്കാണ്. വിവിധ ചാനലുകളിലായി (മലയാളത്തിൽ ഏഷ്യാനെറ്റ്) സംപ്രേഷണം ചെയ്തിരുന്ന 'സത്യമേവ ജയതേ' എന്ന പരിപാടി സമൂഹത്തിന്റെ മന:സാക്ഷിയിലേക്ക് ഒരുപാട് ചോദ്യങ്ങളും ചിന്തകളും ഇട്ടുതന്നിരുന്നു. അബോർഷനും ലൈംഗികാപചയങ്ങളും, പലതരം പീഡനങ്ങളും മൂലം തകരുന്ന ഇന്ത്യയെ ജനഹൃദയങ്ങളിലേക്കെത്തിച്ചപ്പോൾ പൂർത്തിയായത് വലിയൊരു മിഷൻ പ്രവർത്തനം എന്നു വിളിക്കാനാണെനിക്കിഷ്ടം. കാലിക പ്രാധാന്യമായ വിഷയങ്ങളെ അതീവ സൂക്ഷ്മതയോടെയാണവർ അവതരിപ്പിച്ചത്. കാണിച്ചതൊന്നും മിഥ്യയായിരുന്നില്ല... എല്ലാം സത്യം മാത്രം. ഇനി വേണ്ടത് ഇതിന്റെ വിജയമാണ്... നന്മയുടെയും സത്യത്തിന്റെയും വിജയം ഈശ്വരാ... സത്യമേവ ജയതേ!! (എപ്പിസോഡുകൾ കാണാൻ www.satyamevjayate.in)

### ആരാ ഈ കോടീശ്വരൻ ?

വിജ്ഞാന മേഖലയിലെ മുന്നേറ്റമാണ് ഇന്ന് പലതും കയ്യെത്തിപ്പിടിക്കാൻ മനുജനെ പ്രാപ്തമാക്കിയത്. ഈ അറിവിനെ ഹോട്ട് സീറ്റിലിരുന്ന് നേരിടുമ്പോൾ പിഴവു സംഭവിക്കാത്തവർ ഭാഗ്യവാന്മാർ. മന:പാഠമാക്കിയതും പാഠമാക്കേണ്ടതുമായ കാര്യങ്ങളുടെ കലവറ തന്നെ തുറന്നിട്ട പ്രോഗ്രാമാണ് ഏഷ്യാനെറ്റിൽ സംപ്രേഷണം ചെയ്യുന്ന 'നിങ്ങൾക്കും ആകാം കോടീശ്വരൻ' എന്ന പ്രോഗ്രാം. വ്യക്തികളുടെ ജനറൽ നോളജിനെ അളക്കുന്ന ഈ ഗെയിംഷോ അറിവിന്റെ മേഖലയിൽ പ്രായഭേദമന്യേ ഏവർക്കും ഗുണപ്രദമാണ്. പതിനഞ്ച് ഘട്ടങ്ങൾ കടന്ന് കോടിയുടെ പടിയിലെത്തുന്നതിൽ അറിവിന്റെ തീരം അവസാനിക്കുന്നില്ലായെന്നതും പ്രധാനം. കളിയിൽ വിജയവും പരാജയവും സ്വാഭാവികം. വിജയിയാവുക സമ്മാനം നേടുക എന്നതിനുമപ്പുറം ഒരറിവും ചെറുതല്ല എന്നു തിരിച്ചറിയുകയാണ് പ്രധാനം. അതിന് ഈ പരിപാടി നിമിത്തമാണെന്നത് തീർച്ച.

### എങ്ങും ഹരിതമയം

പ്രകൃതിയുടെ സമൃദ്ധിയെ അനുഭവിക്കാനും അതിന്റെ തനിമ നിലനിർത്താനും ആവശ്യമായ നിർദേശങ്ങളുമാണ് ശാലോം ടിവിയിൽ പ്രക്ഷേപണം ചെയ്യുന്ന 'ഹരിതം' പറയുന്നത്. അനുദിന ജീവിതത്തിൽ ആരോഗ്യസംരക്ഷണത്തിനാവശ്യമായ പൊടിക്കൈകൾ പ്രകൃതിയിൽ നിന്ന് പറയുമ്പോൾ കർഷകർക്കത് നാട്ടറിവിലേക്കുള്ള വാതായനമാണ്... പ്രേക്ഷകർക്കും.

### എല്ലാം മറിമായം

സമൂഹത്തിലെ എല്ലാ മേഖലയിലും നടക്കുന്ന മറിമായങ്ങളാണ് മഴവിൽ മനോരമയിലെ 'മറിമായം' പരിപാടിയുടെ ഇതിവൃത്തം. ചിന്തകളോടൊപ്പം തന്നെ ചിരിയും വിതറുന്ന ഈ ഹാസ്യാത്മക പരിപാടി ഇതിനോടകം തന്നെ പ്രേക്ഷക ശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. ഓരോ സമയത്തും വാർത്താ പ്രാധാന്യം നേടുന്നതും കാലിക പ്രസക്തമാർന്നതുമായ കാര്യങ്ങളെ ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് ചിന്തോദ്ദീപകമായി അവ

തരിപ്പിക്കുമ്പോൾ അത് ആസ്വാദക ഹൃദയങ്ങളെ കീഴടക്കുന്നതാകുന്നു.

### അൽപം സഞ്ചാരക്കാഴ്ചകൾ

ജീവിതം ഒരു സഞ്ചാരമാണ്. കാണുന്ന കാഴ്ചകളെ കാമറക്കണ്ണുകളിൽ ഒപ്പിയെടുക്കുകയും അതിന്റെ വിവരണങ്ങൾ തനിമ നഷ്ടപ്പെടാതെയും അവതരിപ്പിക്കുമ്പോൾ ആരായാലും കണ്ടിരിക്കുമെന്ന് തീർച്ച. വിവിധ നാടുകളെയും അതിന്റെ സാംസ്കാരിക പശ്ചാത്തലവും ജീവിത സാഹചര്യങ്ങളുമെല്ലാം ഇതിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. സഞ്ചാരപ്രിയനായ സന്തോഷ് ജോർജ്ജ് കുളങ്ങര ഏഷ്യാനെറ്റിൽ അവതരിപ്പിക്കുന്ന 'സഞ്ചാരം' പരിപാടി പ്രായ വ്യത്യാസമില്ലാതെ ഏവരും ആസ്വദിക്കുന്നതാണെന്നതിൽ തർക്കമില്ല.

### ഞാൻ സ്ത്രീ

മീഡിയാ വൺ ചാനലിൽ സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന റിയാലിറ്റി ഷോയാണ് 'ഞാൻ സ്ത്രീ'. സ്ത്രീയുടെ കാഴ്ചപ്പാടുകളും, വിലയിരുത്തലുകളും, സമൂഹത്തോടുള്ള സമീപനവുമൊക്കെയാണ് ഇവിടെ നിരീക്ഷിക്കപ്പെടുക. സ്വന്തം അസ്തിത്വത്തെ അംഗീകരിച്ചുകൊണ്ട് പരിമിതമായ സാഹചര്യങ്ങളിൽ മികവു പുലർത്തുന്ന സ്ത്രീ രത്നങ്ങളെ ഇവിടെ കാണാം. പ്രശസ്തരായ വിധികർത്താക്കൾ മൽസരാർഥികളെ വിലയിരുത്തുന്നു.

### പ്ലീസ്... ബീ പോസിറ്റിവ്

ശാലോം ടിവിയിൽ യുവജനങ്ങളെയും മുതിർന്നവരെയും പങ്കെടുപ്പിച്ച് കൊണ്ട് നടത്തുന്ന ചർച്ചയാണ് 'ബി പോസിറ്റിവ്'. വിശ്വാസം, സോഷ്യൽ മീഡിയ, മറ്റ് ആനുകാലിക പ്രസക്തമായ വിഷയങ്ങൾ തുടങ്ങി പലതരത്തിലുള്ള വിഷയങ്ങൾ ഇവിടെ ചർച്ചയ്ക്ക് കാരണമാകുന്നു. അതിന്റെ ഇരുവശങ്ങളും എടുത്തുകൊണ്ട് അഭിപ്രായ സമന്വയത്തിലെത്തിക്കുകയാണ് ഈ പരിപാടി ലക്ഷ്യം വയ്ക്കുന്നത്. തുറന്ന ചർച്ചയായതുകൊണ്ട് തന്നെ ഒരോ കാര്യത്തെയും സംബന്ധിച്ച വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പ്രേക്ഷകർക്ക് ലഭിക്കുന്നു. കാര്യങ്ങളെ എങ്ങനെ പോസിറ്റിവ് ആയി കാണണമെന്ന ചിന്തയും.

### ഉത്തരമേകാൻ 'ഉത്തരം'

ആത്മീയ മേഖലയിലെ സംശയങ്ങൾക്കും, വിശ്വാസമേഖലയിലെ വെല്ലുവിളികൾക്കും പ്രശ്ന പരിഹാരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ശാലോം ടിവിയിലെ 'ഉത്തരം' പരിപാടി പ്രേക്ഷക സദസ്സിലെത്തുന്നത്. കത്തോലിക്കാ സഭയിലെ മെത്രാൻമാർ മുതലായ ഉന്നത വ്യക്തിത്വങ്ങളാണ് പ്രേക്ഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നത്. ഇത് വിശ്വാസ സമൂഹത്തിന് നേർവഴികാട്ടിയാണെന്നത് സംശയമില്ലാത്ത കാര്യമാണ്.

### വേണം നിയന്ത്രണരേഖ

വാർത്തകളിൽ പ്രേക്ഷകന്റെ നിലപാട് ആരായുന്ന ടോക് – ഷോയാണ് മനോരമ ന്യൂസിലെ 'നിയന്ത്രണരേഖ'. രാഷ്ട്രീയ വിവാദങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, പരിസ്ഥിതി, വിദ്യാഭ്യാസം, സിനിമ, കായികം തുടങ്ങി ഏതു മേഖലയിലെയും വാർത്താ വിഷയങ്ങളിൽ പ്രേക്ഷകൻ വരയ്ക്കുന്ന നിയന്ത്രണ രേഖ. ഷാനി പ്രഭാകരൻ അവതരിപ്പിക്കുന്ന ഈ പ്രോഗ്രാമിൽ പ്രേക്ഷകന്റെയും വാർത്താ താരങ്ങളുടെയും വിദഗ്ധരുടെയും നിലപാടിൽ നിന്ന് വാസ്തവം തേടുന്നു.

### ഓർമകളുമായി ഖയാൽ

മീഡിയ വൺ ചാനലിലെ വ്യത്യസ്തമായ സംഗീത പരിപാടിയാണ് ഖയാൽ. ഗസലുകളെക്കുറിച്ചുള്ളതാണിത്. ഗായിക മഞ്ജരി അവതരിപ്പിക്കുന്ന പരിപാടിയിൽ പ്രശസ്തരായ സംഗീത സംവിധായകരും അതിഥികളായെത്തുന്നുണ്ട്. ഒട്ടേറെ ഗായകരുടെയും വിവിധ കാലഘട്ടങ്ങളിലെയും ഗസലുകൾ പുതുമയോടെ കേൾക്കാനുള്ള അവസരമാണിത്.

### ഇനി ചില ഗൃഹപാഠങ്ങൾ

ശരിയായ പേരന്റിംഗിന് ആവശ്യമാർന്ന പാഠങ്ങൾ പറഞ്ഞുതരുന്ന പരിപാടിയാണ് ജയ്ഹിന്ദ് ചാനലിലെ 'ഗൃഹപാഠം'. മാതാപിതാക്കൾക്കും, അധ്യാപകർക്കും, കുട്ടികൾക്കുമൊക്കെ വളരെ ഉപകാരപ്രദമാണ് ഈ ഷോ. മന:ശാസ്ത്രപരമായും അല്ലാതെയും ഇതിൽ കാര്യങ്ങളെ വിശകലനം ചെയ്യുന്നു. പ്രശസ്തർ അതിഥികളായെത്തുകയും ക്ലാസ്സുകൾ നൽകുകയും ചെയ്യുന്ന പ്രോഗ്രാമിലൂടെ പ്രേക്ഷകന് ശരിയായ ഒരു ദിശാബോധം ലഭിക്കുന്നു.

ശാലോം ടിവിയിലെ ഫാ. ബോബി കട്ടിക്കാടിന്റെ പ്രഭാഷണ പരമ്പര ഗുരുചരണം ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന ഒരു പരിപാടിയാണ്. യൂട്യൂബിൽ എപ്പിസോഡുകൾ ലഭ്യമാണ്. വാർധക്യം തളർത്താത്ത, വ്യത്യസ്തത നിറഞ്ഞ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന ഏഷ്യാനെറ്റ് പരിപാടി അവിരാമവും നല്ലനിലവാരം പുലർത്തുന്നതാണ്

മാധ്യമങ്ങൾ മനുഷ്യന്റെ കൂട്ടുകാരനാണ്. നല്ല ചങ്ങാതികൾ നന്മയിലേക്ക് നടത്തുന്നതുപോലെ തന്നെ നല്ല പരിപാടികൾ ആസ്വാദകന് നല്ല ചിന്തകൾ നൽകുന്നു. മനുഷ്യന്റെ നിത്യജീവിതത്തിലെ നിർണായക സാന്നിധ്യമായ ഇവയെ വേണ്ടവിധം ഉപയോഗിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന വിപത്തുകളും കൺമുൻപിൽ ഉണ്ട്. അതുകൊണ്ടു തന്നെ ഈ ചങ്ങാതിയെ നന്മയ്ക്കായി മാത്രം ഉപയോഗിക്കാം ■

**കവർസ്റ്റോറി**

നിർമൽ ജോൺ

# വാർത്തകേട്ട് വട്ടായിപ്പോകാതിരിക്കാൻ

**ബ്രേക്കിങ് ന്യൂസ് : പി.സി. ജോർജ് രമേശ് ചെന്നിത്തലയെ കണ്ടു.**

ഇനിയെന്തും സംഭവിക്കാം. ആകാശം ഇടിഞ്ഞുവീഴാം, അറബിക്കടൽ ചില പ്പോൾ വറ്റിയേക്കാം, അല്ലെങ്കിൽ പകൽ രാത്രിയായി മാറാം. കാരണം പി.സി. ജോർജ് ചെന്നിത്തലയെ കണ്ടെന്ന് ബ്രേക്കിങ് ന്യൂസ് വന്നിരിക്കുകയാണ്.

ഇന്ന് മലയാളിയുടെ ജീവിതത്തിൽ ഏറ്റവും വലിയ കോമാളി വേഷംകെട്ടുന്നത് വാർത്താ ചാനലുകളാണെന്ന് തോന്നുന്നു. 24 മണി ക്കൂറും ഓടിച്ചുകൊണ്ടു പോകാൻ അവർ പെ ടാപ്പാട് പെടുകയാണ്. അങ്ങനെ വരുമ്പോ ഴാണ് എന്തുകിട്ടിയാലും ബ്രേക്കിങ് ന്യൂസ് എന്ന ലേബലിൽ ആഘോഷമായി വരുന്ന ത്. ഇതിന്റെ ന്യൂസ് വാല്യു എന്താണ്, സമൂ ഹത്തിന് ഈ വാർത്ത പ്രസക്തമാണോ എന്നൊന്നും ഇവിടെ നോക്കാറില്ല. പിന്നെ ചർച്ചയാണ്. നാലുപേരെ സ്റ്റുഡിയോയിലിരു ത്തിയും കുറേപ്പേരെ ഫോണിൽ വിളിച്ചും പൊ രിഞ്ഞചർച്ച. ഇടയിൽ അവതാരകൻ ആക്രോ ശിക്കും, ആക്ഷേപിക്കും, ആജ്ഞാപിക്കും. പിന്നെ ഇതുമുഴുവൻ അടുത്ത ബ്രേക്കിങ് ന്യൂസ് ഉണ്ടാകുന്നതുവരെ തുടർച്ചയായി കാണിച്ചുകൊണ്ടിരിക്കും. ചാനലുകളുടെയും ചർച്ചകളുടെയും എണ്ണം കൂടിയപ്പോൾ കൊള്ളാവുന്ന ആരെയും ചർച്ചയ്ക്ക് കിട്ടാ ത്തതും ചാനലുകളെ വിഷമിപ്പിക്കുന്നുണ്ട്. അങ്ങനെ തീർത്തും കഴമ്പില്ലാത്ത ഒരുപാട് അഭിപ്രായങ്ങളും ആരോപണങ്ങളും കേട്ട് നമ്മുടെ തല പെരുക്കുന്നു. ഇക്കാര്യത്തിൽ ദേശീയ മാധ്യമങ്ങളും പിന്നിലല്ല. ഐശ്വര്യ റായിയുടെ പ്രസവത്തെ പറ്റി മണിക്കൂറുകൾ ചർച്ചചെയ്തവരാണ് അവർ. ഇത്തരം ചർച്ച കൾ വരുമ്പോൾ ചാനൽ മാറ്റുകയോ ടി.വി. ഓഫ് ചെയ്യുകയോ എന്നല്ലാതെ മറ്റുപോംവ ഴികൾ ആരും കണ്ടുപിടിച്ചിട്ടില്ല.

സത്യത്തിൽ മലയാളത്തിൽ ഏതെങ്കിലും ഒരു ചാനലിലോ പത്രത്തിലോ ഒരുനല്ല എക്സ്ക്ലൂസിവ് വാർത്ത വന്നിട്ട് വളരെ ക്കാലമായെന്ന് മാധ്യമലോകത്തുള്ളവർക്കു തന്നെ അറിയാം. എല്ലാ റിപ്പോർട്ടർമാരും കഴിവുകെട്ടവരായതുകൊണ്ടല്ല, വെളിച്ച ത്തുകൊണ്ടുവരേണ്ട വാർത്തകൾ ഇല്ലാത്ത തുകൊണ്ടുമല്ല. ഇവിടെ ഇപ്പോൾ ആഘോ ഷിക്കപ്പെടുന്നത് ആരോപണങ്ങളാണ്. ഓരോരുത്തരുടെയും കമന്റുകളാണ് വാർത്ത യാകുന്നത്. ഉദാഹരണത്തിന് കഴിഞ്ഞ കുറേ ക്കാലത്തേക്ക് എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ കമന്റുകളായിരുന്നു ഏറ്റവും വലിയ വാർത്ത. പിന്നെ ഇതിനെപ്പറ്റി പി.സി. ജോർജിനോട് ചോദിക്കുന്നു, ലീഗിനോടും കേരള കോൺഗ്രസിനോടും ചോദിക്കുന്നു. അങ്ങനെ ഉള്ളിൽ ഒന്നുമില്ലാതെ ആ ചർച്ച തുടരുന്നു. രാവിലെ മുതൽ മൈക്കും പിടിച്ച് പാവം റിപ്പോർട്ടർമാർ ഓരോ നേതാക്കളെയും കാത്ത് നിൽക്കുന്നു. ഇതിനിടയിൽ അന്വേ ഷിച്ച് എന്തെങ്കിലും നല്ല വാർത്തകൾ കണ്ടെ ത്താൻ അവർക്കെവിടെ സമയം. നേതാക്കൾ തെറി പറയുന്നതും പരസ്പരം ചെളിവാരി യെറിയുന്നതും കാണുമ്പോൾ ഒരുകാര്യം ഓർക്കേണ്ടതുണ്ട്. പലപ്പോഴും നീട്ടിപ്പിടിച്ച മൈക്കുമായി ചാനലുകാർ അങ്ങോട്ട് ചെന്ന് ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരമാ യാണ് അവർ ഇതെല്ലാം പറയുന്നത്. അതാ യത് പ്രശ്നങ്ങൾക്ക് വഴിമരുന്നിടുന്നതും ഇവർ തന്നെ. പക്ഷേ, ആ കെണിയിൽ നേതാ ക്കൾ വീഴുന്നുവെന്നത് അതിലേറെ കഷ്ടം.

ചാനലുകളുടെ മുന്നുംപിന്നും നോക്കാ തെയുള്ള ചില ആഘോഷങ്ങൾ ചീറ്റി പ്പോയ കാഴ്ചകളും അടുത്തകാലത്ത് കണ്ടു. എടുത്തുപറയേണ്ട ഒന്ന് തിരുവനന്തപുരത്ത് ഒരു പെൺകുട്ടി തന്നെ ശല്യം ചെയ്ത യുവാക്കളെ മർദിച്ച് സ്വയം രക്ഷനേടിയെന്ന സംഭ വമാണ്. ആ പെൺകുട്ടിയെ ചാനലു കൾ തോളത്തുവച്ച് ആഘോഷിച്ചു. ഇവ ളാണ് യഥാർഥ പെണ്ണെന്ന് പറഞ്ഞ് പല ആംഗിളിലുള്ള സ്റ്റോറികൾ (പത്രങ്ങളും കുറച്ചില്ല). പല ഇന്റർവ്യൂകൾ. എന്നിട്ട് ഒടു വിൽ സി.സി.ടി.വി. ദൃശ്യങ്ങൾ വന്നപ്പോൾ യുവാക്കളെ ഇടിച്ചത് പെൺകുട്ടിയല്ല, ബ ന്ധുക്കളാണ്. അവർ പെൺകുട്ടിയെ ശല്യം ചെയ്തിട്ടുമില്ല. സംഘർഷത്തിനുകാരണം മറ്റെന്തോ ആണ്. പിന്നെ ഇതേക്കുറിച്ച് ഒര ക്ഷരം പോലും ചാനലുകൾ മിണ്ടിയിട്ടില്ല.

സൂര്യനെല്ലിക്കേസുമായി ബന്ധപ്പെട്ട് അടു ത്തിടെ ഉണ്ടായ സംഭവങ്ങളൊക്കെ ദുരൂഹമാ ണ്. പിന്നിൽ ആരൊക്കെയാണെന്നത് അന്വേ ഷിച്ചുകണ്ടെത്തേണ്ട സത്യം. എന്തായാലും ചാനലുകൾക്ക് ശുക്രനുദിച്ച സമയമായി രുന്നു അത്. 24 മണിക്കൂറും സൂര്യ നെല്ലിതന്നെ. ഇതിന്റെ ഏറ്റവും



വലിയ ദോഷഫലമനുഭവിച്ചത് സൂര്യനെല്ലി പെൺകുട്ടിയുടെ കുടുംബം തന്നെയാണ്. അതുവരെ സമാധാനപൂർവം ആരുമറിയാതെ ജീവിച്ചുവന്ന അവരുടെ വീടിനുമുൻപിൽ രാവിലെ മുതൽ ചാനലുകാർ കാത്തുകെട്ടിക്കിടന്നു. ഇരകളുടെയും ബന്ധുക്കളുടെയും മുഖം ടി.വി.യിൽ വന്നില്ലെങ്കിലും വീടും പരിസരവും നിരന്തരം കാട്ടി അവരെ ജനത്തിനുമുൻപിലെത്തിച്ചു. നാട്ടിൽ എല്ലാവരും അവരെ തിരിച്ചറിഞ്ഞു. അങ്ങനെ അവർ വീണ്ടും പരസ്യമായി പീഡിപ്പിക്കപ്പെട്ടു. ഇതോടനുബന്ധിച്ച് ബ്രേക്കിങ് ന്യൂസ് കൊടുക്കാനുള്ള വ്യഗ്രതയിൽ ഒരു ലേഖിക വളരെ അക്കാഡമിക് ആയി ഒരു ജഡ്ജി മറ്റ് അഭിഭാഷകരോട് പറഞ്ഞ കാര്യം മാന്യതയോ മാധ്യമ ധാർമികതയുടെയോ ഒരു നിയമവും പാലിക്കാതെ ഓഫാക്കിയെന്ന വ്യാജേന വച്ച ക്യാമറയിൽ പകർത്തുകയും ആഘോഷിക്കുകയും ചെയ്തു. ഇതുകേട്ടപാടെ ചില വനിതാ സംഘടനകളും ജഡ്ജിക്കെതിരെ കൊടുവാളെടുത്തു. പക്ഷേ, കോമൺ സെൻസ് എന്നത് തൊട്ടുതീണ്ടിയവരെല്ലാം ചാനലിനെയും ലേഖികയെയും കുറ്റപ്പെടുത്തുകയാണ് ചെയ്തത്.



കേസ് റജിസ്റ്റർ ചെയ്യുമ്പോഴേ, മാധ്യമങ്ങൾ വിധിയെഴുതി ശിക്ഷ വിധിക്കുന്ന ഒരു വല്ലാത്ത സ്ഥിതിവിശേഷമുണ്ട്. വാതുവയ്പുമായി ബന്ധപ്പെട്ട് ഡൽഹി പൊലീസ് അറസ്റ്റ് ചെയ്ത ശ്രീശാന്ത് കസ്റ്റഡിയിലായതിനുശേഷം മാധ്യമ പ്രവർത്തകരെ കണ്ടപ്പോൾ എന്റെ പിഴ എന്ന് ഏറ്റുപറഞ്ഞു എന്നാണ് ചാനലുകളും, ആദ്യ എഡിഷനുകളിൽ പത്രങ്ങളും വാർത്ത കൊടുത്തത്. എന്നാൽ അങ്ങനെ ഒരു സംഭവമേ ഇല്ലായിരുന്നു. ഏതോ ചാനലുകാരന് എന്തോ അങ്ങനെ തോന്നി. അതുണ്ടാക്കാവുന്ന ആശയക്കുഴപ്പം എത്രവലുതും ഭീകരവുമാണ്.

റിപ്പോർട്ടർമാരുടെ ആവേശം ഇന്ന് സിനിമകളിലും മറ്റും ഏറ്റവും വലിയ ചിരിയൊരുക്കുന്ന തമാശയാണ്. ഉത്തരാഖണ്ഡ് പ്രളയത്തിന്റെ സമയത്ത് ഒരു ലേഖിക ചെയ്ത ഒരു സാഹസിക റിപ്പോർട്ട് ഫെയ്സ്ബുക്കിൽ ചിരിയുടെ വലിയ തിരമാലകളാണ് സൃഷ്ടിച്ചത്. കാര്യം ഇത്രയേ ഉള്ളൂ. വളരെ സമാധാനത്തോടെ ശാന്തമായി ചെയ്യാവുന്ന ഒരു റിപ്പോർട്ട് സാഹസികമാണെന്ന് കാണിക്കാനായി ലേഖിക പറന്നുയരുന്ന ഹെലികോപ്റ്ററിനു കീഴിൽ നിന്ന് ചെയ്തു. ചാനലിൽ കാണുമ്പോഴോ വീശിയടിക്കുന്ന കാറ്റിൽ വളരെ കഷ്ടപ്പെട്ട് അവർ കാര്യങ്ങൾ വിവരിക്കുന്നു. ഹെലികോപ്റ്റർ പറന്നുപൊങ്ങുമ്പോൾ ഉണ്ടാകുന്ന കാറ്റിൽ നിന്നു രക്ഷപ്പെടാൻ അൽപം മാറിനിന്ന് റിപ്പോർട്ട് ചെയ്താൽ മതിയായിരുന്നു. എന്തായാലും ഫെയ്സ്ബുക്കിലെ ചുള്ളൻമാർ അവരെ വലിച്ചുകീറി ഭിത്തിയിലൊട്ടിച്ചു.

കാഴ്ചക്കാരുടെ മറവി എന്ന സാധ്യതയെ ആണ് ചാനലുകൾ ഉപയോഗിക്കുന്നത്. ഒരു ബ്രേക്കിങ് ന്യൂസിന്റെ ആയുസ് മറ്റൊരു ബ്രേക്കിങ് ന്യൂസ് വരെയാണ്. കഴിഞ്ഞ വർഷം ഇതേ സമയത്തുണ്ടായിരുന്ന ഏറ്റവും വലിയ വാർത്തയായിരുന്നു. മുല്ലപ്പെരിയാർ. കഴിഞ്ഞവർഷം പൊട്ടാൻ തുടങ്ങിയ ഡാമിന് ഈ വർഷം ഒരു കുഴപ്പവുമില്ല. കടൽക്കൊല കേസിലെ ഇറ്റാലിയൻ നാവികർ ഇപ്പോൾ എന്തു ചെയ്യുന്നു എന്ന് ആരെങ്കിലും ചിന്തിക്കാറുണ്ടോ?

ചാനലുകളുടെ സാധ്യത അപാരമാണ്. ജനവിരുദ്ധ നയങ്ങൾ പിന്തുടരുന്ന എല്ലാവർക്കും പേടിയുള്ള ഏക സ്ഥാപനം ചാനലുകളാണ്. ചാനലുകളുടെ വരവോടെ കൂടുതൽ സുതാര്യതയ്ക്കുള്ള ഒരു സാധ്യതയുമുണ്ട്. എന്നാൽ സാമൂഹിക പ്രതിബദ്ധതയില്ലാതായാൽ ചാനലുകൾ അലോസരപ്പെടുത്തുന്ന വെറും ബഹളങ്ങളാകും ഉണ്ടാക്കുക. മാധ്യമങ്ങളെ ആർക്കും നന്നാക്കാനാകില്ല എന്നു തോന്നുന്നു. അവ സ്വയം നന്നാകണം. അതിനായി പി. സായ്നാഥ്, അരുൺ ഷൂറി, കുൽദീപ് നയ്യാർ, ശശികുമാർ തുടങ്ങിയവരെപ്പോലുള്ള നല്ല മാധ്യമ വ്യക്തിത്വങ്ങൾ കൂടുതൽ ഉണ്ടായിവരണം. അഭിപ്രായങ്ങൾ സ്വതന്ത്രവും വസ്തുതകൾ വിശുദ്ധവുമാണെന്ന് വിശ്വസിക്കുന്നവർ. പുതുതലമുറയിലും അങ്ങനെയുള്ളവരുണ്ടെന്നതും നിഷേധിച്ചുകൂടാ.

ഇപ്പോൾ കിട്ടയത് – സോളാർ പ്രശ്നം തുടങ്ങിയപ്പോൾ മുതൽ ബാക്കിയുള്ള റിപ്പോർട്ടർമാർക്ക് വലിയ പണിയില്ലെന്നാണ് കേൾക്കുന്നത്. അവർ റിയാലിറ്റി ഷോകൾ കണ്ട് സമയം കളയുകയാണത്രേ ■



## കൂടിക്കാഴ്ച

ഷാർലറ്റ് ആൻസ് ടോം

# തിരിഞ്ഞുനോക്കുമ്പോൾ മനസ്സിൽ നന്ദി മാത്രം

എഴുപതുകളുടെ രണ്ടാം പകുതിയിൽ കേരളസഭയിൽ എത്തിച്ചേർന്ന കരിസ്മാറ്റിക് നവീകരണമുന്നേറ്റം എൺപതുകളുടെ ആരംഭത്തിൽ അനേകായിരങ്ങളെ തഴുകിപ്പടർന്നു, സഭയിൽനിന്ന് അകലെ ജീവിതത്തിന്റെ യാഥാർഥ്യം തേടി അലഞ്ഞുവലഞ്ഞ അനേകം യുവജനങ്ങളെയും ആ കാറ്റ് പുൽകി. ജീവിതത്തിന്റെ ലക്ഷ്യവും അർഥവും സ്വജീവിതത്തിലൂടെ വ്യാഖ്യാനിച്ച് യുവത്വത്തിൽത്തന്നെ ത്യാഗബലിയായി. രൂപാന്തരപ്പെട്ട യേശുവിനെ അവർ കണ്ടുമുട്ടി. അന്ന് സഭയുടെ തലവനായിരുന്ന 'യുവാവായ' മാർപാപ്പയുടെ ഹൃദയം യുവതയ്ക്കുവേണ്ടി സ്പന്ദിക്കുന്നതവർ കണ്ടു. ആ മുന്നേറ്റത്തിൽ ഉൾപ്പെട്ട അനേകരിൽ ഒരാളെ പരിചയപ്പെടാം. ജീസസ് യൂത്തിന്റെ തുടക്കക്കാരിൽ ഒരാളും ഇന്നും യുവജനങ്ങളോടൊപ്പമുള്ള സ്നേഹ സാന്നിധ്യവുമായ കോട്ടയം സ്വദേശി ജോസ് ജേക്കബ് പടന്നമാക്കൽ.



### നവീകരണത്തിലേക്ക് കടന്നുവരുവാനുണ്ടായ സാഹചര്യം?

വായനയും ചങ്ങാതിമാരും ഉണർത്തിയ ആവർത്തനവിരസതയും അസ്തിത്വത്തിന്റെ അർഥശൂന്യതയും മനസ്സിലും ശരീരത്തിലും വ്യാപിച്ച് ഘനീഭവിക്കുന്ന നാളുകളിലാണ് കോട്ടയംകാരനായ ലൂക്ക് അബ്രാഹം ഒരു നവീകരണധ്യാനത്തിനായി എന്നെ ധ്യാനകേന്ദ്രത്തിലെത്തിച്ചത്. നീണ്ട ഇടവേളയ്ക്കുശേഷം വീണ്ടും കേൾക്കുമ്പോൾ ഉളവാകുന്ന ശ്രവണസുഖമായിരുന്നു ആദ്യ ആകർഷണം. ഏതാനും ചിലർ വേദിയിൽ നിരത്തിയത് എന്റെയും ജീവിതാനുഭവങ്ങളായിരുന്നു. കേൾവി വിശ്വാസത്തിലേക്കും ക്രിസ്തുവിന് എന്നെയും രൂപാന്തരപ്പെടുത്താനാവുമെന്ന ബോധ്യത്തിലേക്കും വഴിതുറന്നു.

### ജീസസ് യൂത്തിലേക്കുള്ള കടന്നുവരവ്?

ഒട്ടും വൈകാതെ പ്രാർഥനാഗ്രൂപ്പിലെത്തി. ആഴ്ചതോറുമുള്ള പ്രാർഥനാസമ്മേളനത്തിൽ പങ്കെടുത്തു. യുവജനഗ്രൂപ്പുകളുമായി ബന്ധപ്പെട്ടു, ചോദ്യങ്ങൾ ഉതിർക്കാതെ കൈനീട്ടി സ്വീകരിക്കുന്നവരായിരുന്നു, കണ്ടുമുട്ടിയ യുവജനങ്ങളെല്ലാം. ഹൃദ്യമായ പെരുമാറ്റവും പങ്കുവയ്ക്കുന്ന ഹൃദയവും വഴിഞ്ഞൊഴുകുന്ന ഊഷ്മളസ്നേഹവും നിരസിക്കാനാവില്ലല്ലോ? കണ്ടുമുട്ടുമ്പോഴെല്ലാം പ്രെയ്സ് ദ് ലോർഡ് എന്ന കീർത്തനമുപയോഗിച്ചാണ് അഭിവാദ്യം ചെയ്യുക. യുവജനമുന്നേറ്റത്തിന്റെ തുടക്കക്കാരായ ആലീസ്കുട്ടിച്ചേച്ചിയും എഡ്ഡിയുമുൾപ്പെട്ട ഫസ്റ്റ് ലൈൻ എന്നറിയപ്പെടുന്ന യുവസംഘത്തിലൊരാളായി ഞാനും. മാസത്തിലൊരിക്കലുള്ള ഒത്തുചേരൽ സഭയുടെ അനുഭവം പകരുന്നതായിരുന്നു. തമ്പുരാന്റെ പ്രവൃത്തിയുടെ ഭാവം ആരോഹണമാണല്ലോ? ഫാ. ജീനോ ഹെൻറിക്സ് പറഞ്ഞുതന്ന പാഠങ്ങൾ ചെലുത്തിയ സ്വാധീനം ഇന്നും തുടരുന്നു. സംഘാംഗങ്ങൾ ഇടവേളകളിൽ സ്വരമുയർത്തിയും ഇടനാഴികളിൽ സ്വരമുയർത്തിയും പറഞ്ഞത് ഇപ്പോൾ - ദശാബ്ദങ്ങൾക്കിപ്പുറവും - കടലുകൾ കടന്ന് ഭൂഖ

ണ്ഡങ്ങളിൽ വ്യത്യസ്ത തരംഗദൈർഘ്യ സ്വരവീചികളായി അസംഖ്യം ഹൃദയങ്ങളിൽ ചേക്കേറിയിരിക്കുന്നു. ഉടയതമ്പുരാന്റെ പ്രവൃത്തികൾ വിസ്മയാവഹം, അത്യത്ഭുതകരം എന്ന് നമുക്ക് വീണ്ടും ഉച്ചത്തിൽ പ്രഘോഷിക്കാം. വിവിധസോണുകളിൽ ഒത്തുചേർന്നിരുന്ന യുവജനഗ്രൂപ്പംഗങ്ങളുടെ റീജണൽ സമ്മേളനമെന്ന ആശയം ഉരുത്തിരിഞ്ഞു, പ്രാർഥനയിൽ പ്രബലമായി.

ഐക്യരാഷ്ട്രസഭ യുവജനവർഷമായി പ്രഖ്യാപിച്ച 1985-ൽ ആകാമെന്ന തീരുമാനമായി. 18നും 35നും മധ്യേയുള്ളവരാണ് സമ്മേളിക്കുക. തീയതി ഡിസംബർ 26-29 വേദി-തേവര-കൊച്ചി (നാം ജൂബിലി കൊണ്ടാടിയതും ഡിസംബറിലെ അവസാനനാളുകളിലായിരുന്നല്ലോ) സമ്മേളനം ജീസസ് യൂത്ത് എന്നറിയപ്പെട്ടു. എംബ്ലവും ക്രിസ്മസ് കാർഡുകളും കത്തുകളും തയാറായി. ജോലിയിൽനിന്ന് രണ്ടുമാസക്കാലം അവധിയെടുത്ത് ഒരുക്കങ്ങളിൽ പങ്കുചേരുവാൻ വിളി കിട്ടി. സമ്മേളനം കഴിഞ്ഞു. കൊഴിഞ്ഞുവീണു. നാമം അവശേഷിച്ചു: ജീസസ് യൂത്ത് ഒരു ബ്രാൻഡ് നെയിം. സകലതിനും യേശുവിൽ ദൃഷ്ടി യുറപ്പിച്ച്, കരങ്ങൾ നീട്ടിനിൽക്കുന്ന യുവത്വം ഇന്നും ഒരു വെല്ലുവിളിയാണ്. ചിലരിലെങ്കിലും ഭയാശങ്കയുണർത്തുന്നതും. ജോൺപോൾ രണ്ടാമൻ പാപ്പാ സ്ഥാനമേറ്റ നാളുകളിൽ യുവജനങ്ങളോട് പ്രവചിച്ചു. 'നിങ്ങളുടെ കണ്ണുകളിൽ 2000 മാണ്ട് തിളങ്ങുന്നു'. ജീസസ്‌യൂത്ത് കുടുംബാംഗങ്ങളിൽ അത് ഏറെ പൂർത്തിയായി. അവർ മറ്റുള്ളവർക്കു സ്വന്തമാണ്. പരസ്പരം ശ്രേഷ്ഠരായി കരുതുന്നു. പ്രോത്സാഹിപ്പിക്കുന്നതിൽ മുൻപന്തിയിലാണ് വീഴ്ചയിൽ കൈപിടിച്ചുയർത്തുന്നു. എന്റെ സഭയെന്ന് അനുമാനിക്കുന്നു. യേശുവാണ് ജീവിതത്തിന്റെ കേന്ദ്രബിന്ദു. അധികാരികൾ വിധേയപ്പെടുന്നു.

### നവീകരണ രംഗത്തേക്കുള്ള കടന്നുവരവും ആത്മീയതയും ജോലിയിലും വ്യക്തിപരമായ നിലപാടുകളിലും പ്രതിഫലിച്ചതെങ്ങനെ?

കേരളാ മോട്ടോർ വാഹനവകുപ്പിൽ വിവിധ ജില്ലകളിലായി 31 വർഷം ജോലി ചെയ്തു. (ജോയിന്റ് ആർ.ടി.ഒ. ആയാണ് വിരമിച്ചത്.) കരിസ്മാറ്റിക് നവീകരണമുളവാക്കിയ മാറ്റം ഉൾക്കൊള്ളുന്നതിനുമുമ്പ് ഒഴുക്കിനൊത്ത് നീങ്ങി. സുരക്ഷിതത്വവും ഭദ്രതയും ഉറപ്പിക്കുമെന്നു ധരിച്ചിരുന്നവയെ ഉപേക്ഷിച്ചുതുടങ്ങിയപ്പോൾ അസ്തിത്വത്തിന്റെ ആകുലതകൾ അകന്നു. ജീവിതം മുമ്പിൽ വ്യക്തതയാർജിച്ചു. "ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക" തുടങ്ങിയ വചസ്സുകൾ ഉള്ളിൽ വെളിച്ചമേകി.

മാതാപിതാക്കളിൽനിന്നും കൂടെപ്പിറപ്പുകളിൽ നിന്നും കണ്ടറിഞ്ഞ മൂല്യങ്ങൾ ഉള്ളിൽ സജീവമായി. അവ ദൈനംദിന ജീവിതത്തിൽ പ്രകടമായപ്പോൾ അവഗണനയും പരിഹാസവും "ഒറ്റപ്പെടലുകളും ആൾരൂപം പൂണ്ടു. തൊഴിൽരംഗത്ത് അവകാശപ്പെട്ടതു പലതും നിഷേധിക്കപ്പെട്ടു. തളർന്നുവീണ നിമിഷങ്ങളിൽ ശക്തി പകർന്നത് തുടക്കംമുതൽ എന്റെ പക്കലേക്ക് അയയ്ക്കപ്പെട്ട വ്യക്തി ബഹുമാനപ്പെട്ട പള്ളിവാതുക്കലച്ചനാണ്. ആഴ്ചയിലൊരിക്കൽ സമ്മേളിച്ചിരുന്ന പ്രാർഥനാഗ്രൂപ്പ് തമ്പുരാനോടും സഹജരോടുമുള്ള ബന്ധങ്ങളിൽ വളരുവാൻ, നിലനിൽക്കുവാൻ വേദിയൊരുക്കി.

### കുടുംബത്തെക്കുറിച്ച്

ദൈവരാജ്യം പടുത്തുയർത്തുന്നതിനെക്കുറിച്ച് സുവ്യക്തവും വർണാഭവുമായ സ്വപ്നങ്ങൾ പേറുകയും സാക്ഷാത്കാരത്തിനായി തീക്ഷ്ണമായി വർത്തിക്കുകയും ചെയ്യുന്ന ഒരാളെയാണ് ജീവിതപങ്കാളിയായി തമ്പുരാൻ തന്നത്. എന്നും ധൈര്യം പകർന്ന്, പോരായ്മകൾ പരിഹരിച്ച്, ഇഴകൾ കൂട്ടിച്ചേർത്ത് ജീവിതദർശനത്തിന് മിഴിവേകുന്ന ഭാരിച്ച ദൗത്യമാണ് മിനി നിർവഹിച്ചുകൊണ്ടിരിക്കുക.

മക്കൾ: മറിയ, അന്ന, എത്സ, ഇമ്മാനുവൽ

### ഉത്തരവാദിത്തങ്ങൾ, പ്രവർത്തനങ്ങൾ

കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ മുഖപത്രമായ ജീവജ്വാല മാസികയുടെ പത്രാധിപസമിതിയിൽ അംഗമാകാനുള്ള വിളി ലഭിച്ചു. പിന്നീട് ആദ്യത്തെ അത്മായ മുഖ്യപത്രാധിപരാകാനും ഇടയായി. ഏതാനും രചനകൾ ഭാഷാന്തരം ചെയ്യുവാനും അവസരം ഉണ്ടായി.

ജീസസ് യൂത്തിന്റെ വിവിധ ടീമുകളോടൊപ്പം പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ കോട്ടയം സോൺ സർവീസ് ടീമിന്റെ എൽഡറാണ്.

### തിരക്കേറിയ ഔദ്യോഗിക ജീവിതത്തിനിടയിൽ ആത്മീയ രംഗത്തെ ഒട്ടേറെ പ്രവർത്തനങ്ങളും. കൂടാതെ

**വ്യക്തിപരമായ ദൗത്യങ്ങളും. എന്തായിരുന്നു പ്രേരകശക്തി?**

ഇന്നലെകളെ ധ്യാനിക്കുമ്പോൾ മുന്നിൽ തെളിയുന്നത് തന്റെ സർവസമ്പന്നതയിൽ നിന്ന് ജീവന്റെ സമൃദ്ധി പകരുന്ന തമ്പുരാനാണ്. ഏറ്റവും ഊർജം പേറുന്ന വാക്കാണ് നന്ദി. "എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ" എന്ന് ശ്ലീഹാ ആവർത്തിച്ച് നിർദേശിച്ചത് ഇക്കഴിഞ്ഞ നാളുകളിൽ കൂടുതലായി സ്വീകരിച്ചു. അപ്പോൾ വാക്കനുസരിച്ച് കൈവന്നത് എല്ലാ യാതനകളെയും അതിലംഘിക്കുന്ന സമാധാനമാണ്. ഉത്കണ്ഠകളുടെ വലിയ ഭാരം വഹിക്കുന്ന സോദരർക്ക് ഇത് വലിയ ആശ്വാസത്തിന് കാരണമാകുന്നു.

**ഇപ്പോഴും ജീസസ് യൂത്തിനൊപ്പം സജീവമാണല്ലോ. പുതുതലമുറകളെക്കുറിച്ച്**

ഇന്നത്തെ ജീസസ്‌യൂത്ത് ആത്മീയതയിൽ നിറഞ്ഞ് ആവേശഭരിതരാണ്. കണ്ണുകളിൽ പ്രത്യാശ തുളുമ്പുന്നു. നന്മ ചെയ്ത് പ്രശോഭിക്കാനുള്ള തീവ്രദാഹം എല്ലാവരിലുമുണ്ട്. സകലരോടും ആദരപൂർവം പെരുമാറാൻ അവർ അതീവശ്രദ്ധ പുലർത്തുന്നു. പുതിയ മേഖലകളിലേക്ക് അതിസാഹസികമായി സുവിശേഷമെത്തിക്കാൻ തക്ക ധീരത അവർ കാട്ടുന്നു. വഴി തെറ്റിയലയുന്നവരെ ഇടയന്റെ പക്കലേക്ക് പുനരാനയിക്കാൻ കെൽപുണ്ട്, മനസ്സുണ്ട്, നമ്മുടെ ജീസസ്‌യൂത്തിന്. ഇന്നു ചെയ്യുന്ന ഓരോ സത്പ്രവൃത്തിയും ആ നിയോഗത്തിന് ബലിയായി അർപ്പിക്കാം ■






കേരളത്തിലെ ജീസസ് യൂത്ത് സോണൽ സർവീസ് ടീമുകൾക്കായും മിനിസ്ട്രി നേതാക്കൾക്കായും നടത്തിയ ട്രെയിനിങ് പ്രോഗ്രാമിൽ നിന്ന്

ജോബി തോമസ് എം.ടെക്ക്, കട്ടപ്പന



# ജൈവ രാസപ്രവർത്തനങ്ങളുടെ ശൃംഖലകൾ ആവിർഭവിച്ചതെങ്ങനെ?

ഉപകാരപ്രദമായ മ്യൂട്ടേഷനുകൾ, നാച്ചറൽ സെലക്ഷൻ എന്നീ രണ്ട് തത്വങ്ങളുടെമേലാണ് ആധുനിക പരിണാമവാദം നിലയുറപ്പിച്ചിരിക്കുന്നത്. അമേരിക്കയിലെ ലീഹൈ യൂണിവേഴ്സിറ്റിയിൽ ബയോകെമിസ്ട്രി പ്രഫസർ ആയ മൈക്കിൾ ബീഹി 1996-ൽ Darwin's Black Box: The Biochemical Challenge to Evolution എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ഈ പുസ്തകത്തിൽ അദ്ദേഹം സ്ഥാപിക്കുന്ന ലഘൂകരിക്കാനാവാത്ത സങ്കീർണത എന്ന തത്വം ആധുനിക പരിണാമ വാദത്തിന് എതിരായുള്ള ഏറ്റവും അടിസ്ഥാനപരമായ ഒരു വാദമുഖമാണ്. ഇന്ന് ഇത് ഏറെ അംഗീകാരം നേടിക്കഴിഞ്ഞിരിക്കുന്നു. ജീവികളുടെ ശരീരത്തിൽ നിരവധി ജൈവരാസപ്രവർത്തനങ്ങൾ ഒന്നിനു പിറകെ ഒന്നായി അരങ്ങേറുന്നുണ്ട്. ജൈവരാസപ്രവർത്തനങ്ങളുടെ ഈ ശൃംഖലകൾക്ക് ക്രമേണയുള്ള പരിണാമത്തിലൂടെ ആവിർഭവിക്കാനാവില്ലന്ന് ബീഹി തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു.




നമ്മുടെ കണ്ണിലെ റെറ്റിനയിൽ പതിക്കുന്ന പ്രകാശം (Photon) 11-സിസ് റെറ്റിനൽ എന്ന ചെറിയ ജൈവതന്മാത്രയുമായി ആദ്യം പ്രതിപ്രവർത്തിക്കുന്നു. ഇതിന്റെ ഫലമായി ഇത് ട്രാൻസ് റെറ്റിനൽ എന്ന തന്മാത്രയായി മാറുന്നു. ഇതേത്തുടർന്ന് ട്രാൻസ് റെറ്റിനൽ തന്മാത്രയുമായി ബന്ധപ്പെട്ടിരിക്കുന്ന റോഡോപ്സിൻ എന്ന പ്രോട്ടീൻ തന്മാത്ര ട്രാൻസ്ഡ്യൂസിൻ എന്ന മറ്റൊരു പ്രോട്ടീൻ തന്മാത്രയുമായി പ്രതിപ്രവർത്തിക്കുന്നു. ഇതിനു ശേഷം ഇവ ഫോസ്ഫോഡൈ എസ്റ്ററെ റൈസ് എന്ന മറ്റൊരു തന്മാത്രയുമായി പ്രതിപ്രവർത്തിക്കുന്നു. ജൈവരാസ പ്രവർത്തനങ്ങളുടെ ഈ ശൃംഖല ഇതേ രീതിയിൽ കുറച്ചുകൂടി മുന്നോട്ടു പോയാലെ കാഴ്ചയുമായി ബന്ധപ്പെട്ട ഒരു സിഗ്നൽ ഉത്പാദിപ്പിക്കപ്പെടുകയുള്ളൂ. ഈ സിഗ്നലിന് തലച്ചോർ നൽകുന്ന വ്യാഖ്യാനമാണ് കാഴ്ച എന്ന പ്രതിഭാസം.

ശാസ്ത്രത്തിന്റെ വീക്ഷണമനുസരിച്ച് പരിണാമം എന്നുപറയുന്നത് ലക്ഷക്കണക്കിനു വർഷങ്ങൾക്കുള്ളിൽ നിരവധി ഘട്ടങ്ങളിലായുള്ള ചെറിയ ചെറിയ മാറ്റങ്ങളിലൂടെ പുരോഗമിക്കുന്ന ഒരു പ്രതിഭാസമാണ്. മാത്രമല്ല, ഓരോ ഘട്ടങ്ങളിൽ അരങ്ങേറുന്ന മാറ്റങ്ങൾ കൊണ്ട് എന്തെങ്കിലും പ്രയോജനം അതാതു ഘട്ടങ്ങളിൽത്തന്നെ ജീവിക്ക് ഉണ്ടായിരിക്കണം താനും.

കാഴ്ചയുമായി ബന്ധപ്പെട്ട മേൽപറഞ്ഞ രാസപ്രവർത്തന ശൃംഖലയിലെ ഏതെങ്കിലും ഒരു കണ്ണി മുറിഞ്ഞു പോവുകയോ ഇല്ലാതിരിക്കുകയോ ചെയ്താൽ പിന്നെ തലച്ചോറിലേക്ക് ഒരു സിഗ്നൽ അയയ്ക്കാൻ സാധിക്കുകയില്ല. ഇതിൽ നിന്നും, ഈ രാസപ്രവർത്തന ശൃംഖല രൂപംകൊണ്ടുവന്നത് ക്രമേണയുള്ള പരിണാമത്തിലൂടെയല്ല എന്നു വ്യക്തമാണ്. ഈ രാസപ്രവർത്തന ശൃംഖല മുഴുവനായും രൂപം പ്രാപിച്ച നിലയിൽ പൊടുന്നനെ ജീവിയുടെ ശരീരത്തിൽ പ്രത്യക്ഷപ്പെട്ടാൽ മാത്രമേ. ജീവിക്ക് അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുള്ളൂ.

നമ്മുടെ ശരീരത്തിൽ രക്തം കട്ടപിടിക്കുന്ന പ്രതിഭാസവും മേൽപറഞ്ഞതിനു സമാനമാണ്. ജൈവരാസപ്രവർത്തനങ്ങളുടെ, ഇരുപതോളം കണ്ണികളുള്ള ഒരു ശൃംഖല പൂർത്തിയാക്കപ്പെട്ടാലേ രക്തം കട്ടപിടിക്കുകയുള്ളൂ. ഈ ശൃംഖലയിലെ ഏതെങ്കിലും ഒരു കണ്ണി ഇല്ലാതായാൽ പിന്നെ രക്തം കട്ട പിടിക്കില്ല. അതിനാൽ ഈ ശൃംഖലയ്ക്കും ക്രമേണയുള്ള പരിണാമത്തിലൂടെ ആവിർഭവിക്കാനാവില്ല എന്ന് ബീഹി ചൂണ്ടിക്കാട്ടുന്നു ■



**ലേഖനം**

റ്റോം ജോസ് തഴുവംകുന്ന്

# പൊട്ടാത്ത മുപ്പിരിച്ചരട്



'ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവനെ സൃഷ്ടിച്ചു. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു; സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ (ഉൽപ 1:27-28) ദാമ്പത്യത്തിനു മുകളിൽ സ്വർഗത്തിന്റെ ആദ്യകരസ്പർശമായിട്ടെത്തുന്നത് സന്താനപുഷ്ടിയിലൂടെ ലോകത്തെ കീഴടക്കാനുള്ള അനുഗ്രഹമാണ്. മനുഷ്യരെ സൃഷ്ടിച്ച ദൈവത്തിന്റെ കരവേല നിസ്സാരനായ മനുഷ്യന് പകർന്നു നൽകുന്ന അപൂർവത. വിശ്വാസത്തിന്റെ പിതാവായ അബ്രാഹത്തെയും ദൈവം വിളിക്കുന്നത് എണ്ണമെടുക്കാൻ കഴിയാത്ത ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയായിരിക്കും നിന്റെ സന്താനപരമ്പരയും എന്നു പറഞ്ഞുകൊണ്ടാണ്. അബ്രഹാം വലിയൊരു ജനതയും അനുഗ്രഹവുമായി മാറുന്നതാണ് നാം കാണുക. നമുക്കും ലോകത്തിന് അനുഗ്രഹമായി മാറാൻ കഴിയണം. ദൈവാനുഗ്രഹത്തിന് പുറം തിരിയുന്ന ആധുനികതയുടെ സുഖലോലുപതയിൽ ദാമ്പത്യം നേരിടുന്ന വെല്ലുവിളിയിൽ കുടുങ്ങി സ്വർഗത്തിന്റെ അംബാസിഡർമാരെ (കുഞ്ഞുങ്ങൾ) ഭൂമിയിലേക്കെത്തിക്കാൻ കഴിയാതെ പോകുന്നു. നാളെയെക്കുറിച്ച് ഏറെ മോഹങ്ങൾ നെയ്തുകൂട്ടുമ്പോഴും മോഹങ്ങളുടെ അർഥസഞ്ചാരത്തിന്റെ നെടുനായകത്വം മക്കളിലാണെന്ന് നാം മറക്കുകയാണ്. സുഖം അല്ലെങ്കിൽ മരണം എന്ന മരണസംസ്കാരത്തിന്റെ നിരർഥകത നമ്മുടെ ജീവിതത്തിന്റെ സന്മാർഗത്തേയും ധാർമികതയെയും കാർന്നു തിന്നാൻ തുടങ്ങിയിരിക്കുന്നു.

അത്ഭുതാവഹമായ മാറ്റങ്ങളിലൂടെ കടന്നു പോകുന്ന ലോകത്തിൽ മനുഷ്യർ തെല്ലൊരു അഹങ്കാരത്തോടെയാണെന്നുതോന്നുന്നു ഇവയെല്ലാം നോക്കിക്കാണുന്നതും അനുഭവിക്കുന്നതും!? എല്ലാം അവനാണെന്നും, അവൻമൂലമാണെന്നുമുള്ള ഒരു സ്വപ്നാടനത്തിലെ വിഡ്ഢിവേഷക്കാരന്റെ ഊറ്റം കൊള്ളൽ! കണ്ണടച്ചു തുറക്കും മുൻപ് അടർന്ന് അലിഞ്ഞ് ശൂന്യമാകുന്ന വെറും മൺകൂനമാത്രമാണ് മനുഷ്യനെന്ന് അറിയാൻ വൈകുന്നതിലെ അഹന്തയാണ് നമുക്കിന്ന്. ദൈവാനുഗ്രഹത്തെ വിസ്മരിക്കുന്ന സ്വാർഥ സഞ്ചാരിയാകുന്നു മനുഷ്യൻ!

'ഞാൻ നിനക്ക് പരിചയാണ്. നിന്റെ പ്രതിഫലം വളരെ വലുതായിരിക്കും' എന്ന കർത്താവിന്റെ അരുളപ്പാടിനൊന്നും ചെവി കൊടുക്കാതെ മനുഷ്യന്റെ ചില പദ്ധതികളിൽ മാത്രം ഒതുങ്ങി സൃഷ്ടിയെയും സൃഷ്ടാവിനെയും മറികടക്കാനും സാങ്കേതികവിദ്യകളിലും പരീക്ഷണങ്ങളിലും ജീവനുകളെ തകിടം മറിക്കാനും, ജനിതകാനുഗ്രഹങ്ങളിലെ നാളെയുടെ വാതിലുകൾ കൊട്ടിയടയ്ക്കാനും വാഗ്വാദങ്ങളിൽ ഏർപ്പെട്ട് കുടുംബത്തെയും സമൂഹത്തെയും ദൈവജനത്തെ തന്നെയും വിരലിലെണ്ണാവുന്ന ഏകാന്തതയിലേക്ക് കൊണ്ടെത്തിക്കുന്നു. ഭൂമിയിൽ നിറഞ്ഞ് കീഴടക്കാൻ അനുഗ്രഹം ലഭിച്ചനാമൊക്കെ ശാസ്ത്ര സമൃദ്ധിയുടെ വിസ്മയക്കാഴ്ചകൾക്കിടയിലൂടെ ഒരു വിജനവീഥി സൃഷ്ടിച്ചെടുക്കുകയാണ്. പങ്കിട്ട് ഭക്ഷിക്കുന്നതിനേക്കാൾ ഒറ്റക്കിരുന്ന് തിന്നുതിന്ന് ആർത്തിപൂണ്ട് ഛർദ്ദിൽ മുറി (Vomiting room) തേടുകയും തിരികെ വന്ന് വീണ്ടും തിന്നുനിറയ്ക്കുകയും ചെയ്യുന്ന അർഥശൂന്യതയിലെത്തിയോ നാം? കളിക്കളത്തിൽ ഒപ്പം കളിക്കാൻ കംപ്യൂട്ടർ തന്നെയിഷ്ടം കാരണം എന്തുകളിക്കണം, ആരുജയിക്കണം, ആരു വാതുവയ്ക്കണം, ആരുകൈയ്യടിക്കണം എല്ലാം തീരുമാനിക്കുന്നത് കീബോർഡിനരികിലെ മൗസിനെ സ്വന്തമാക്കിയ ഒറ്റയാൻ ആണ്. ഇത്തരം ഒറ്റയാൻമാരെ ഒരുക്കിയെടുക്കുന്ന ആധുനിക ദാമ്പത്യം ഒരു ആത്മഹത്യാമുനമ്പിലൂടെയുള്ള യാത്രയിലാണ്. നാളേക്കായി വെട്ടിപ്പിടിപ്പിക്കുകയും കൂട്ടിവയ്ക്കുകയും ചെയ്യുന്ന നമുക്ക് നല്ല നാളെകൾ നൽകുവാനായി ദൈവത്തിന്റെ ഛായയിൽ പിറക്കുന്ന മക്കൾവേണ്ടേ? സ്വർഗത്തിന്റെ ആനുകാലികഭാഷണങ്ങളെ ഭൂമിയോടു സംവേദിപ്പിക്കേണ്ടേ?

യൂദയായിലെ ബെത്ലെഹെമിൽ നിന്നുള്ള എഫ്രാത്യനായ ജസ്സെയുടെ എട്ടുമക്കളിൽ ഇളയവനായിരുന്നു ദാവീദ്. മൂത്തമൂന്നു പുത്രന്മാർ സാവൂളിനോടൊത്ത് യുദ്ധരംഗത്തുണ്ടായിരുന്നിട്ടും ജീവിക്കുന്ന ദൈവത്തിന്റെ സൈന്യത്തെ നാൽപതു ദിവസമായി രാവിലെയും വൈകുന്നേരവും വെല്ലുവിളിക്കുകയും അപമാനിക്കുകയും ചെയ്ത മല്ലനായ ഗോലിയാത്തിനെ നേരിടാനും വകവരുത്താനും ഇടയബാലനായ ദാവീദെന്ന എട്ടാമത്തെ കോമള കുമാരൻ വേണ്ടി വന്നു. യുദ്ധത്തെ ദാവീദ് വിജയത്തിലെത്തിക്കുന്നത് സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിലാണ്. ആധുനിക ലോകത്തെ വെല്ലുവിളികളെ കുറിച്ച് നാം പരിതപിക്കുമ്പോഴും ഈ വെല്ലുവിളികളെയെല്ലാം നേരിടാൻ സ്വർഗത്തിന്റെ പദ്ധതികൾ ഒളിഞ്ഞിരിപ്പുണ്ട് എന്ന് നാം മറക്കരുത്. 'മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു, കർത്താവാകട്ടെ ഹൃദയഭാവത്തിലും (1 സാമുവൽ 16:7) നമുക്കു ചുറ്റും പ്രശ്നങ്ങളുടെ കൂമ്പാരമുയരുമ്പോഴും അതിനെയെല്ലാം സ്വന്തം ശക്തിയും യുക്തിയും സമൃദ്ധിയും കൊണ്ട് ഒറ്റയ്ക്ക് നേരിടാമെന്ന വ്യാമോഹമാണോ നമുക്ക്? നാമൊന്നും വിചാരിക്കാത്ത അത്ഭുത പ്രതിഭാസങ്ങളുടെ ദൈവികകരവേലയുമായിട്ടാണ് മക്കൾ ജന്മമെടുക്കുന്നത്? ശരിയല്ലേ? ദൈവമുയർത്തിയ അനുഗ്രഹാശിസ്സുകളുടെ കരവലയത്തെ ഭേദിക്കാതിരുന്നാൽ ലോകം അനുഗ്രഹീതമാകും. ദാമ്പത്യത്തിന്റെ വിശുദ്ധിയും സുവിശേഷവും കാത്തുസൂക്ഷിക്കണം. സുഖലോലുപതയുടെ മട്ടുപ്പാവിൽ ആനന്ദിക്കാമെന്ന ഏകാകിയുടെ സഞ്ചാരവിചാരം മഹാമണ്ടത്തരമാണ്. കൂടുമ്പോഴാണ് ഇമ്പമുണ്ടാകുന്നത്. വളർന്നു പെരുകുമ്പോഴാണ് ദൈവിക പരിപാലനയുടെ അത്ഭുതങ്ങൾ തുറക്കുന്നത്.

പെരുത്ത കുടുംബം പെരുമയുള്ളതാകുമെന്ന് കാലം തെളിയിക്കുന്നുണ്ട്. ചുരുക്ക കുടുംബത്തിന്റെ പദ്ധതികളുടെ പാളിച്ചയും നാം കാണുന്നുണ്ട്. മനസ്സുതുറന്ന് സ്വർഗത്തോടു സംഭാഷിക്കാനും തിരിച്ചറിവിന്റെ തീരുമാനത്തിൽ കുടുംബങ്ങളെ മക്കൾ പെരുമയുടെ വിശുദ്ധകൂടാരങ്ങളാക്കാനും കഴിയണം. നമ്മിലൂടെ ലോകത്തിന് ലോകത്തിനപ്പുറമായ പലതും വായിച്ചെടുക്കാനും സാധിക്കണം. ദാഹശമനത്തിന് ഒരു ഗ്ലാസ്സ് വെള്ളം മാത്രം മതിയെന്നിരിക്കെ ഏകനായി കടൽക്കരയിൽ കസേരയിട്ടിരുന്ന് കടലിലേക്ക് നോക്കി സമൃദ്ധിയെക്കുറിച്ച് ഊറ്റം കൊള്ളുന്ന ആധുനിക ആസൂത്രണം വിഡ്ഢിത്തമല്ലേ? കടൽക്കരയിൽ ആൾക്കൂട്ടമേറിയാലും കടൽവറ്റില്ല കാരണം കടലിനും ആൾക്കൂട്ടത്തിനും ഉടയവൻ തമ്പുരാനാണ്. എങ്കിൽ കടൽത്തീരത്തെ മണൽതരിപോലെ ജനം വർധിച്ച് ഭൂമിയെ കീഴടക്കട്ടെ. എന്തിന് ഇങ്ങനെ ഒറ്റയ്ക്കിരുന്ന് സാത്താന് കളരിയൊരുക്കണം? കൂട്ടമായിട്ടിരുന്ന് ദൈവമഹത്വം പ്രഘോഷിച്ചുകൂടെ? അഞ്ചപ്പം കൊണ്ട് അയ്യായിരംപേരെ ഊട്ടിയവൻ ഇന്നും ഉറങ്ങാതിരിക്കുന്നു. 'ഒറ്റയ്ക്കായിരിക്കുന്നവനെ കീഴ്പ്പെടുത്താൻ സാധിച്ചേക്കാം. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും. മുപ്പിരിച്ചരട് വേഗം പൊട്ടുകയില്ല' (സഭാപ്രസം:4:12) ഒറ്റയ്ക്കും ഒന്നിച്ചുമെന്നതിനേക്കാൾ ദൈവത്തോട് ഒപ്പമാകുന്ന ഒരു ജീവിതരേഖ നമ്മെയെല്ലാം സമൃദ്ധിക്കപ്പുറമുള്ള സംതൃപ്തിയിൽ കൊണ്ടെത്തിക്കും. 'ഇസ്രയേലിന്റെ പരിപാലകൻ മയങ്ങുകയില്ല; ഉറങ്ങുകയുമില്ല' (സങ്കീ 121:4) അതുകൊണ്ടു തന്നെ മനുഷ്യന്റെ ആകുലതയ്ക്കും കൂട്ടൽ കിഴിക്കലിനും അർഥവുമില്ല ■



## ലേഖനം

ജോബി തോമസ്

# നിത്യതയുടെ തീരത്തേയ്ക്ക്...

നിത്യതയുടെ തീരത്തേയ്ക്കുള്ള കടത്തുവഞ്ചിയാണ് മരണം. പരിചിതലോകത്തിന്റെ ആരവങ്ങളും ആവരണങ്ങളും മുറിച്ചുകടന്ന് ശാന്തിയുടെ ആ മറുകര പൂകുന്ന ചിലർ സ്നേഹോഷ്മളമായ ഓർമകളുടെയും പ്രചോദനങ്ങളുടെയും ചൈതന്യവത്തായ സുഗന്ധം അവശേഷിപ്പിക്കാറുണ്ട്. അത്തരം മൂന്നു വ്യക്തിത്വങ്ങൾ... മൂന്നു ജീവിത പരിസരങ്ങൾ... ഒരേ വിശ്വാസസാക്ഷ്യത്തിന്റെ മൂന്നു തരം വെളിപ്പെടലുകളായി മാറുന്നു.



## ഉത്തരാഖണ്ഡിന്റെ രക്തസാക്ഷി



കഴിഞ്ഞ ജൂൺ പകുതിക്കുശേഷം പെയ്തുതിമിർത്ത ഇടവപ്പാതിയ്ക്ക്, ചേർത്തലയ്ക്കടുത്ത പള്ളിപ്പുറത്തെ പൊറ്റേച്ചിറയിൽ വീട്ടിൽനിന്നും ഒഴുകിയിറങ്ങിയ കണ്ണീരിന്റെ കൂടി കലക്കമുണ്ടായിരുന്നു. ഒരേസമയം സ്നേഹനഷ്ടത്തിന്റെയും അഭിമാനബോധത്തിന്റെയും സന്താപവും സന്തോഷവും നിറഞ്ഞ സ്മരണകളിൽ തിരുനെല്ലൂർ ഗ്രാമവും ഹൃദയം നൊന്തുവിതുമ്പി. ഉത്തരാഖണ്ഡിലെ കേദാർനാഥിൽ പ്രളയത്തിൽ കുടുങ്ങിയ ആയിരങ്ങളെ രക്ഷിക്കാനുള്ള പരിശ്രമത്തിനിടയിൽ ഹെലികോപ്റ്റർ അപകടത്തിൽ മൃതിയടഞ്ഞ, പി.ജി. ജോമോനെക്കുറിച്ചുള്ള ജ്വലിക്കുന്ന ഓർമകളിലാണെല്ലാവരും. മൃതദേഹം എട്ടുദിവസങ്ങൾക്കുശേഷം ആയിരങ്ങളുടെ സാന്നിധ്യത്തിൽ, ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു. ധീരനും അഭിമാനിയും സേവനസന്നദ്ധനുമായ ഒരു ഇൻഡോ-ടിബറ്റൻ ബോർഡർ പോലീസ് സേനാംഗം മാത്രമായിരുന്നില്ല അവൻ. കുടുംബത്തിലും ഇടവകയിലും നാട്ടിലുമെല്ലാം സുവിശേഷമൂല്യങ്ങൾ പരിശീലിച്ച്, അതിൽ അടിയുറച്ച ഒരു യുവാവ് കൂടിയായിരുന്നു.

അൾത്താര ശുശ്രൂഷിയായി, സി.എൽ.സി.യിലൂടെയും ജീസസ് യൂത്തിലൂടെയുമെല്ലാം വളർന്ന ജോമോന്റെ ആഗ്രഹം വൈദികനോ, പട്ടാളക്കാരനോ ആകാനായിരുന്നു. ഐ.റ്റി.സി.യി-ൽ പഠിക്കുന്ന കാലത്ത് ജീസസ് യൂത്ത് പ്രയർഗ്രൂപ്പിൽ പോയിത്തുടങ്ങി. സോണൽ ക്യാംപസ് ടീമിലൂടെ കലാലയ ദൈവരാജ്യപ്രവർത്തനങ്ങളിൽ വ്യാപൃതനായി. എല്ലാവരോടും ഹൃദ്യമായ വ്യക്തിബന്ധങ്ങൾ സൂക്ഷിച്ചു. ലഹരിക്കടിമപ്പെട്ട യുവജനങ്ങളെ പിന്തിരിപ്പിച്ചു. പ്രോഗ്രാമുകളുടെ മുന്നിലും പിന്നിലും വിശ്രമമില്ലാതെ കഠിനാധ്വാനം ചെയ്തു. നാട്ടിൽ ജോലി ചെയ്തു തുടങ്ങിയപ്പോൾ ആദ്യശമ്പളം ദൈവസന്നിധിയിൽ കാണിക്കയായി നൽകി. മൂന്നു വർഷംമുമ്പ് ഐ.റ്റി.ബി.പി.-യിൽ ചേർന്നു. പട്ടാളക്കാർക്കിടയിലും ഒരുമിച്ചിരുന്നു പ്രാർഥിക്കാൻ ഒരു കൂട്ടായ്മയും ആരംഭിച്ചു.

കഴിഞ്ഞ മെയ്മാസത്തിൽ നാൽപതുദിവസത്തെ അവധിക്കു ജോമോൻ നാട്ടിൽ വന്നിരുന്നു. "കേദാർനാഥിൽ നൂറുകണക്കിനാളുകളെ രക്ഷപ്പെടുത്തിയ ശേഷം, രണ്ടുമണിക്കൂർ അവർക്ക് വിശ്രമിക്കാമായിരുന്നു. അവൻ അതുപേക്ഷിച്ച് വീണ്ടും ഇറങ്ങുകയായിരുന്നു" എന്ന് കമാൻഡർ പറഞ്ഞു. "മഴയും മഞ്ഞുമാണമ്മേ, തിരികെപ്പോകുന്നെന്ന് ഒടുവിലത്തെ പറക്കലിൽ വിളിച്ചുപറയുകയും ചെയ്തു. ആ യാത്രയിലാണ് അവൻ..." ജോമോന്റെ അമ്മ ജോളിയുടെ വാക്കുകൾ ഗദ്ഗദത്തിൽ കുരുങ്ങിപ്പോയി. വീട്ടിലെ സന്ദർശകരുടെ ഡയറിയിൽ വയലാർ രവി മുതൽ

സമൂഹത്തിന്റെ വിവിധരംഗങ്ങളിലെ ഉന്നതരുടെ കുറിപ്പുകളും ആശംസകളും കണ്ടു. എല്ലാറ്റിന്റെയും സാരമിതായിരുന്നു. പ്രിയപ്പെട്ട ജോമോൻ, നീ ദേശത്തിന് അഭിമാനമായി. നിന്റെ സജീവമായ ഓർമകളുടെ സാന്നിധ്യം ഞങ്ങളെ പ്രചോദിപ്പിക്കുന്നു. നിന്റെ പ്രതിബദ്ധത ഞങ്ങളുടെ യുവാക്കൾക്കു മാതൃകയാകും. അപകടകരമായ വഴികളിലൂടെ ജീവിതയാത്ര തുടരുന്ന ആയിരക്കണക്കിനു യുവജനങ്ങൾക്ക്, പ്രവർത്തനനിരതനും സ്നേഹസമ്പന്നനുമായ ജോമോന്റെ സ്വർഗീയസാന്നിധ്യം നിരന്തരമാധ്യസ്ഥത്തിന്റെ അകമ്പടി സേവിക്കട്ടെ. അവൻ നമ്മിലൂടെ ജീവിക്കട്ടെ...

## തിരുസന്നിധാനത്തിലേക്കുള്ള പ്രദക്ഷിണവഴികൾ



എൺപതുകളുടെ ഒടുവിലാണ് തൃശൂർസോണിലെ ജീസസ്‌യൂത്ത് പ്രവർത്തനങ്ങളിലേയ്ക്ക് ഷീലാ ചിറയത്ത് കടന്നുവരുന്നത്. അറിയാവുന്നവരെല്ലാം പറയുന്നത് ആൺകുട്ടികളുടെ സ്വഭാവമായിരുന്നുവെന്നാണ്! നിരന്തരം അലഞ്ഞുനടക്കാനും, ധൈര്യപൂർവം ഇറങ്ങിപ്പുറപ്പെടാനും, ആളുകളെ സ്വാധീനിക്കാനും, സംഘടിപ്പിക്കാനും, നോക്കിനടത്താനുമെല്ലാം മിടുക്കി. ഈ ജൂണിൽ, നാൽപത്താറാം വയസ്സിൽ മരിക്കുമ്പോൾ, യൗവനം മുഴുവനും ക്രിസ്തുവിന് ഒരു നിവേദ്യമർപ്പിച്ചുകൊണ്ട്, ഒരു മിണ്ടാമഠത്തിലെ സമർപ്പിതയായ സി. മേരി ഷീലയായിത്തീർന്നിരുന്നു അവർ. ആരവങ്ങളുടെ ഓട്ട പ്രദക്ഷിണങ്ങളിൽനിന്ന് നിശ്ശബ്ദമായ ദിവ്യസന്നിധാനത്തിലേയ്ക്കുള്ള ഒരു പിന്തിരിയൽ. അന്വേഷണങ്ങളുടെ ഒടുവിൽ മൃതിസോദരിയുടെ വിരൽപിടിച്ച്, അനശ്വരതയുടെ നിത്യശാന്തിയിലേക്ക് അവർ നടന്നിറങ്ങി.

ബി.കോം. പഠനത്തിനുശേഷം ടീനേജേഴ്സിനിടയിലെ പ്രവർത്തനങ്ങളിലൂടെ നേതൃത്വത്തിലേക്കു വളർന്ന ഷീല, ഒല്ലൂർ സബ്സോണിന്റെ കോ-ഓർഡിനേറ്ററായിരുന്നു. തൊണ്ണൂറുകളുടെ മധ്യത്തിൽ, തൃശൂർസോണിൽ നാലുവർഷം ജീസസ്‌യൂത്ത് സർവീസ് ടീം അംഗവും സെക്രട്ടറിയുമായി സേവനമനുഷ്ഠിച്ചു. കൗമാരക്കാർക്കുവേണ്ടി കേരളതലത്തിൽ നടന്ന ശുശ്രൂഷകളെ ഏകോപിപ്പിക്കുന്ന കോർ ടീം അംഗമായി രൂപതയിലെ കരിസ്മാറ്റിക് ടീമിന്റെ സെക്രട്ടറിയായും കുറേക്കാലം പ്രവർത്തിച്ചു. ഇടയ്ക്കെപ്പോഴോ ക്രിസ്തുവിനായി സ്വയം സമർപ്പിക്കാനും അവർ ധൈര്യപ്പെട്ടു. അനേകം യുവജനങ്ങളെ അവനിലേക്കു കൈപിടിച്ചു വളർത്തി. നിരവധിപേരുടെ പതർച്ചകളിൽ അവരുടെ വിശ്വാസജീവിതത്തിനു കാവലാളായി അനുയാത്ര ചെയ്തു. പാവങ്ങളോടു പക്ഷം ചേരുന്നതിനായി നിരന്തരം മുന്നിട്ടിറങ്ങിയതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളും ധാരാളം. അപ്പനും അമ്മയും അഞ്ചു സഹോദരങ്ങളും ഷീലയുടെ പ്രവർത്തനങ്ങൾക്ക് പ്രാർഥനാപൂർവമുള്ള പിന്തുണ നൽകി.

രണ്ടായിരമാണ്ടോടെ മിഷൻപ്രദേശങ്ങളായി ഷീലാ ചിറയത്തിന്റെ ശുശ്രൂഷാരംഗം. ആന്ധ്ര, ഗോരഖ്പൂർ, ഷില്ലോങ്ങ്, ബീഹാർ, ഊട്ടി എന്നിവിടങ്ങളിലെല്ലാം പ്രവർത്തിച്ചു. വിവിധ സന്യാസസമൂഹങ്ങൾക്കൊപ്പം കഴിഞ്ഞു. അവസാനം, പുവർ ക്ലെയർ ക്ലോയിസ്റ്റർ കോൺവന്റ് തന്റെ മുന്നോട്ടുള്ള ഇടമായി അവർ കണ്ടെത്തി. മൂന്നുവർഷങ്ങളായി അവിടുത്തെ നോവീസായിരുന്നു. രോഗപീഡകൾ മൂലമുള്ള സഹനങ്ങളാൽ വലഞ്ഞ സി. മേരി ഷീല നിത്യവ്രതവാഗ്ദാനത്തോടടുത്ത നാളുകളിലാണ് ആത്മനാഥന്റെ പക്കലേയ്ക്ക് മടങ്ങിപ്പോയതോത്. ഒരുപാട് ടോക്കറ്റീവും ആക്ടീവുമായിരുന്ന ഷീലാ ചിറയത്ത്. മൗനവും മനനവും കൊണ്ട് സി. മേരിഷീലയായി തന്റെ വിശ്വാസത്തിന്റെ ഓട്ടം പൂർത്തീകരിച്ചു. മാർത്തയുടെയും മറിയത്തിന്റെയും സാധ്യതകൾ ഒരുമിച്ച് ഉൾച്ചേരുമ്പോഴാണ് ശിഷ്യത്വം പൂർണതയിലേയ്ക്കു നീങ്ങുന്നതെന്ന്, ആലുവ പുവർ ക്ലെയർ കോൺവന്റിലെ ഒരു മൺകുടീരം നമ്മോട് മെല്ലെ മൊഴിയുകയാണ്.

## മായില്ല, ഈ സൗഹൃദമുഖം

മറ്റാരും അനുകരിക്കാൻ ധൈര്യപ്പെടാത്ത തരത്തിൽ സ്വന്തം കാര്യങ്ങൾ പിന്നിലുപേക്ഷിച്ച്, കർണാടകയിലെ യുവജനപ്രവർത്തനങ്ങളിൽ പങ്കാളിയായവൻ; എല്ലാവരോടും സന്തോഷത്തോടെ ഇടപെടുന്ന, കണ്ടുമുട്ടുന്നവരെ ആനന്ദത്താൽ നിറയ്ക്കുന്ന കൂട്ടുകാരൻ; പോളിയോയുടെ ദൗർബല്യങ്ങൾ ബാധിച്ച സ്വന്തം അപ്പന്റെ



പ്രത്യാശയുടെ ഇത്തിരിവെട്ടം; ദൂരെ മഹാനഗരത്തിൽ ജോലി ചെയ്യുന്ന അമ്മയുടെ സ്വപ്നങ്ങളിലെ ആശ്രയസങ്കേതം; പുതിയ വീടെന്ന മോഹതീരത്തേക്ക് ഒറ്റയ്ക്കു തുഴഞ്ഞു നീങ്ങിക്കൊണ്ടി

രുന്ന പ്രയത്നശാലി... കർണാടകയിലെ ജീസസ്യൂത്ത് ക്യാംപസ് മിനിസ്ട്രി കോ-ഓർഡിനേറ്ററായിരുന്ന റോഷൻ മാത്യുവെന്ന ചെറുപ്പക്കാരന് ഇനിയും തീരാത്ത വിശേഷണങ്ങളുണ്ട്. ഉറ്റ സുഹൃത്തിനായി ബൈക്ക് വാങ്ങിയുള്ള മടക്കയാത്രയിൽ, മഴനൂലുകൾ ദൈവകാരുണ്യമായി ഭൂമിയെ തൊടുന്ന ബൽത്തങ്ങാടിയിലെ ഒരു ജൂൺമാസ സായാഹ്നത്തിൽ, സ്കൂൾ ഓഫ് ഡിസൈപ്പിൾസിന്റെയും ക്യാംപസ് മീറ്റിന്റെയും ആലോചനകളും വീടുപണിയും പാതിവഴിയിൽ ഉപേക്ഷിച്ച്, റോഷൻ സ്വർഗത്തിലേക്കുള്ള പ്രയാണമാരംഭിച്ചു. നമ്മുടെ മനസ്സുകളിൽ പൂരണം ചെയ്യാത്ത ദൈവികപദ്ധതിയെക്കുറിച്ചുള്ള സമസ്യകളുടെ ചാരത്ത്, പഴയനിയമത്തിലെ ജോബിന്റെ മനനത്തെ മാത്രമേ കൂട്ടുപിടിക്കാനാവൂ. 'ഞാൻ നിസ്സാരനാണ്; ഞാൻ എന്തുത്തരം പറയാനാണ്! ഞാൻ വായ്പൊത്തുന്നു'.

രണ്ടായിരത്തിനുശേഷമാണ് ക്രിസ്തുവിനോടൊത്തുള്ള ജീവിതശൈലിയെ റോഷൻ ഗൗരവമായെടുത്തത്. ഒരു ശിഷ്യത്വപരിശീലനപരിപാടി കഴിഞ്ഞ് കർണാടകയിലെ വിവിധ ഇടവകകളിലെ യുവജന ശുശ്രൂഷകളിലേക്ക് സജീവമായി പങ്കുചേർന്നു. പാരീഷ് ടീമിന്റെ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായി. വളരെ റിസ്ക് ടേക്കിങ്ങും പാഷനേറ്റുമായ ചെറുപ്പക്കാരനെന്ന് സുഹൃത്തുക്കളാൽ വിലയിരുത്തപ്പെട്ടു. 2009-ലെ ഡീപ്പർ & ഹയർ കോൺഫറൻസിനുശേഷം സ്വയംതിരുത്തലുകൾ വരുത്താനും ആഴപ്പെട്ടുവളരാനുമായി കുറേക്കാലം ബൽത്തങ്ങാടിയിലെ പ്രവർത്തനങ്ങളിലേക്ക് ഒതുങ്ങി.

2011-നു ശേഷം കർണാടകത്തിലെ കലാലയ യുവജനപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ടീമിലേയ്ക്ക് തിരിച്ചെത്തി. പത്തുമാസം മുൻപ് അതിന്റെ കോർഡിനേറ്ററായി. 'റോഷന്റെ സ്വപ്നങ്ങൾ നമുക്കൊരുമിച്ച് പൂർത്തിയാക്കാം, അവൻ പാതിവഴിയിലാക്കിയവ നമുക്ക് മുന്നോട്ടു കൊണ്ടുപോകാം, പ്രതീക്ഷയുടെ ദീപമണഞ്ഞെന്ന് സങ്കടപ്പെടുന്ന അവന്റെ പപ്പയ്ക്കും മമ്മിക്കും നമുക്ക് മകനും മകളുമാവാം'. ഈ ദിവസങ്ങളിൽ കണ്ട മെയിലുകളിലൊന്ന് അവസാനിക്കുന്നത് ഇങ്ങനെയാണ്.

വിശ്വാസത്തിന്റെ പ്രത്യാശാനിർഭരമായ സ്നേഹവഴികളിൽ ഇവരെല്ലാവരും ബാക്കിവച്ച ഉത്തരവാദിത്വങ്ങൾ, പൂർത്തിയാക്കാത്ത പദ്ധതികൾ എന്നിവയെല്ലാം നാമൊന്നായി ഏറ്റെടുക്കേണ്ടതുണ്ട്. പകിട്ടാർന്ന ചില വിളക്കുകളെങ്കിലും കൊളുത്തിവച്ചിട്ടാണല്ലോ, നമുക്കു മുന്നിലൂടെ അവർ മറഞ്ഞുപോയത് ■


കെയ്റോസ് നിങ്ങളുടെ ഭവനത്തിൽ/ജോലിസ്ഥലത്ത്/കാമ്പസിൽ ലഭിക്കുവാൻ ഈ ഫോം പൂരിപ്പിച്ച ശേഷം മണിഓർഡർ/ ഡി.ഡി. സഹിതം അയയ്ക്കുക

**വരിസംഖ്യ കൂപ്പൺ**

പേര്: ..........................................

അഡ്രസ്സ്: ..........................................

..........................................

ജില്ല: ..........................................പിൻ: ..........................................

മൊബൈൽ: ..........................................ഇമെയിൽ..........................................

പണമടയ്ക്കുന്ന രീതി: മണിഓർഡർ/ഡിഡി. തുക: ..........................................

**വരിസംഖ്യ ഒരു വർഷത്തേക്ക് ₹180**

വിലാസം: കെയ്റോസ്, എമ്മാവൂസ് എച്ച്.എം.ടി.കോളനി.പി.ഒ.,എറണാകുളം-683503 ഫോൺ: 0484 2558825, 9447742672. Email: kairosmag@gmail.com, www.kairos.jesusyouth.org ചെക്കും ഡ്രാഫ്റ്റും കെയ്റോസ്, എറണാകുളം എന്ന പേരിലാണ് എടുക്കേണ്ടത്. ബാങ്ക് ട്രാൻസ്ഫർ ആയി പണമടയ്ക്കുന്നവർ, മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളോടൊപ്പം കോഡ് നമ്പർ ചേർത്ത് ഈമെയിൽ അയയ്ക്കുക.

**Account Holder:** Kairos Trust **A/c No.:** 13060100110898 **Bank:** Federal Bank **Branch:** Kalamassery
**IFSC Code:** FDRL 0001012

# ചോദിക്കൂ പറയാം

ഡോ. സൂസി ജോസ്



# ബന്ധങ്ങളുടെ ഇടയിൽ

**1 സുഹൃത്തുക്കളിൽ നിന്നുള്ള അവഗണന. അവരുടെ ആവശ്യങ്ങൾ കഴിയുമ്പോൾ എന്നെ തള്ളിക്കളയുന്നു.**

ലോകത്തിലേക്കുംവച്ച് ഏറ്റവും ശാശ്വതവും ദൃഢവുമായ ബന്ധം സൗഹൃദമാണെന്നു കരുതുന്നവർക്ക് ഉണ്ടാകുന്ന ഒരുതരം അസ്വസ്ഥതയായി ഇതിനെ കരുതാം. സൗഹൃദം അതിനാൽത്തന്നെ നല്ലതാണ്. എന്നാൽ കുടുംബബന്ധങ്ങൾക്ക് ഉപരിയായി ഒരു കാരണവശാലും അതിനെ കാണാതിരിക്കുക. സുഹൃത്തുക്കളെ സ്നേഹിക്കുക. നല്ല സൗഹൃദങ്ങൾ നിലനിർത്തുക. സ്വന്തം ഭാവിയും കുടുംബബന്ധങ്ങളും ഏറ്റവും മികവുറ്റതും സുരക്ഷിതവുമാക്കാൻ ശ്രമിക്കുക. മറ്റുള്ളതൊക്കെ മറന്നേക്കുക.

**2. എന്റെ അപ്പച്ചനും അമ്മച്ചിയുടെ വീട്ടുകാരും തമ്മിൽ ഒരുപാട് വഴക്കുകളും പ്രശ്നങ്ങളും നിലനിൽക്കുന്നു. ഇത് എന്റെ സ്വസ്ഥത ഇല്ലാതാക്കുന്നു.**

കുടുംബപ്രശ്നങ്ങൾകൊണ്ട് ഇന്നത്തെ ഒട്ടുമുക്കാൽ കുടുംബങ്ങളും കലുഷിതമാണ്. വിട്ടുവീഴ്ചാമനോഭാവം ഇല്ലാത്തതും പരസ്പരം മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയാതെ വരുന്നതുമൊക്കെ ഇതിനു കാരണമാകുന്നു. കുടുംബസദസ്സുകളിലും അതുപോലെതന്നെ അപ്പച്ചൻ നല്ല സന്തോഷത്തിലായിരിക്കുന്ന അവസരത്തിലുമൊക്കെ ഇക്കാര്യങ്ങൾ തുറന്ന് ചർച്ച ചെയ്യാനാവുമോ എന്ന് നോക്കുക. എല്ലാ കുരുക്കുകളും അഴിക്കാൻ കഴിവുള്ള ദൈവത്തോട് ചേർന്നു നിന്നുകൊണ്ട് ഒന്നു ശ്രമിച്ചുനോക്കൂ. പിന്നെ മുതിർന്നവരുടെ വഴക്കുകളും പ്രശ്നങ്ങളുമൊക്കെ അതിന്റെ വഴിക്കുപോകട്ടെ. അതൊന്നും നമ്മുടെ ഉറ്റവരോടും ഉടയവരോടുമുള്ള ബന്ധം വഷളാകാൻ കാരണമാകരുത്.

**3. ഇംഗ്ലീഷ് സംസാരിക്കാൻ സാധിക്കുന്നില്ല എന്ന അപകർഷതാബോധം കാരണം കൂട്ടുകാരുമായിട്ട് തുറന്നിടപെടാൻ കഴിയുന്നില്ല.**

ഇംഗ്ലീഷ് സംസാരിക്കാൻ സാധിക്കുന്നില്ല എന്നത് ഒരു കുറവായി കാണേണ്ട കാര്യമില്ല. കാരണം ചിട്ടയോടും നിഷ്ഠയോടും കൂടി ശ്രമിച്ചാൽ ആർക്കും അനായാസമായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ സാധിക്കും. നമ്മുടെ ചെറിയ ഗ്രൂപ്പിൽ ഒരൽപം തെറ്റ് സംഭവിച്ചാലും കുഴപ്പമില്ല എന്ന ധൈര്യത്തോടെ സംസാരിച്ച് തുടങ്ങിക്കോളൂ. സാവധാനം തെറ്റു കൂടാതെ സംസാരിക്കാൻ സാധിക്കും. ഇംഗ്ലീഷ് പത്രങ്ങളും മാസികകളും ദിവസേന വായിക്കുക. ഇംഗ്ലീഷ് സിനിമകൾ കാണുക. വാർത്താചാനലുകൾ കാണുക. കൂടാതെ ഇപ്പോൾ ലളിതമായ രീതിയിൽ ഭാഷ പഠിക്കുന്നതിനായി സിഡികളും മറ്റും ലഭ്യമാണ്. ഇവയൊക്കെ ഉപയോഗിക്കുക. അതോടൊപ്പം അൽപസ്വൽപം തെറ്റു പറ്റിയാലും ഇംഗ്ലീഷിൽ സംസാരിക്കുകയും ചെയ്യുക.

**4. അകാലത്തിൽ മരണപ്പെട്ട എന്റെ പിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് പള്ളിയിൽ പോകാനോ പ്രാർഥിക്കാനോ തോന്നാറില്ല. പറക്കമുറ്റാത്ത ഞങ്ങളെ തനിച്ചാക്കിക്കളഞ്ഞല്ലോ? ഇനിയുള്ള ഭാവി എന്ത് എന്ന ആകുലത വല്ലാതെ അലട്ടുന്നു.**

അനിവാര്യമായ ഒരു യാഥാർഥ്യമാണല്ലോ മരണം. മരണാനന്തര നിത്യജീവനെക്കുറിച്ച് പ്രത്യാശയില്ലാതെ വരുമ്പോഴാണ് ആകുലതയും നിരാശയും ഒക്കെ നമ്മെ വേട്ടയാടുന്നത്. വയലിലെ ലില്ലിപുഷ്പത്തെപ്പോലും കാത്തുപരിപാലിക്കുന്ന സൃഷ്ടാവ് നമ്മെയും പരിപാലിക്കും. ആ യാഥാർഥ്യത്തിലേക്ക് എത്തിച്ചേരാൻ അൽപസമയം വേണ്ടിവരും എന്നുമാത്രം. നമ്മുടെ ചുറ്റുപാടും ഇത്തരം സാഹചര്യത്തിലൂടെ കടന്നുപോയിട്ടുള്ളവരെ ശ്രദ്ധിച്ചുനോക്കൂ. അവരെയൊക്കെ എത്രയോ കരുതലോടെ പരിപാലിക്കുന്നുണ്ട് എന്ന് നിരീക്ഷിച്ചുനോക്കുക. ഒരാളും പരിഗണിക്കപ്പെടാതെയോ പരിപാലിക്കപ്പെടാതെയോ പോകുന്നില്ല എന്നു നമുക്ക് കാണാം. സൃഷ്ടാവിന് സൃഷ്ടിയെയും അതിന്റെ ആവശ്യങ്ങളുമൊക്കെ കൃത്യമായി അറിയാം. ആ സംരക്ഷണം എല്ലാ ജീവജാലങ്ങൾക്കും ഉണ്ടാകും. എല്ലാത്തിനോടും വൈരാഗ്യത്തോടും വിരക്തിയോടും കൂടി പ്രവർത്തിക്കാതെ ദൈവേഷ്ടത്തിനു കീഴ്വഴങ്ങുക.

*സ്നേഹപൂർവം സൂസിച്ചേച്ചി*



## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ





# സൈന്യത്തെ കാണാത്ത മാധ്യമങ്ങൾ

ഇക്കഴിഞ്ഞ ജൂൺ 16-ന് ഇന്ത്യയുടെ വടക്കേ അറ്റത്തുള്ള ഉത്തരാഖണ്ഡ് സംസ്ഥാനത്ത് മേഘവിസ്ഫോടനത്തെത്തുടർന്നുണ്ടായ ദുരന്തം ഈ നൂറ്റാണ്ടിൽ ലോകം കണ്ട ഏറ്റവും ദാരുണമായ സംഭവങ്ങളിലൊന്നാണ്. മദം പൊട്ടിവന്ന ജലരാശിയും, പാറക്കൂട്ടങ്ങളും അനേകായിരം പേരെ ഭൂമിയിൽ നിന്നും നക്കിയെടുത്തു. പതിനായിരക്കണക്കിനാൾക്കാർ കഷ്ടതയിലായി. രക്ഷപ്പെടാൻ കഴിയാതെ നിസ്സഹായരായി കേദാർനാദിന്റെ പാർശ്വങ്ങളിൽ ആയിരങ്ങൾ ചിന്നിച്ചിതറി. മുമ്പിൽ റോഡില്ല, ഭക്ഷണമില്ല, ഉറ്റവർ പോലും നഷ്ടപ്പെടുകയോ നിസ്സഹായരാവുകയോ ആയ സാഹചര്യം. ജീവൻ പണയം വച്ച് അവരെ രക്ഷിച്ചത് ഇന്ത്യൻ സൈന്യമായിരുന്നു. 7000-ത്തോളം സൈനികർ നടത്തിയ ധീരസാഹസികമായ ചുവടുവയ്പിനെ നമ്മുടെ മാധ്യമങ്ങൾ വേണ്ട വിധം ആദരവു നൽകാത്തത് ഖേദകരമാണ്.

ഹെലികോപ്റ്ററിനു പോലും ഇറങ്ങാൻ കഴിയാത്ത സ്ഥലങ്ങളിൽ 150-ഓളം കമാൻഡോകൾ പാരച്യൂട്ടിലിറങ്ങിവരെ ജനങ്ങളെ രക്ഷിക്കേണ്ടി വന്നു. നിരന്നുകിടക്കുന്ന സൈനികരുടെ പുറത്തുചവിട്ടി നടന്നുപോലും രക്ഷപ്പെടുത്തേണ്ട അവസരങ്ങളുണ്ടായിരുന്നു. ഇതിനിടയിൽ ഏതാനും സൈനികർ മരണപ്പെട്ടിടിടുകൂടി അവരുടെ വീര്യത്തിനു കുറവു വന്നില്ല. മറ്റുള്ളവരുടെ ജീവനുവേണ്ടി അഹോരാത്രം അവർ പണിയെടുത്തു. സ്വന്തം ജീവൻ മറന്ന് അനേകായിരങ്ങളെ രക്ഷപ്പെടുത്തിയിട്ടും ആ ധീസാഹസിക സംഭവങ്ങൾ വിവരിക്കാനോ വാഴ്ത്താനോ മാധ്യമങ്ങൾ ശ്രമിക്കാതിരുന്നത് തികച്ചും അധാർമികം തന്നെയാണ്.

ഈ സന്ദർഭത്തിൽ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്തിരുന്നത് രാഷ്ട്രീയക്കാരുടെ മുതലെടുപ്പിനെക്കുറിച്ചും ജനങ്ങളെ രക്ഷപ്പെടുത്തുന്ന സർക്കാർ നടപടിയിൽ ജാതി ചിന്തവരെ കുത്തിക്കയറ്റാനുള്ള ചില ശക്തികളുടെ കുടിലതന്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുമൊക്കെയായിരുന്നു.

ഭാവിയിൽ രാജ്യം ഭരിക്കാനൊരുങ്ങുന്ന ഒരു മാന്യദ്ദേഹം തന്റെ സംസ്ഥാനത്തെ 20000 പേരെ വിമാനത്തിൽ രക്ഷിച്ചുവെന്ന് വീരവാദം മുഴക്കി. പിന്നെയത് 5000-മാക്കി കുറച്ചു. സ്വന്തം നാട്ടുകാരെ മാത്രം രക്ഷിക്കാൻ നടക്കുന്നവർ രാജ്യത്തെ ഭരണാധികാരിയായാൽ എന്താകും സ്ഥിതി?

കേരളത്തിൽ നിന്നും പോയിരുന്നവരിൽ ചില സന്യാസിമാർ തങ്ങളെ മാത്രം ആദ്യം രക്ഷിക്കണമെന്ന പരിദേവനവുമായി നടന്നത് കൗതുകമുണർത്തുന്ന ഒന്നായി. കേരളസർക്കാരിന്റെ ഹെലിക്കോപ്റ്റർ തന്നെ അവിടെയെത്തണമത്രേ. അവരുടെ ആവശ്യത്തോട് പ്രതിരോധ വകുപ്പുമന്ത്രി എ.കെ. ആന്റണി പറഞ്ഞതിങ്ങനെയാണ്: 'എല്ലാവരും രക്ഷപ്പെടണം. അതിനിടയിൽ നിന്നു തിരഞ്ഞുപിടിച്ച് നിങ്ങളെമാത്രം രക്ഷിക്കാൻ പറ്റുമോ?' രാജ്യത്തിന്റെ പ്രതിരോധമന്ത്രി മറ്റെന്തു മറുപടിയാണ് കൊടുക്കേണ്ടത്!

ഉന്നതസ്ഥാനത്തിരിക്കുന്ന പലരും സൈന്യത്തോട് തങ്ങളുടെ ആളുകളെ ആദ്യം രക്ഷിക്കണമെന്നുള്ള ശുപാർശകൾ ധാരാളമായി നടത്തി. അവരോട് സൈന്യം നൽകിയ മറുപടി ഇതായിരുന്നു: 'ദയവായി ഞങ്ങളെ ബുദ്ധി

മുട്ടിക്കാതിരിക്കുക. മുൻഗണനാ പ്രകാരം തന്നെയാണ് ഞങ്ങൾ പോകുന്നത്. രോഗികളായവർ, പ്രായമായവർ, സ്ത്രീകൾ, കുട്ടികൾ, പിന്നീടു മറ്റുള്ളവർ എന്ന നിലയാലാണിത്.'

ആന്ധ്രാ സംസ്ഥാനത്തുള്ളവരെ രക്ഷിക്കാൻ തെലുഗുദേശം ആദ്യം ഓടിയെത്തി. അതറിഞ്ഞ് കോൺഗ്രസും സ്ഥലത്തെത്തി. പിന്നെ അതിനെക്കുറിച്ചായി കലഹങ്ങൾ.

രാഷ്ട്രീയക്കാരുടെ മുതലെടുപ്പും സന്യാസിമാരുടെ കൊതിക്കെറുവുമൊക്കെയാണ് മലയാള മാധ്യമങ്ങൾ ആ ദിവസങ്ങളിൽ ആഘോഷിച്ചത്. ഇതെല്ലാം ചവറുപോലെ വലിച്ചെറിഞ്ഞ് സൈന്യത്തിന്റെ ധീരമായ ഇടപെടലുകളെ ശ്ലാഘിച്ചുകൊണ്ടും ആ പ്രവർത്തനങ്ങളെ റിപ്പോർട്ടു ചെയ്യേണ്ടതിനു പകരം മുതലെടുപ്പിന്റെയും കുറ്റപ്പെടുത്തലിന്റെയും വിഷവത്തായ ഹീന ആരോപണങ്ങളെ പർവതീകരിക്കുന്ന വാർത്തകൾക്കു പ്രാമുഖ്യം നൽകിയത് പാപ്പരത്തമെന്നേ പറയേണ്ടൂ.

## ചാനലുകളേ വിട!

മലയാളിക്കെന്തുപറ്റിയെന്ന് പലരും ആരായുന്നു. ആരെ കൊന്നിട്ടാണെങ്കിലും പണമുണ്ടാക്കുക, അതിന് ഏതറ്റം വരെയും പോകാൻ തയ്യാറായി പുരുഷന്മാർ മാത്രമല്ല സ്ത്രീകളും തയ്യാർ! പാശ്ചാത്യ സംസ്ക്കാരത്തിന്റെ എല്ലാ അധ:പതനങ്ങളും രണ്ടു കൈയും നീട്ടി ആർത്തിയോടെ ജനം സ്വീകരിക്കുന്നു. ശരീരമാണ് ഏറ്റവും പ്രധാനം. അതിന്റെ അനന്ത സാധ്യതകളെ ആവോളം പ്രയോജനപ്പെടുത്തുക. ശരീരത്തിന്റെ കസർത്തുകൊണ്ട് നേടാവുന്നതിനു പരിധിയില്ല. കോടി രൂപയൊക്കെ നിസ്സാരമായി ആളുകൾ ഇട്ടുതരും. ഏറ്റവും വിലപിടിച്ച കാറൊക്കെ വീട്ടുമുറ്റത്ത് നിഷ്പ്രയാസം വന്നുചേരും.

ഭാര്യയെ കൊന്നെങ്കിലെന്താണ്? നിഷ്പ്രയാസം പണമുണ്ടാക്കാനറിയാമല്ലോ. ഒന്നിച്ചുകഴിയാൻ വിവാഹം കഴിക്കണമെന്ന് ആരാണു പറഞ്ഞത്? അതൊക്കെ നിയമക്കുരുക്കുകളാണ്. ശരീരത്തിന്റെ നിറവും പുഷ്ടിയും ആവനാഴിയിലെ മലർശരങ്ങളാണ്. ആരെ വേണമെങ്കിലും അമ്പെയ്തു വീഴ്ത്താൻ തയ്യാർ.

എന്തു ചെയ്യാം! നോൺവെജ് കഴിച്ച് ആരോഗ്യം കൂടിപ്പോയി; അപ്പനെയും മകനെയും തിരിച്ചറിയാൻ കഴിയുന്നില്ലല്ലോ. ഓണത്തിന് ഇനിയും നാളുകളുണ്ട്. പക്ഷേ, ചാനലുകൾക്ക് എന്നും ഓണം തന്നെയാണ്. ഇഷ്ടം പോലെ വിഭവങ്ങൾ. കാഴ്ചരതിയുടെ ഈ മഹാസദ്യയിൽ പങ്കാളികളാകാൻ അവർ ജനത്തെ മുഴുവൻ ക്ഷണിക്കുന്നു.

എന്തു കിട്ടാണ് 'തെറ്റാഭിഷേകം' കുടുംബസദസ്സിലേക്ക് മറനീക്കി ചാനലുകൾ കടത്തിവിട്ടത്? എല്ലാവരും ഇതൊക്കെ കാണുന്നവരും കാണാനാഗ്രഹിക്കുന്നവരുമാണെന്ന് വിചാരിച്ചുവോ? ടി.വി. ഓഫാക്കിയവരും ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു പോയവരും അന്നേദിവസം എത്രപേരാണെന്നറിയാമോ?

'മലയാളി ഹൗസ്' എന്ന പേരിൽ ഒരു ചാനൽ (സൂര്യ) ആഭാസകരമായ റിയാലിറ്റി ഷോ സംപ്രേഷണം ചെയ്തുകൊണ്ടിരുന്നു. പത്തുപന്ത്രണ്ടു യുവതീയുവാക്കൾ ഒരു വലിയ വീട്ടിൽ താമസിക്കുമ്പോഴുണ്ടാകുന്ന തനി സ്വഭാവത്തെ കാണിക്കുകയാണത്രേ. ഇതൊന്നും ആഭാസകരമല്ലെന്നു പറയാൻ കുറേപ്പേരുണ്ട്. എന്തിനും ഒരുമ്പെട്ടിറങ്ങുന്ന കുറേ പേർക്ക് ഇതൊക്കെ ജീവിതത്തിന്റെ ഭാഗമായിരിക്കാം. പക്ഷേ, മൂല്യങ്ങളെ വിലമതിക്കുന്ന കുറച്ചാളുകൾ ഇവിടെ ജീവിച്ചിരിപ്പുണ്ടെന്നോർക്കണം.

ഒരു വാർത്തയുടെ സത്യസന്ധത ഉറപ്പുവരുത്താതെ കേട്ടപാതി, കേൾക്കാത്ത പാതി, ബ്രേക്കിങ് ന്യൂസ് കൊടുത്ത് തങ്ങളുടെ ചാനൽ കണ്ടെത്തിയതാണെന്നു മേനി നടിക്കുന്നു. അതിന് തങ്ങളുടെ താത്പര്യത്തിനനുസിച്ച് പൊടിപ്പും തൊങ്ങലും വച്ച് ചർച്ചയാക്കുന്നു. തങ്ങളുദ്ദേശിക്കുന്നതിനു വിരുദ്ധമായി ചർച്ചകളിൽ ആഭിപ്രായം പറയാൻ അവരൊട്ടനുവദിക്കുകയുമില്ല. കോടതിയിലിരിക്കുന്ന കേസാണെങ്കിലും ചാനൽ തന്നെ വിധി പ്രസ്താവവും നടത്തിക്കളയും. ഇതൊക്കെ കാണുന്നവരും കേൾക്കുന്നവരും തങ്ങളെക്കാൾ മണ്ടന്മാരാണെന്നാണ് ഇവരുടെ വിചാരം. ഒരു സംഗതിയെ ശരിയായ വിധത്തിൽ വിശകലനം ചെയ്യാനും മനസ്സിലാക്കാനും കഴിവുള്ളവർ ഇവിടെ ജീവിച്ചിരിപ്പുണ്ട്. അവരുടെ നിശ്ശബ്ദതയെ ബുദ്ധിശൂന്യതയെന്നു കരുതി വങ്കത്തരങ്ങൾ അടിച്ചേൽപിക്കാൻ ചാനലുകൾ ശ്രമിക്കരുത്. നല്ലൊരു ശതമാനം പേരും വാർത്തയുടെ കൃത്യതയ്ക്ക് പിറ്റേന്ന് പ്രഭാതത്തിൽ പത്രം വരുന്നത് കാത്തിരിക്കാൻ ഇപ്പോൾ തുടങ്ങിയിട്ടുണ്ടെന്ന കാര്യം വിസ്മരിക്കാതിരുന്നാൽ ചാനലുകാർക്ക് നന്ന്.

വേണ്ടാക്കാഴ്ചകളെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയതിൽ കുറച്ചു വർഷങ്ങളായി ചാനലുകൾ വഹിച്ച പങ്ക് സീമാതീതമാണ്. അതിന്റെ ബഹിർസ്പുരണമാണ് ഇപ്പോൾ നാട്ടിൽ നിറഞ്ഞുനിൽക്കുന്നത്.

ഏതാണ്ട് രണ്ടു തലമുറയുടെ ധാർമികാധ:പതനത്തിന് ചാനൽ പിപാടികൾ കാരണമായിട്ടുണ്ടെന്നു പറയാം. അടുത്ത തലമുറയെയെങ്കിലും നമുക്കു രക്ഷിക്കണം. അതിന് ന




# കലപില

അരുൺ ആന്റണി

## ദ് ഫുൾഫിൽമെന്റ് ഓഫ് ഓൾ ഡിസൈർ

റാൽഫ് മാർട്ടിന്റെ ദ് ഫുൾഫിൽമെന്റ് ഓഫ് ഓൾ ഡിസൈർ എന്ന പുസ്തകം ആധ്യാത്മികതയെ ഗൗരവമായെടുക്കുന്നവർ കൂടെക്കരുതേണ്ട ഒരു കൈപ്പുസ്തകമാണ്. കത്തോലിക്കാ കരിസ്മാറ്റിക് ന




വീകരണ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഏറെ വർഷങ്ങളായി പ്രവർത്തിക്കുന്ന ദൈവശാസ്ത്രാധ്യാപകനും അൽമായനും ആയ ഗ്രന്ഥകർത്താവ് ഏഴ് വേദപാരംഗതരുടെ ജീവിതത്തെ ആഴത്തിൽ അപഗ്രഥിച്ച് ആധുനിക കാലത്ത് വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവർക്ക് സഹായകമായ രീതിയിൽ ഗഹനമായ ആത്മീയപാഠങ്ങളുടെ വിശദീകരണം നൽകുകയാണ്. സർവാഭിലാഷ സിദ്ധി എന്ന പേരിൽ റവ.ഡോ. ജോർജ് കുരുക്കൂർ പരിഭാഷപ്പെടുത്തിയിട്ടുള്ള പുസ്തകം ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസിന്റെ അവതാരികയോടെ കാർമൽ ഇന്റർനാഷനൽ പബ്ളിഷിങ് ഹൗസ് പുറത്തിറക്കിയിട്ടുണ്ട്.

## www.ipl.org

ലോകത്തിലെ ഏതു പ്രമുഖ പത്രവും വായിക്കുവാൻ സൗകര്യമുള്ള ഒറ്റ വെബ്സൈറ്റാണ് www.ipl.org സൈറ്റിലെ newspapers and magazines എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ പ്രധാനരാജ്യങ്ങളുടെ പട്ടികയും അവിടത്തെ പ്രമുഖ ദിനപത്രങ്ങളുടെ പേരും ലഭിക്കും. ഇഷ്ടമുള്ള പത്രം തിരഞ്ഞെടുത്തു വായിക്കാം.

## മീറ്റ് പോപ് ഫ്രാൻസിസ്

ഫ്രാൻസിസ് മാർപാപ്പയെ കൂടുതൽ അറിയാൻ സഹായിക്കുന്ന ആനിമേഷൻ വിഡിയോ ആണ് 'മീറ്റ് പോപ് ഫ്രാൻസിസ്'. വെബ് ലോകത്ത് സുവിശേഷ പ്രചാരണ





ത്തിൽ സജീവമായ 'കാത്തലിക് ലിങ്ക്' ആണ് ഈ ഹ്രസ്വചിത്രത്തിന്റെ സൃഷ്ടാക്കൾ. ഇതുവരെ 15 ഭാഷകളിൽ പുറത്തിറങ്ങിയ ഈ ഹ്രസ്വചിത്രം കൂടുതൽ ഭാഷകളിലേക്കും കൂടുതൽ ആളുകളിലേക്കും എത്തിക്കാനുള്ളപരിശ്രമത്തിലാണ് കാത്തലിക് ലിങ്ക് അണിയറ പ്രവർത്തകർ.

www.catholic-link.com
www.facebook.com/catholiclink1
https://twitter.com/catholink

## വിശ്വാസ വെളിച്ചം

ഫ്രാൻസിസ് പാപ്പയുടെ പ്രഥമ ചാക്രിക ലേഖനം വിശ്വാസ വെളിച്ചത്തിന്റെ (ല്യൂമൻ ഫിദേ) മലയാളം പതിപ്പ് പി.ഒ.സി. പ്രസിദ്ധീകരിക്കുന്നു. വിശ്വാസത്തെക്കുറിച്ച് സഭയുടെ ഏറ്റവും പുതിയ ആധികാരിക പ്രബോധനം. വിശ്വാസത്തിൽ ആഴപ്പെടാനും




ശരിയായ രീതിയിൽ വിശ്വാസം പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുവാനും ഏവരും വായിച്ചിരിക്കേണ്ട ഗ്രന്ഥം. ഓഗസ്റ്റ് അഞ്ചിന് പ്രകാശനം ചെയ്യും. കോപ്പികൾക്ക് പി.ഒ.സി.-യുമായി ബന്ധപ്പെടാം.

## കെയ്റോസ് സുഹൃത്തുക്കൾ (FRIENDS OF KAIROS)

പതിനായിരക്കണക്കിന് യുവജനങ്ങളുടെ ജീവിതങ്ങളിൽ നന്മയുടെ ചൈതന്യം പടർത്തി, ദൈവരാജ്യത്തെ വിലപ്പെട്ട ശുശ്രൂഷകരായി അവരെ മാറ്റിത്തീർക്കുന്ന ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിലാണ് കെയ്റോസ് മാസിക പ്രസിദ്ധീകരിക്കുന്നത്. എല്ലാ മേഖലകളിലുമുള്ള യുവജന ജീവിതത്തിൽ സ്വാധീനമാകുക എന്ന ലക്ഷ്യത്തോടെയുള്ള മാധ്യമ ശുശ്രൂഷയാണിത്. ചിലവുകൾ കുതിച്ചുയരുന്ന ഇക്കാലഘട്ടത്തിൽ അനേകരുടെ കരുതലും സ്നേഹവുമാണ് കെയ്റോസിനെ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നത്. ഇത്തരത്തിൽ കെയ്റോസ് മാസികയെ സാമ്പത്തികമായി സഹായിക്കുന്നവരുടെ കൂട്ടായ്മയാണ് കെയ്റോസ് സുഹൃത്തുക്കൾ (Friends of Kairos) എന്ന പേരിൽ അറിയപ്പെടുന്നത്. 200 രൂപാമുതൽ 500, 1000 എന്നിങ്ങനെ വിവിധ തുകകൾ നൽകി, ഓരോ മാസവും കെയ്റോസിനെ സഹായിക്കുന്നവരെ സ്നേഹത്തോടും കൃതജ്ഞതയോടും കൂടിയാണ് ഞങ്ങൾ സ്മരിക്കുന്നത്. കെയ്റോസിലൂടെ നടക്കുന്ന യുവജന ശുശ്രൂഷയെ സാമ്പത്തികമായി സഹായിക്കാൻ കെയ്റോസിന്റെ ഓരോ വായനക്കാരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

വിശദാംശങ്ങൾക്കായി ബന്ധപ്പെടുക: കെയ്റോസ്, HMT Colony P.O., എറണാകുളം - 683 503
Email: kairosmag@gmail.com Phone: 94479 26098 (ടോമി തോട്ടുങ്കൽ)

## കെയ്റോസ് നൈറ്റ് വിജിൽ

ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ. നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ ഞങ്ങളെ അറിയിക്കൂ. മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ 6 മണി മുതൽ 12 മണി വരെ. കെയ്റോസ് വായനക്കാരെയും നേരിട്ടോ, അല്ലാതെയോ, കെയ്റോസ് വിജിലിൽ പങ്കുചേരാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. വിശദാംശങ്ങൾക്കായി വിളിക്കുക. ജാൻസൺ അറയ്ക്കൽ, മൊബൈൽ: 9847538140. പ്രാർഥനാവശ്യങ്ങൾ അറിയിക്കാൻ വിളിക്കുക/ഈമെയിൽ അയക്കുക: kairosnightvigil@gmail.com

## യൂത്ത് റിട്രീറ്റ്

ആത്മീയാഘോഷത്തിന്റെ മൂന്ന് ദിനങ്ങൾ...
യുവത്വത്തിന്റെ തിളക്കമാർന്ന ജീവിതശൈലി യേശുവിൽ രൂപപ്പെടുത്താനൊരവസരം.
തീയതി: ആഗസ്റ്റ് 8-ന് വൈകുന്നേരം 6.00 മുതൽ 11-ന് ഉച്ചയ്ക്ക് 2.00 വരെ

**ആലുവ വിമൽ ജ്യോതി റിന്യൂവൽ സെന്ററിൽ.** ഫീസ്: ₹ 450
ആലുവ - പെരുമ്പാവൂർ പ്രൈവറ്റ് റൂട്ടിൽ നാലാം മൈൽ സ്റ്റോപ്പ്

**ജീസസ് യൂത്ത് കേരള ടീം ധ്യാനം നയിക്കുന്നു.** ഫോൺ: 94953 46906 / 98953 71709 / 0484 2555980

KAIROS Reg No: RNI No. KERMAL/2002/12027 ₹15.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512